α

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# കനൽക്കട്ടകൾ

NATIONAL BOOK STALL
SPCS
LTD.
BR. KOTTAYAM

എം. എസ്. ബുക്കുഡിപ്പോ, കൊല്ലം.

M/f3

# KANALKKATTAKAL

(A NOVELETTE)

By

**T. N. Krishna Pillai**

First Impression July '58

*Rights Reserved*

Cover:

Design — V. M. Balan
Blocks — Quilon Blocks
Printing — S. T. R. Ekm.

Publishers:

Hansom Books, Quilon.

Distributors

M. S. Book Depot, Quilon.

**Price Rs. 1—50.**

No: 11026

# കനൽക്കട്ടകൾ

ടി. എൻ. കൃഷ്ണപിള്ള

## ടി. എൻ. കൃഷ്ണപിള്ളയുടെ കൃതികൾ

മെഴുകുപ്രതിമകൾ

മൊട്ടത്തല

കഴുകന്മാർ

കനൽക്കട്ടകൾ

ലഹരി

## പരിഭാഷകൾ

മദ്യശാല

കളങ്കം

രക്തയക്ഷി

പച്ചോന്തു്

വെറുക്കപ്പെട്ടവൾ

ഒരു കാമുകിയുടെ ജീവിതം

ആറാംനമ്പർ വാർഡു്

താരാസ്‌ ബുൾബാ

പാവപ്പെട്ടവർ

Printed at Assisi Press, Quilon. Copies 1000.

No. 11084.
THE KOTTAYAM PUBLIC LIBRARY
KOTTAYAM.

കരുതിക്കൂട്ടിയല്ലാതെ എഴുതിയ ഒരു കഥയാണു്, 'കനൽക്കട്ടകൾ'. 'കൗമുദി' വാരികയിൽക്കൂടി ഈ കഥ പുറത്തുവന്നു; നിരാശപ്പെടേണ്ടിവന്നില്ല. പുസ്തകമായപ്പോൾ സ്നേഹഭരിതമായ ഒരു ഹൃദയം ഞാൻ മുന്നിൽ കാണുന്നുണ്ടു്. നന്ദിവാക്കുക ളോടു വിരസത കാട്ടുന്നവരെ ബദ്ധപ്പെടുത്തരു തെന്നു കരുതി ഞാനതിനു മുതിരുന്നില്ല.

ടി. എൻ. കൃഷ്ണപിള്ള.

# കനൽക്കട്ടകൾ

ചിറകൊടിഞ്ഞ ഇണപ്പറവ

നാമ്പെട്ടുത്തു തഴയ്ക്കുന്ന കൂരിരുട്ട്

കിനാവിൻെറ മൊട്ടുകൾ

വെളിച്ചം മാഞ്ഞ മിന്നാമിനുങ്ങ്

വ്യാമോഹത്തിൽനിന്നു പിറന്ന ചെകുത്താൻ

ചിതയിൽ നിന്നുയന്ന കുളിർകാററു്

ചിതറിപ്പോയ ആത്മാക്കൾ

# ചിറകൊടിഞ്ഞ ഇണപ്പറവ

നക്ഷത്രങ്ങളുടെ കണ്ണുപൊത്തികളിക്കുന്ന ഒരു വെൺമേഘശകലത്തെ നോക്കി, മുല്ലപ്പൂക്കളിലിരുന്നു മിന്നാമിനുങ്ങുകൾ പുഞ്ചിരിച്ചു. പകൽ മഴവില്ലണിഞ്ഞ കപോലത്തോടെനിന്ന നീലാകാശം നിശയിലെ മോടിയിൽ ഒട്ടൊരു ഗർവ്വോടെ, മണ്ണിന്റെ ദാഹം തീർക്കുന്നതിനു നിലാവും മഞ്ഞുതുള്ളികളും ചൊരിഞ്ഞുകൊണ്ടിരുന്നു. മണ്ണിന്റെ നിശ്വാസം മുല്ലപ്പൂക്കളിൽക്കൂടി പുറത്തുവന്നു സുഗന്ധം പരത്തുന്നു. ചെന്തെങ്ങിന്റെ മാതൃത്വം വഹിക്കാൻ കഴിയുന്ന മണ്ണ്, നക്ഷത്രസമ്പത്തിൽ തെളിയുന്ന വാനിന്റെ നേരെ ഒട്ടും എളിമത്തബോധമില്ലാതെ നോക്കി അഭൗമമായ ശാന്തി പുണന്നു നില്ക്കുകയാണ്.

കതിരണിഞ്ഞ പാടങ്ങളും മഞ്ഞതണിഞ്ഞ ആമ്പൽ പൂക്കളും കാറ്റിനോടു സല്ലപിച്ചുകൊണ്ടിരിക്കുമ്പോൾ പൂത്തു നില്ക്കുന്ന കുടമുല്ലയുടെ ഭാരം താങ്ങാനുള്ള കഴിവുകേടുകൊണ്ട്

വിളഞ്ഞും, അതിനെ കൈവിടാനുള്ള മനസ്സില്ലായ്മകൊണ്ടു വിറച്ചും നില്ക്കുന്ന കിളിമരത്തിൻെറ ചുവട്ടിലെ മിന്നുന്ന മണ്ണിൽ അപൂൎണ്ണമായ ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്ന രജനിയുടെ ഹൃദയം അക്ഷമമായി കഴിഞ്ഞിരുന്നു. നിറഞ്ഞ നിലാവിൽക്കൂടി അടുത്തുവരുന്ന ഒരു രൂപത്തിനുവേണ്ടി അക്ഷമയായിരിക്കുമ്പോൾ അവളുടെ കവിൾത്തടത്തിലെ നേൎത്ത ഞരമ്പുകൾ നുണക്കുഴിക്കുചുററും കൊച്ചലകൾ സൃഷ്ടിക്കുന്നതുപോലെ നിന്നു തുടിച്ചു. ദാഹാൎത്തമായ മിഴികളെ മറച്ചുകൊണ്ടു നേൎത്ത കാററിൽ നൃത്തംവയ്ക്കുന്ന കുറുനിരകളെ വകുന്നുമാററിയിട്ട് അവൾ തടവിൽ കുടുങ്ങിയ നെടുവീൎപ്പുകളുടെ ഭാരത്താൽ വിങ്ങുന്ന ഹൃദയത്തിൽ കരതലമമൎത്തി.

നിമിഷങ്ങൾ നീങ്ങുമ്പോൾ തന്നെ ഉല്ക്കണ്ഠാകുലമായിക്കൊണ്ടിരുന്ന, അവളുടെ ലഹരിപിടിച്ച ഹൃദയം ഭാവിയുടെ പാതയിൽ വിരിക്കാനുള്ള കസവുകമ്പളം നെയ്യുകയായിരുന്നു.

പ്രതീക്ഷകളുടെ അടഞ്ഞ കവാടത്തിനുമുൻപിൽ അവളുടെ ഹൃദയം മൂൎച്ഛിച്ചുവീണുകിടന്നതാണ്. അതിൽ നിന്നും ഒരിക്കലും ഉണരുകയില്ലെന്നു തോന്നിയിരുന്നു. ശപിച്ചുകൊണ്ടിരുന്ന ഹൃദയം ഏതുനിമിഷത്തിലും അതവസാനിപ്പിച്ചുകൊള്ളുമെന്നാശിച്ചിരുന്നതുമാണ്. ആ നിമിഷത്തിനുവേണ്ടി അവൾ കാത്തിരിക്കുകയുമായിരുന്നു. പക്ഷേ തികച്ചും അവിചാരിതമായി പനിനീൎപ്പൂവിൽ തത്തിനിന്ന മഞ്ഞുതുള്ളി വീണുകുളുൎത്ത പൊള്ളുന്ന മണ്ണുപോലെ, അവളുടെ ഹൃദയത്തിൽ ഉന്മത്തമായ ആനന്ദം വൎഷിച്ചുകൊണ്ട്

No. 1026



ഒരു വാൎത്ത ലഭിച്ചു. അതോടെ ഹൃദയകവാടം വെള്ളിമണി കിലുങ്ങികൊണ്ടു തുറന്നു. തന്നെ പ്രാപിക്കാനായിവരുന്ന ദേവനുവേണ്ടി അവളുടെ കരളു് കതിർമണ്ഡപവും ഒരുക്കി വച്ചുകൊണ്ടു കാത്തുനിന്നു. അപ്പോൾ അതുവരെയുള്ള ഹൃദയത്തിന്റെ മൂർച്ഛിതാവസ്ഥയെപ്പററി ചിന്തിക്കുക ഉല്ലാസകരമായിരുന്നു.

എന്നാണതാരംഭിച്ചതു്?

ഇതുപോലൊരു നിശയിലാണു്...

അന്നും മഴവില്ലു മാഞ്ഞപ്പോൾ നക്ഷത്രങ്ങളെ വാരിപ്പുണർന്നുകൊണ്ടു് നീലാകാശം നിർമ്മലദ്യുതി വിതറിനിന്നു. കാമുകസങ്കേതത്തിലേക്ക് ഒളിച്ചുപോകുന്ന ഹംസകാമുകിയെപ്പോലെ ഒരു മേഘശകലം നീന്തിനീങ്ങുന്നുമുണ്ടായിരുന്നു.

പാതിരയ്ക്കു വിടൎന്ന പാലപ്പൂക്കളുടെ ലഹരിപിടിപ്പിക്കുന്ന മണം എങ്ങും നിറഞ്ഞുനിന്നു. മഞ്ഞിന്റെ കുളുർമ്മയണിഞ്ഞുനിന്നു കണ്ണുചിമ്മുന്ന മണ്ണിൽക്കൂടി അവൾ ആ മുല്ലക്കാടിനു താഴെ കാത്തിരിക്കുന്ന അയാളുടെ അരികിലെത്തി പിറകിൽ മുട്ടുകുത്തിയിരുന്നു് ആലിംഗനം ചെയ്തുകൊണ്ടു് അവൾ കാമുകന്റെ ചുരുണ്ട മുടിയിൽ അധരങ്ങളമർത്തി. ആ ചുംബനം അവസാനിപ്പിക്കാതെതന്നെ താൻ വൈകിപ്പോയതിനെപ്പററി അവൾ പറഞ്ഞു, ക്ഷമായാചനംചെയ്തു.

അയാൾ മൂകനായിരുന്നു അതൊരഭിനയമാണെന്നു തോന്നിയ അവൾ അയാളെ ചിരിപ്പിച്ചു തോല്പിക്കാനായി മടിയിലേക്കു മറിഞ്ഞു, കഴുത്തിൽ കൈകൾ ചുററിക്കൊണ്ടു

മിഴികളിലേക്കു നോക്കി. ആ നിമിഷം മരവിച്ചുനിന്നു പോയി. ആദ്യമായി അയാളുടെ നയനങ്ങൾ നിറഞ്ഞിരിക്കുന്നതായി കണ്ടു് അവൾ പിടഞ്ഞെഴുന്നേററു. കാമുകൻെറ കവിൾത്തടം കൈവെള്ളകളിലാക്കിപ്പിടിച്ചുകൊണ്ടു് അവൾ ചോദിച്ചു:

"എൻെറ ചന്ദ്രാ എന്താണിതു്?"

അയാൾ പുഞ്ചിരിച്ചു. ആ ചിരി അവളെ കൂടുതൽ സംഭ്രമാധീനയാക്കുന്നവിധം കരുണമായിരുന്നു. നിറഞ്ഞുവിതുമ്പുന്ന കാമുകൻെറ മിഴികൾ തുടച്ചുകൊണ്ടു് അവൾ തൻെറ ചോദ്യം ആവത്തിച്ചു. അവളുടെ അമ്പരപ്പുകൊണ്ടു കൂടുതൽ ദുർബലനായ അയാൾ ഒടുവിൽ ശ്രമപ്പെട്ടു ചോദിച്ചു:

"നമുക്കൊരുമിച്ചു ജീവിക്കണ്ടേ തങ്കം?"

"ഇതാണോ കാര്യം?" അവൾ അയാളെ തോല്പിക്കാൻ കഴിയുന്ന ലഘു ചിത്തതയോടെ ചിരിച്ചു.

പക്ഷേ ആ പുഞ്ചിരി അയാളുടെ വിഷാദാത്മകത്വം തുത്തെറിയാൻ കരുത്തുള്ളതായില്ല. തൻെറ പരാജയം മനസ്സിലാക്കിയ അവളുടെ ഹൃദയം സഹതാപപൂർണ്ണവും വേദനാഭരിതവുമായി. എങ്കിലും ഉല്ലാസം കൈവെടിയാതെ അവൾ അയാളുടെ മടിയിൽ തലചേർത്തുകിടന്നുകൊണ്ടു് മധുരമായ പരിഹാസവും ഹൃദ്യമായ പരിഭവവും വിതുമ്പിനില്ക്കുന്ന സ്വരത്തിൽ കുററപ്പെടുത്തി:

"എന്തെങ്കിലുമൊക്കെ ചിന്തിച്ചു മനസ്സു പുണ്ണാക്കാത്ത ഒരു ദിവസമില്ല."

അയാൾ നെടുതായി ഒന്നു നിശ്വസിച്ചു. തന്റെ പ്രസ്താവനയെ നിഷേധിക്കാൻ തുനിയാത്ത അയാളുടെ ഹൃദയഭാരം അസാധാരണമായി വർദ്ധിച്ചിട്ടുണ്ടെന്നറിഞ്ഞ അവൾ യാചനാസ്വരത്തിൽ ചോദിച്ചു:

"എന്തിനാണിതൊക്കെ ചിന്തിക്കുന്നതു്?"

"നിന്നെ സ്നേഹിക്കുന്നതുകൊണ്ടു്!"

അയാൾ ഉൽക്കടമായ പരാജയബോധംകൊണ്ടു നിരാശ സ്ഫുരിക്കുന്ന സ്വരത്തിൽ പറഞ്ഞു.

അയാളുടെ വേദനകളുടെ കാരണമറിയാവുന്ന അവൾ മൂകയായിരുന്നു.

"എല്ലാം അവിവേകങ്ങളായിരുന്നു."

അതു സമ്മതിച്ചുകൊടുക്കാൻ അവൾ തയാറില്ലായിരുന്നു. സ്വപ്നബദ്ധമായ ഹൃദയത്തിൻെറ പ്രേരണയാൽ വാചാലയായ അവൾ അയാളുടെ ധൈര്യക്കുറവിനെ പഴിക്കുകയായിരുന്നു.

"ഈ ശുഭാപ്തിവിശ്വാസം നല്ലതാണ്. പക്ഷേ നമുക്കു കുട്ടികളുണ്ടാകും—"

"വേണ്ടെന്നാരുപറഞ്ഞു!" നാണംകൊണ്ടു ശിരസ്സു കുനിയുന്നതിനു മുൻപവതരിച്ച പുളകപ്രകർഷത്തിൻെറ മധുരിമ പുരണ്ട സ്വരത്തിൽ അവൾ കടന്നുപറഞ്ഞു.

"അവരോടുള്ള കടമകഠം നിവ്വഹിക്കാൻ കഴിവില്ലാതെ വന്നാൽ—"

"അതുകൊണ്ട്?"

"നീ കാത്തിരിക്കുമോ?"

"ഇത്രേയുള്ളോ?"

അയാഠംക്ക സമാധാനമായി. അയാഠം പരിപാടികഠം വിശദീകരിക്കാൻ തുടങ്ങി. അയാളുടെ ശുഭാപ്തിവിശ്വാസത്തിന്ന കോട്ടംതട്ടാതിരിക്കുവാനുള്ള കരുതലോടെ നീറുന്ന ഹൃദയത്തിൻെറ നെടുവീപ്പുകഠം ഉയൻപോകാതിരിക്കാനുള്ള ശ്രദ്ധയോടെ അവഠം കേട്ടുകൊണ്ടിരുന്നു. എങ്കിലും വേർപാടുനേരത്തു ചുംബിച്ച അയാളുടെ അധരങ്ങളിൽ അവളുടെ കണ്ണീരു പററിയിരുന്നു.

അയാഠം പോയി.

അവഠം കാത്തിരുന്നു. അഞ്ചു വസന്തങ്ങഠം കാലത്തിൻെറ ആത്തിക്ക ഭക്ഷണമായി.

അവഠം തഴച്ചുവളരുന്ന ആ മുല്ലപ്പടപ്പിലേക്ക നോക്കിയിരുന്നു ജീവിച്ചു. ബന്ധുക്കളുടെ പ്രേരണകളെ ചെറുത്തുനില്ക്കാനുള്ള കെൽപ്പ് അവഠംക്കതിൽനിന്നും ലഭിച്ചിരുന്നു...

ഒടുവിൽ അയാഠം മടങ്ങിവന്നിരിക്കുകയാണ്. അവളുടെ പ്രതീക്ഷകഠം പൂവണിയാൻ പോകുന്നു. നിലാവൃനിറഞ്ഞ നിശ...മുല്ലപ്പൂമണം തത്തിനില്ക്കുന്ന ആ സന്ദോതത്തിൽ കാത്തിരിക്കുമ്പോഠം തങ്ങഠംക്ക ജനിക്കാനിരിക്കുന്ന കുട്ടികളെപ്പററിയുള്ള ചിന്തകൊണ്ടു നാടുവിട്ട കാമുകൻെറ

കഴുത്തിൽ ചുററിനിന്നു പുഞ്ചിരിക്കാൻ അവളുടെ ഹൃദയം വെമ്പൽകൊള്ളുകയാണ്.

പക്ഷേ അയാളുടെ ചുംബനത്തിനുമാത്രം ഉണർത്താൻ കഴിയുന്ന ഒരാത്മവിസ്മൃതിയിൽ ആണ്ടിരുന്ന അവളുടെ കണ്ഠത്തിൽ അയാളുടെ നെടുവീർപ്പും രണ്ടിററു തിളച്ച കണ്ണീരുമാണ് സ്പർശിച്ചതു്.

അവൾ ഞെട്ടിത്തിരിഞ്ഞു് അയാളുടെനേരെ നോക്കി. ആകർഷകതപത്തിന്റെ കാളിമ ചാർത്തിക്കൊണ്ടു വദനം ഇരുണ്ടിരിക്കുന്നു. കരങ്ങളിലെ മൃദുലത മാഞ്ഞിട്ടുണ്ടു്. നെററിയുടെ വീതി ഏറിയിരിക്കുന്നു. പ്രകാശംകുറഞ്ഞ മിഴികൾക്കുചുററും ഇരുണ്ട നിഴലുകൾ പടന്നു പററി നില്ക്കുന്നു.

"എൻെറ ചന്ദ്രാ!"

അവൾ അയാളുടെ കഴുത്തിൽ കരങ്ങൾ ചുററി.

അവൾ എന്തൊക്കയോ ചോദിച്ചു. വാചാലത മറന്ന അയാളുടെ വിശദീകരണവൈമുഖ്യത്തിൽ ഉല്ലണ്ഠപ്പെടുന്ന അവൾക്കു ഭ്രാന്തുപിടിക്കുമെന്നുതോന്നി. അവൾ അയാളുടെ മാറിടത്തിലൂടെ ചുററിപ്പിടിച്ചുകൊണ്ടു് മിഴികളിലേക്കു നോക്കിനിന്നു പറഞ്ഞു:

"എന്തെങ്കിലും പറയൂ!"

വിധി കാത്തുനില്ക്കുന്നവളുടെ അക്ഷമയോടെ അവൾ നിന്നു നീറുകയാണ്. അയാൾ നിർവ്വികാരനെപ്പോലെയും.

"നിനക്കെന്നെ മറക്കാമോ രജനീ?"

അവളുടെ ഹൃദയം ഒരു കുടത്തിനുള്ളിൽ കിടന്ന് ആയത്തിൽ കുതിക്കുന്ന റബ്ബർ പന്തുപോലെ ശബ്ദിക്കാൻ തുടങ്ങി. ഒരു ശത്രുവിനെ നേരിടുന്നതുപോലെ അവൾ ചോദിച്ചു:

"ഈ ജന്മത്താണോ?"

"നാം സ്നേഹിച്ചുകൂടായിരുന്നു."

അയാളുടെ വിഷാദാത്മകത്വത്തിൻെറ പൊരുളറിയാൻ കഴിയാതിരിക്കുമ്പോൾ തനിക്കെപ്പോഴുമുള്ള സ്വാതന്ത്ര്യം ഉപയോഗിച്ചു പരിഹസിക്കുന്നതുപോലെ അവൾ പറഞ്ഞു:

"ഓ, ചന്ദ്രൻ ഒട്ടും മാറിയിട്ടില്ല."

"കഷ്ടം!" അവളുടെ വിശ്വാസത്തിൽ അയാൾക്കു സഹതാപമാണ് തോന്നിയത്.

"നമുക്കെവിടെയെങ്കിലും പോകാം. ഇരന്നാണെങ്കിലും ഒരുമിച്ചു ജീവിക്കാം."

അതിനയാൾ മറുപടി പറഞ്ഞില്ല ആഴ്ന്ന ചിന്തയ്ക്കുശേഷം ഉരുവിട്ട പോംവഴി തിരുത്താൻ അയാൾക്കു കഴിയുമായിരുന്നില്ല.

അയാളുടെ ചുണകേടിൻെറ നേരെ അരിശവും തൻെറ ഗതികേടിൽ വേദനയും താങ്ങാനാവാതെവന്ന അവൾ തേങ്ങിക്കരഞ്ഞു. ആ കണ്ണീരു ചുംബിച്ചെടുക്കാൻ തുനിയാതെ അയാൾ മാറിനിന്നു നെടുവീർപ്പിട്ടുകൊണ്ട്, അധരങ്ങൾ കടിച്ചമർത്തി.

തുറന്നുകാണാൻ യാതൊരു മാർഗ്ഗവുമില്ലെന്നുറപ്പു ണ്ടായിരുന്നിട്ടും അയാൾ ചിന്തിക്കുകയായിരുന്നു. ഒടുവിൽ അയാൾക്കു കരയാൻമാത്രമേ കഴിഞ്ഞുള്ളു. അവളെ ആ ശ്വസിപ്പിക്കാൻകഴിയുന്ന വാക്കുകൾക്കുവേണ്ടി പരക്കംപാ യുന്ന ആത്മാവിൻെറ പിടച്ചിൽ അയാളെ ദുർബലനാക്കുന്നു ണ്ടായിരുന്നു. നിസ്സഹായതയുടെ പ്രതീകമായി അവളുടെ മുന്നിൽ നില്ക്കാൻ ബാദ്ധ്യസ്ഥനാക്കുന്ന പരാധീനത അയാളെ നീററി. അയാളുടെ വൈവശ്യം ഗ്രഹിച്ചു അവൾ പറഞ്ഞു:

"ഞാൻ അഞ്ചുവർഷം കാത്തിരുന്നു."

"ഞാനതാവശ്യപ്പെട്ടിട്ടുകൂടായിരുന്നു."

ഉല്ക്കണ്ഠയോടെ കാത്തുനിന്ന അവളുടെ മിഴികൾ ആ മറുപടി കേട്ടു തീവ്രവേദനയുടെ പാടമൂടി.

അവളുടെ ഹൃദയത്തിൻെറ ഉപരിതലം ഉറഞ്ഞുതു ടങ്ങി. ബുദ്ധി പതറിനില്ക്കുകയും, നാവു നിശ്ചലമായിരു ന്നതുമില്ല. അവൾ ഓരോ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊണ്ടി രുന്നു. ഒന്നും അയാൾക്കു സ്വീകാര്യമായില്ല.

ഒടുവിൽ അവളുടെ നിരാശ അരിശമായി. ഒരിക്ക ലും പരിചയിച്ചിട്ടില്ലാത്ത സ്വരത്തിൽ അവൾ മുരണ്ടു:

"നിങ്ങൾ എന്നെ രക്ഷിക്കുകയില്ലേ?"

അതിനയാൾ മറുപടി പറഞ്ഞില്ല. അവളുടെ മി ഴികളെ നേരിടാൻ കരുത്തില്ലാതെ സുഗന്ധംനശിച്ച മുല്ലപ്പൂ ക്കൾ അംഗുലികൾക്കിടയിലിട്ടു മർദ്ദിച്ചുകൊണ്ടുനിന്ന അയാളു ടെ നട്ടെല്ലു പിടയുകയായിരുന്നു.

അവളുടെ കരളിൽനിന്നതിന്ന ചുട്ടുപഴുത്ത വാക്കുക ളുടെ വാണങ്ങൾ അയാളുടെ ആത്മാവിലേക്കു ചീറിവീഴാൻ തുടങ്ങി. അവസാനമായി അവൾ ആക്രോശിച്ചു:

"നിങ്ങൾ ഒരു ചുണകെട്ടവനാണ്."

അയാൾ ചിരിച്ചു. അവളെ അരിശം പിടിപ്പി ക്കാനും, അങ്ങിനെ തന്നിൽനിന്നും അകററി വിധിയോടു വിധേയത്വം കാട്ടാൻ പരുവപ്പെടുത്തി വിടുന്നതിനും അയാൾ ആഗ്രഹിച്ചു. അതേതാണ്ടു ഫലിച്ചു എന്നു സമാധാനി ക്കാൻ അയാൾക്കു കഴിയുകയും ചെയ്തു.

"ഞാൻ പോകുന്നു!" അവൾ ഉപസംഹരിച്ചു.

ആ സ്വരത്തിൽ നിറഞ്ഞുനിന്ന നിരാശ അയാളെ കണ്ണീരിൽ മുക്കിക്കൊല്ലാൻ കരുത്തുള്ളതും അതേസമയം ആ ശ്വാസസൂചകവുമായിരുന്നു.

പക്ഷേ നാലുനിമിഷംകൂടി കാത്തുനിന്നിട്ടാണ് അ വൾ പോയതു്. അയാൾ തന്നെ തടയുമെന്നവൾ പ്രതീ ക്ഷിച്ചിരിക്കണം. എന്നാൽ അതുമാത്രം സംഭവിച്ചില്ല.

അവൾ പോയി.

അയാൾ അവിടെ തന്നെ കുമ്പിട്ടിരുന്നു. ഇച്ഛ ക്കു വിപരീതമായി മിഴികൾ നിറഞ്ഞു വിതുമ്പി.

ആ ഭാഗത്തേക്കു നോക്കരുതെന്നു് അരിശത്തോ ടെ ഉറച്ചു കൊണ്ടാണു് അവൾ തന്റെ അറയിൽ കടന്ന തു്. പക്ഷേ മിഴികൾ ദാഹാർത്തമായിരുന്നു. അയാൾ

ആ മുല്ലപ്പടപ്പിനു താഴെയുള്ള പൂഴിയിൽ കണ്ണീരിൻെറ കടലൊഴുക്കുകയാണെന്നു ഗ്രഹിക്കാൻ അവൾക്കു ശ്രമപ്പെടേണ്ടിയിരുന്നില്ല.

അഞ്ചുവഷത്തിൻശേഷം ഇതു പറയാനായി മടങ്ങി വരേണ്ടിയിരുന്നില്ല. അയാൾക്കും അവൾക്കും അങ്ങിനെ തോന്നിയിരുന്നു.

ദുസ്സഹമായ ആ ചിന്തകൊണ്ടു തളൎന്നുപോയ അവൾ കട്ടിൽകാലിൽ ചുററി പിടിച്ചു മുട്ടുകുത്തി ഉപധാനത്തിൽ കവിൾത്തടം ചേൎത്തുനിന്നു തേങ്ങി കരഞ്ഞു.

നിമിഷങ്ങൾ നീങ്ങി, മരവിച്ച മണിക്കൂറുകൾ കൊഴിഞ്ഞു. അവൾ എഴുന്നേററു ജനാലയ്ക്കടുത്തു ചെന്നു.

അയാൾ അകന്നകന്നു പോകുന്നു, ചിറകൊടിഞ്ഞ പറവ പതറി നീങ്ങുന്നതുപോലെ.

പാടത്തിൻ നടുക്കുള്ള, നിലാവിൻെറ കസവു കച്ചയണിഞ്ഞു നിൽക്കുന്ന ആമ്പൽ പൊയ്കയ്ക്കടുത്ത് അയാൾ നിന്നു. മിന്നാമിനുങ്ങുകളുടെ ചുംബനമേററു വിടൎന്ന ആമ്പൽപൂക്കളെ നോക്കിനിന്ന് അയാൾ തൻെറ അധരങ്ങളുടെ മധുരിമയെപ്പററി കവിത നെയ്തിട്ടുള്ള നിശകളിലെ പുളകങ്ങളുടെ സ്മരണ അവളെ കരയിച്ചു. അയാൾക്കുവേണ്ടി യുഗങ്ങളോളം കാത്തിരിക്കാൻ താൻ ഒരുക്കമാണ്. ആ മാൎഗ്ഗം മാത്രം നിൎദ്ദേശിക്കാൻ വിട്ടുപോയി. കാത്തിരുന്നു മിഴികൾ നരയ്ക്കട്ടെ. തൊലി ചുക്കിച്ചുളിയ

ട്ടെ, എങ്കിലും അതാണു ജീവിതം. മററൊന്നും ജീവിതമാവുകയില്ല.

ആത്മനിയന്ത്രണം അവളുടെ ബുദ്ധിയുടെ പരിധികൾക്കപ്പുറമായി. വാതിൽ വലിച്ചു തുറന്ന് അവൾ മുററത്തേക്കു കുതിച്ചിറങ്ങി. പാടത്തിൻെറ നടുക്കുള്ള വഴുതുന്ന വരമ്പിലൂടെ അവൾ ഓടി. പാടം അവസാനിക്കുന്നിടത്തുള്ള തോട്ടുവരമ്പിൽ പൂത്തുനില്ക്കുന്ന കാട്ടുകൈതയ്ക്കപ്പുറത്തെത്തി കഴിഞ്ഞ ആത്മനാഥൻെറ പാദങ്ങളെ പിടിച്ചു നിത്താൻവേണ്ടി ആത്മാവു കരങ്ങൾ നീട്ടിയിരിക്കുമ്പോൾ അവളുടെ കാഴ്ച നഷ്ടപ്പെട്ടതുപോലെ തോന്നിച്ചിരുന്നു.

അനന്തതയിൽ തറച്ചു നിറുത്തിയ മിഴികളോടെയുള്ള ഓട്ടത്തിൽ അവളുടെ പാദങ്ങൾക്കു വലിയ ഉത്തരവാദിത്വമൊന്നുമില്ലായിരുന്നു. ഉന്മാദമഗ്നമായ ആ നിമിഷത്തിൽ അവൾ കാലിടറി ആ പൊയ്കയിൽ വീണു.

ആമ്പൽ പൂക്കൾക്കിടയിലെ തെളിനീരിൽ പ്രതിഫലിച്ചിരുന്ന പഞ്ചമിചന്ദ്രൻ ഒന്നാടിക്കുഴഞ്ഞിട്ട്, അദൃശ്യനായി.

---

# നാമ്പെടുത്തു തഴയ്ക്കുന്ന ക്രൂരിരുട്ട്

വാരങ്ങൾതന്നെ കഴിഞ്ഞതാണ് അവൾക്കോമ്മ വീണതു്. താൻ മരിച്ചു ജീവിക്കുകയായിരുന്നു എന്ന് അവൾ അറിഞ്ഞു. സ്മരണയിൽ മാറാല വീണപോലു ണ്ടായിരുന്നു. ഒന്നും ഓർക്കാൻ കഴിയുന്നില്ല. ഭൂതകാലം ഇരുട്ടറയിൽ കുടുങ്ങിനിന്നു കനത്ത വാതിലിൽ ശിരസ്സിട്ട ടിച്ചുകൊണ്ടു് എന്തൊക്കെയോ വിളിച്ചു കൂവുന്നുണ്ടു്. അ തിന്റെ മുഴക്കം മാത്രം കേൾക്കാം. എന്താണെന്നു വ്യ ക്തമല്ല.

മരുന്നുകളുടെ ഗന്ധം മാറാതെ നില്ക്കുന്ന അറയിൽ കിടന്നുകൊണ്ടു് അവൾ ഓക്കും. നട്ടുനിശയിൽ താൻ ആ പൊയ്ക്കയുടെ നേക്കു പാഞ്ഞതെന്തിനാണെന്നു തിട്ടം വരുത്താൻപോലും കഴിയാത്തവിധം അവളുടെ ഹൃദയം നിരുത്സാഹപൂർണ്ണമായിരുന്നു. പറഞ്ഞു കേൾക്കുന്നതൊ ക്കെ പതിയുന്ന മനസ്സ് അടുത്തനിമിഷം എഴുതാത്ത പ

നയോലപോലെ ശൂന്യമായിത്തീരും. ആ ശൂന്യതയ്ക്കു ഭാരമുണ്ടെന്നു തോന്നി. അതവളെ കൂടുതൽ പരിക്ഷീണ യാക്കി, രോഗശയ്യയിലെ ജീവിതത്തിന്റെ കാലയളവു വർദ്ധിപ്പിച്ചു.

നാളുകൾ നീങ്ങി. അനുസരിക്കാൻ മാത്രമറി യാവുന്ന ഒരു മാനസികാവസ്ഥയിലെത്തിയ അവൾ കൃത്യ മായി മരുന്നുകഴിച്ചു കൊണ്ടിരുന്നു. നിർദ്ദേശങ്ങൾ അനുസ രിച്ചു വന്നു. അവളുടെ അവശതകൾ അകന്നു. എഴു ന്നേററു നടക്കാമെന്ന നിലയിലുമായി.

സമർത്ഥനായ ഒരു വ്യവസായ പ്രമുഖന് അവി ചാരിതമായുണ്ടായ തകർച്ചയിൽനിന്നും കരകയറാൻ ഒരു തുണ ആവശ്യമായിരുന്നു. അയാൾ അവളുടെ രക്ഷിതാ ക്കളെ സമീപിച്ചു. ആലോചനകൾ മുറുകി. കരാറുകൾ പരസ്പരം സമ്മതിച്ചു.

അയാൾ അവളെ കാണാൻ വരികകൂടി ചെയ്തി രുന്നില്ല. തന്നെ വല്ലാതെ അലട്ടിയിരുന്ന വൈഷമ്യങ്ങ ളിൽനിന്നുമുള്ള മോചനം സുനിശ്ചിതമാക്കുന്ന കരാറുകൾ ഉണ്ടായപ്പോൾ അയാൾക്ക് അവൾ പ്രാധാന്യം കുറഞ്ഞ ഒരു കാര്യം മാത്രമായിരുന്നു.

അവളുടെ വിവാഹം നടന്നു. വരണമാല്യത്തിനു കഴുത്തു നീട്ടാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾപോലും അടു ത്തിരിക്കുന്ന മനുഷ്യനെപ്പററി അവൾക്കു ചിന്തയില്ലായി രുന്നു. അയാൾ ആരും ആയിക്കൊള്ളട്ടെ. എത്ര നല്ലവ

ൻെറ നേരെയും അവളുടെ ആത്മാവു മിഴി തുറക്കുകയില്ല. വരണമാല്യം വീണു. വായ്ക്കുരവയും വാദ്യഘോഷങ്ങളും മുഴങ്ങി. വെള്ളിവിളക്കുകൾ പുഞ്ചിരിച്ചു. അവളുടെ കരളിൽമാത്രം ഘനീഭവിച്ച ഇരുള് നിറഞ്ഞു നിന്നിരുന്നു. ആരോ ആജ്ഞാപിച്ചപ്പോൾ അവളുടെ കരങ്ങൾ നീണ്ടു, പുടവവീങ്ങി. യന്ത്രപ്പാവയെപ്പോലെ അയാളുടെ പിറകേ കതിർമണ്ഡപത്തിനു വലംവെച്ചു. കണ്ണീരുതുകാതെ പടിയിറങ്ങുകയും ചെയ്തു. പക്ഷേ അവളുടെ ഹൃദയം അവിടെയെങ്ങും ഇല്ലായിരുന്നു.

ആ മനുഷ്യനു പദവിയുണ്ട്. ആർഭാടപൂർണ്ണമായ ജീവിതസൗകര്യങ്ങളുണ്ട്, വിശാലമായ പറമ്പുമുഴവൻ നറുമണം പരത്തി നില്ക്കുന്ന ഒരുദ്യാനവും. അതിൻെറ ഏതു ഭാഗത്തിരുന്നാലും വേപ്പുമരത്തിൽ നിന്നുതിരുന്ന കുളിർകാററു പുതുപുഷ്പങ്ങളുടെ പരിമളവുമായി മേളിച്ചു വന്നു തഴുകിക്കൊണ്ടിരിക്കും. പടി കയറുമ്പോൾ താൻ ഏകാകിനിയായി അവിടെ കടന്നു ചെല്ലുകയാണെന്നാവൾക്കു തോന്നി, തന്നെ പ്രതീക്ഷിച്ച് അവിടെ ഒരാൾ ഉണ്ടായിരിക്കുമെന്നും; രൂപം വ്യക്തമായി ഓർക്കാൻ കഴിയുന്നില്ലെങ്കിലും ഒരു വേർപാടിനുശേഷമുള്ള സമാഗമസങ്കേതത്തിലാണ് താൻ എത്തിയിരിക്കുന്നതെന്ന പ്രതീതി.

അന്തരീക്ഷത്തിൽ ചലനമററു നിൽക്കുന്ന ഒരു കഷണം പഞ്ഞിപോലെ അവൾ മണിക്കൂറുകൾ നീക്കി, തൻെറ പാദങ്ങൾ നിലത്തുറച്ചിരിക്കുന്നതിനെപ്പററി ത

ന്നൊ ബോധമില്ലാത്ത ഒരവസ്ഥ. അതിൽനിന്നും അവൾ ഒരു കൊട്ടങ്കാററായി മാറിയതു് ഇരവായിട്ടാണു്. ദീർഘ കാല സുഷുപ്തിക്കുശേഷം ഉണൎന്ന അവളുടെ വ്യക്തിത്വം അതോടെ ഒരു ഉഗ്രമൂൎത്തിയായിമാറി. അവൾക്കു സ്വന്തം വിശുദ്ധിയെപ്പററി ബോധമുണ്ടായി, അതിൻെറ അപ കടനിലയിൽ അരിശവും.

മാൎദ്ദവമുററ പര്യങ്കത്തിൽ അവൾ ഒരു പ്രതിമ പോലെ ഇരിക്കുകയായിരുന്നു. പാലൊളിപ്രഭ പരത്തി നിൽക്കുന്ന ആലക്തികവിളക്കിനു ചുററും ഒരു നിശാശല ഭം വട്ടമിട്ടു പറക്കുന്നു. അറയുടെ ഒരു കോണിലിരിക്കുന്ന പാതിവിടൎന്ന പനിനീർ പൂക്കളിൽ പകലേവന്നു പററി യ ഭ്രമരങ്ങൾ ഉറങ്ങാനുള്ള നേരമായതു വിസ്മരിച്ചിരുന്നു. അവയെ ആകൎഷിക്കുന്ന പരിസരത്തിൻെറ ലഹരിയെ പ്പററി തികച്ചും അജ്ഞയായി അവൾ ഇരുന്നു.

അവളുടെ ദീർഘ സുഷുപ്തിയിലാണ്ടു ഹൃദയം കണ്ണു തുറക്കാതെ കിടക്കുന്ന ആ വേളയിൽ ഭൎത്താവു കടന്നു വന്നു. അവളെ നോക്കി നില്ക്കുമ്പോൾ ആൎത്തിപിടിച്ചു അയാളുടെ ഹൃദയം, കവിൾത്തടങ്ങളിൽ പ്രഭപരത്തി, അംഗങ്ങളിൽ ഒരു നവ്യപ്രേരണയും. അയാൾ അവളു ടെ അരികിലായി തല്പത്തിൽ ഇരുന്നു. അവളുടെ അള കങ്ങൾ ഒതുക്കി വയ്ക്കുന്നതിൽ വ്യാപൃതമായ കരങ്ങൾ ലേ ശംക്രൂടി താണുചലിച്ചു. അയാൾ അവളെ മുറുകെ പു ണൎന്നു ചുംബിച്ചു. അവളുടെ ദീർഘസുഷുപ്തിയിലാണ്ടു കി

KOTTAYAM PUBLIC LIBRARY KOTTAYAM.

ടന്ന ആത്മാവിൻെറ മുന്നിലെ ഒരിടി മുഴക്കമായിരുന്നു അതു്. അവൾ പിടഞ്ഞെഴുന്നേററു. ഒരപരിചിതനെ യെന്നാവിധം അവൾ അയാളെ നോക്കി. അവളുടെ അം ഗങ്ങൾ വിറച്ചു. നാസികയുടെ അഗ്രഭാഗം അരുണിമയ ണിഞ്ഞു. നെററിത്തടത്തിൽ വിയർപ്പുതുള്ളികൾ നിരന്നു. കിതയ്ക്കുന്ന നെഞ്ചോടെ അവൾ അയാളെ പകച്ചുനോ ക്കി. അപരിചിതമായ പരിസരത്തെപ്പററി അത്ഭുത പ്പെട്ടുന്നതുപോലെ നിന്ന അവളുടെ കരങ്ങൾക്കു കരുത്തേ റുകയായിരുന്നു.

അയാൾ അമ്പരപ്പോടെ നോക്കിനിന്നു. സുന്ദ രമായ പരിസരത്തിൽ അവളുടെ മാദകവശ്യമായ രൂപം തെളിഞ്ഞു നില്ക്കുന്നു. അയാളുടെ ഹൃദയത്തിൽ ആർത്തി പടൎന്നു പിടിച്ചു; അംഗങ്ങൾ പ്രേരണയ്ക്കടിപ്പെട്ടു.

"തൊടരുതു്" അയാൾ മുന്നോട്ടടുത്തപ്പോൾ അ വൾ അലറി.

ഒരു ക്ഷണം അയാൾ പകച്ചു നിന്നുപോയി. തൻെറ കരുത്തിനെയും അവളുടെ യൗവ്വനത്തെയുംപററി യുക്തിപൂർവ്വം ചിന്തിക്കാൻ കഴിവുണ്ടായപ്പോൾ വിജയ ത്തിൽ ആശങ്കയില്ലാതെ അയാൾ മുന്നോട്ടുതന്നെ അടുത്തു. അയാളെ പിച്ചിച്ചീന്താനുള്ള കഴിവു തനിക്കുണ്ടെന്ന അ ഹമ്മതിയോടെ അവൾ കാത്തു നിന്നു.

അവൾ അയാളുടെ കൈതട്ടിയപ്പോൾ ഫ്ളവർ വേസു് താഴെ വീണുടഞ്ഞു. അതിൻെറ പ്രതിധ്വനി

അടങ്ങിയപ്പോൾ അയാൾ അവളുടെ ഭീതിയെപ്പററി ചിന്തിക്കുകയായിരുന്നു. സത്യത്തോടു ബന്ധമുള്ള ഒരു ബോധത്തിലെത്താൻ കഴിയാതെ അയാൾ അവളുടെ അന്ധതയെ വാത്സല്യപൂർവ്വം പഴിക്കുന്നതുപോലെ ചിരിച്ചു. എന്തോ ഉരുവിടുകയും ചെയ്തു.

ഒരു വിധത്തിലും അനുനയിപ്പിക്കാനാവാത്ത അവളെ വിട്ടിട്ട്, മധുരമായ ഒരു പരിഭവം അഭിനയിച്ചുകൊണ്ട്, അയാൾ ഒരു കസേരയിൽ ഇരുന്നു. അവൾ അറയുടെ ഒരു കോണിൽ ചേർന്നുനിന്ന് അപ്പോഴും അയാളെ സംശയദൃഷ്ടിയോടെ നോക്കുകയായിരുന്നു.

മണിക്കൂറുകൾ നീങ്ങി. തളർന്ന പാദങ്ങളോടെ അവൾ വെറും നിലത്തിരുന്നു.

പുലച്ചയ്ക്കു മുൻപുള്ള കുളിർകാററു വീശുന്നതുവരെ ആ അറയിലെ ഘനീഭവിച്ച അഭിലാഷവും, ഭീതിയും രണ്ടു കോണുകളിൽ നിശ്ചലമായി നിന്നു. ഒടുവിൽ അവളുടെ മിഴികളിൽ നിദ്രവന്നു തഴുകി. അഭിലാഷങ്ങൾ അസംതൃപ്തമായി നിൽക്കുന്ന സിരകളുടെ കോളിളക്കത്തോടെ അയാൾ അടുത്തു കിടക്കുന്ന തല്പത്തിലേക്കു നോക്കി നെടുവീർപ്പിട്ടു.

ആ രാത്രി അങ്ങനെ കടന്നു.

അടുത്ത നിശയിൽ, ഉറങ്ങി കിടക്കുന്ന അവളെ അയാൾ മുറുകെ പുണർന്നു. ഉണരുന്നതിനു മുമ്പുതന്നെ

ചെറുത്തു തുടങ്ങിയപ്പോൾ അയാളുടെ അവകാശബോധം അരിശപ്പെട്ടു.

താൻ പരാജയപ്പെട്ടുന്നതായി ബോദ്ധ്യമായപ്പോൾ അവളുടെ ഹൃദയം തകൎന്നു. വിസ്മൃതിയിലാണ്ടു കിടന്ന കാമുകൻെറ രൂപം അതോടെ മനസ്സിൽ തെളിഞ്ഞു വന്നു. ആ പാദങ്ങളിൽ കെട്ടിപ്പിടിച്ചു കരയുന്ന കരളോടെ നിൽക്കുമ്പോൾ അവളുടെ മൊഴികൾ ജ്വലിക്കുന്ന പന്തങ്ങൾപോലെ ഭൎത്താവിനെ നേരിട്ടു. തൻെറ കരുത്തിനെപ്പററിയുണ്ടായിരുന്ന മിഥ്യാബോധങ്ങൾ തകൎന്നപ്പോൾ അവൾ അയാളെ വെറുത്തു.

പക്ഷെ അയാൾ പ്രതീക്ഷിച്ചതതൊന്നുമായിരുന്നില്ല. അടിസ്ഥാനരഹിതമായ ഭീതിയും ലജ്ജാവൈവശ്യവും കൊണ്ടുമാത്രം തന്നിൽനിന്നും അകലാൻ വെമ്പിയിരുന്ന അവൾ അതിനുശേഷം സംതൃപ്തമായ ഒരു ഹൃദയ ഗതിയോടെ തൻെറ മുന്നിൽ മധുരമായ നാണം തഴുകിയ മിഴികളോടെ നിൽക്കുമെന്നായാൾക്കുദ്ദേശമുണ്ടായിരുന്നു. ആ പ്രതീക്ഷകൾ തെററിയപ്പോൾ അയാൾ കരുണാൎദ്രമായ സ്വരത്തിൽ ചോദിച്ചു.

"രജനീ, എന്നോടു സ്നേഹമില്ലേ?"

തൻെറ കരം ഗ്രഹിക്കാനടുക്കുന്ന അയാളിൽനിന്നും അകന്നു മാറികൊണ്ടു് അവൾ ആക്രോശിച്ചു.

"അതന്വേഷിച്ചു കൊണ്ടല്ലല്ലോ—"

അയാളുടെ പ്രവൎത്തികൾ തൻെറ ആത്മാവിൽ ഏല്പിക്കാൻ കഴിഞ്ഞ ക്ഷതത്തിൻെറ ആഴത്തെപ്പററി ബോധമുണ്ടായ അവൾ ആ വാചകം അപൂൎണ്ണമായി വിട്ടിട്ടു പൊട്ടിക്കരഞ്ഞു.

അതിനുശേഷം അവളെ സ്പൎശിക്കാൻ അയാൾ മുതിൎന്നില്ല.

ദിനങ്ങൾ നീങ്ങി. ഭീതിയോടെ ഓരോ നിമിഷത്തിലും അയാളുടെ ആക്രമണം പ്രതീക്ഷിച്ചിരിക്കുമ്പോൾ അവളുടെ ഹൃദയത്തിൽ കാമുകൻെറ രൂപം കൂടുതൽ വ്യക്തത പ്രാപിച്ചു വന്നു. അയാളെ തേടിപിടിക്കാനായി ലോകത്തിൻെറ അവസാനത്തെ കോണിൽവരെ നിറുത്തില്ലാതെ ഓടാൻ അവൾക്കു തോന്നിയിട്ടുണ്ട്.

തൻെറ പ്രതീക്ഷകളുടെ തകൎച്ച ആ മനുഷ്യനും ബോദ്ധ്യപ്പെടുന്നുണ്ടായിരുന്നു. അല്ലലില്ലാത്ത ജീവിതത്തിലെ വല്ലാത്ത വിടവ് അയാളുടെ നില തെററിച്ചു. അയാൾ അവളിൽനിന്നും വളരെയൊക്കെ പ്രതീക്ഷിച്ചിരുന്നതാണ്. ഭാവി സുരക്ഷിതമാക്കുന്ന വിജയങ്ങൾ വന്നു പുണൎന്നുകൊണ്ടിരിക്കുമ്പോൾ അയാൾ അതേപ്പററി കൂടുതൽ ചിന്തിക്കാൻ തുടങ്ങി. ഒടുവിൽ ജീവിതത്തിൻെറ പാഠഭേദം അയാളെ കീഴടക്കി. അയാൾ മദ്യത്തിൽ ആശ്രയസ്ഥാനം കണ്ടു.

ബോധമില്ലാതെ കടന്നുവന്ന ദിവസം അയാൾ അവളെ പിടികൂടി. അന്നുമുതൽ എന്നും അതാവൎത്തിക്ക

പ്പെട്ടുവന്നു. പൊരുതി തളൎന്ന അവൾ ഒടുവിൽ ചെറുത്തു നില്ക്കാതായി. പക്ഷേ പക ആളിക്കത്തിയിരുന്നു.

ആടിക്കുഴഞ്ഞു വരുന്ന ഭൎത്താവിൽനിന്നും തന്റെ സൗന്ദര്യത്തെപ്പററിയുള്ള പ്രശംസകൾ അവൾക്കു ലഭിക്കാറുണ്ട്. ആ സ്വരത്തിലെ ഗുപ്തമായ പരിഹാസം അവളെ ഭ്രാന്തു പിടിപ്പിക്കും. തന്റെ സൗന്ദര്യം ആസ്വദിക്കാനുള്ള അയാളുടെ അവകാശത്തെയും, അതിനെ ചെറുത്തുനില്ക്കാനുള്ള കഴിവുകേടിനെയും പററിയുള്ള ചിന്ത ശക്തിമത്താകുമ്പോൾ അവൾക്കരിശം താങ്ങാനാവാതാകും. അയാളെ നഷ്ടപ്പെടുത്താൻവേണ്ടി തന്റെ രൂപം വികൃതമാക്കാൻപോലും അവൾക്കു തോന്നിയിട്ടുണ്ട്. അതു പ്രവൎത്തിയിൽ വരുത്താനുള്ള പ്രേരണ അനിഷേദ്ധ്യമായി അവളിലുണൎന്നിട്ടുണ്ട്. പക്ഷേ അയാൾ കാഴ്ചയിൽനിന്നു മറഞ്ഞു കഴിയുമ്പോൾ അവളുടെ രക്തത്തിൽ ശക്തിമത്തായ ഉത്സാഹക്കുറവു പകൎന്നുകൊണ്ട്, കൈവിട്ടുപോയ കാമുകനെപ്പററിയുള്ള സ്മരണകൾ ഉയൎത്തെഴുന്നേററു വരും.

അവളുടെ ഹൃദയത്തിൽ സാന്ദ്രമായ ഒരനുഭൂതിയുടെ സ്പൎശനം ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. പ്രതിഫലനശക്തി നശിച്ച ഒരു കണ്ണാടിപോലെ അവളുടെ ഹൃദയം നിൎജ്ജീവമായിരുന്നു. അയാളുടെ ആരോഗ്യംപോലും അവളുടെ യൗവനത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

പക്ഷേ ആ മരവിച്ച മനസ്സ് ഒന്നു മിഴി തുറന്നു. ഹൃദയം അപ്രതീക്ഷിതമായി ഒന്നു കുളിൎത്തു. ക്രൂരമായ

സംതൃപ്തിയുടെ തിളക്കം നയനങ്ങളിൽ വന്നാണിഞ്ഞു നിന്നു. അതു ഭർത്താവു രക്തം ഛർദ്ദിച്ച ദിവസമാണു്.

ശരിക്കു കുടിച്ചുകൊണ്ടാണു് അന്നും അയാൾ വന്നതു്. വന്ന പാടെ അവളെ വലിച്ചിഴച്ചുകൊണ്ടു് ഉറക്കറയിലേക്കു പോയി. പക്ഷേ അയാളുടെ പിടി അയഞ്ഞു. കിടക്കയോടു സമീപിക്കുമ്പോൾ അവളേക്കൂടാതെ തന്നെ അയാൾ തല്പത്തിലേക്കു മറിഞ്ഞു. ഒരു തളൎന്ന പടക്കുതിരയേപ്പോലെ അയാൾ കിതയ്ക്കുന്നുണ്ടായിരുന്നു.

നട്ടനിശ കഴിയുന്നതുവരെ അയാൾ എന്തൊക്കെയോ പുലമ്പിക്കൊണ്ടുകിടന്നു. അവൾ കസേര വലിച്ച് അകലത്തിട്ടിരുന്നു്, ക്രൂരമായ ഒരു സുഖത്തോടെ, അയാളുടെ ഓരോ ചലനവും ശ്രദ്ധിച്ചു കൊണ്ടിരുന്നു. വരണ്ട അധരങ്ങളിൽ നാവിട്ടു നണഞ്ഞുകൊണ്ടിരുന്ന അയാൾ ഉല്ക്കടമായ ദാഹത്തോടെ അടുത്ത അറയിലേക്കു പോകുമ്പോൾ അവൾ ലോകത്തെ മുഴുവൻ പുച്ഛിക്കുന്ന ഒരു പുഞ്ചിരി തത്തി നില്ക്കുന്നതായി സംശയിച്ചു പോകുന്ന നയനങ്ങളുമായി ഇരുന്നതേയുള്ളു.

അസാധാരണത്വമുള്ള ഒരു ശബ്ദം കേട്ടപ്പോഴും അവൾ ചലിച്ചില്ല. അതാവൎത്തിച്ചുണ്ടായപ്പോൾ അയാൾ മരിക്കുകയാണെന്നു് അവൾക്കു തോന്നി. അവൾ എഴുന്നേററു ചെന്നു നോക്കി. ആലക്തികവിളക്കിൻെറ തെളിഞ്ഞ പ്രഭയിൽ അയാൾ ഛർദ്ദിച്ച രക്തം വെട്ടിത്തിള

ങ്ങുന്നാതവൾ കണ്ടു. ആ കാഴ്ചയിലും അവളുടെ ഹൃദയം നിർവികാരമായിരുന്നു.

തളന്നു കഴിഞ്ഞ അയാൾ പതറുന്ന പാദങ്ങൾ വലിച്ചിഴച്ചു കുത്തി നീങ്ങുമ്പോൾ ഒന്നു താങ്ങാൻ കൂടി അവളുടെ കരങ്ങൾ ചലിച്ചില്ല. അവളുടെ ബുദ്ധിയും ഹൃദയവും അത്രമാത്രം മരവിച്ചിരിക്കുകയായിരുന്നു.

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അവൾ പൊട്ടിച്ചിരിച്ചു. അവളുടെ കഴുത്തു ഞെരിച്ചു കൊല്ലാനുള്ള ഒരാവേശത്തോടെ മുന്നോട്ടു വന്ന അയാൾ അലറി.

"നീ എന്നെ കൊന്നു!"

അത്രയും ഉരുവിട്ടു കഴിഞ്ഞപ്പോഴെക്കും, അയാൾ സർവശക്തിയും നശിച്ചു നെടുകേ വീണതുകണ്ടു് അവൾ വീണ്ടും പൊട്ടിച്ചിരിച്ചു. തനിക്കു സുരക്ഷിതമായ ഒരു ബന്ധം ഏർപ്പെടുത്താൻ കഴിഞ്ഞു എന്ന സംതൃപ്തിയോടെ ഞെളിഞ്ഞു നടക്കുന്ന ബന്ധുക്കളെ മുന്നിൽ കാണുന്ന പ്രതീതി അവൾക്കുണ്ടായി. ഒരിക്കലും കാഴ്ച ലഭിക്കാത്ത അവരുടെ ഗർവ്വിഷ്ഠമായ സർവ്വജ്ഞഭാവത്തെ പൊളിച്ചു നിരത്താൻ കഴിഞ്ഞ സംതൃപ്തി അവളെ താലോലിക്കുകയായിരുന്നു.

അയാൾ മച്ചിലേക്കു തുറിച്ചു് നോക്കി കിടന്നു. അവളുടെ മിഴികളുമായി ഇടഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു. ശിക്ഷിക്കപ്പെട്ട നിരപരാധിയെ നേരിടുന്ന ന്യായാധിപൻെറ ധൈര്യക്ഷയം തന്നെ വിഴുങ്ങുന്ന

തായി അവൾക്കനുഭവപ്പെട്ടു. കട്ടച്ചോരയുടെ കണികകൾ തൂങ്ങിനിൽക്കുന്ന അയാളുടെ അധരങ്ങളെ മറക്കാനുള്ള ആഗ്രഹത്തോടെ അവൾ ആ അറയിൽ ഉലാത്തി. മദ്യത്തിൻെറ രൂക്ഷമായ ഗന്ധം തൻെറ സിരകളെ ഉരുക്കുന്നതായി അവൾക്കു തോന്നി.

പാദങ്ങൾ ആടിത്തുടങ്ങിയപ്പോൾ അവൾ ഒരു കസേരയിൽ ഇരിപ്പുറപ്പിച്ചു. പരിക്ഷീണനായ അയാൾ നിദ്രയിലേക്കു വഴുതിക്കഴിഞ്ഞിരുന്നു. പിച്ചും പേയും പറയുന്ന അയാളുടെ വരണ്ട അധരങ്ങളുടെ ചലനത്തിനൊപ്പം നിണമണികൾ തുള്ളിക്കൊണ്ടിരുന്നു.

ഉറക്കച്ചടവുകൊണ്ടു ചുവന്ന മിഴികൾ വിദൂരതയിലുറപ്പിച്ചുകൊണ്ട് അവൾ ഇരുന്നു.

മഞ്ഞിൻെറ നേർത്ത പട്ടുവിരിച്ച പാതയിൽ പുലരിയുടെ കുങ്കുമശോണിമയണിഞ്ഞ പാദങ്ങൾ പതിഞ്ഞുതുടങ്ങി. ഉണർന്നുകഴിഞ്ഞ ഉഷസ്സിൻെറ സ്തുതിപാഠകരായ ഭ്രമരങ്ങൾ, വിടരാൻ പാകമാകാത്തതിൽ വിങ്ങിനിൽക്കുന്ന മൊട്ടുകളെ ഇക്കിളി ഇട്ടുണർത്താനുള്ള വ്യഗ്രതയോടെ ഗാനങ്ങളുതിർത്തു. മഴവില്ലിൻെറ കുഞ്ഞുങ്ങളെ മടിയിലിരുത്തി ലാളിച്ചുകൊണ്ടു പുൽക്കൊടികൾ മന്ദംമന്ദം ശിരസ്സുചലിപ്പിച്ചുകൊണ്ടിരുന്നു. രാത്രിമുഴവൻ, കാമുകൻെറ ലാളനയിൽ മയങ്ങിനിന്ന വേളയിൽ കണ്ണടച്ചുനിന്ന ചെന്താമരപ്പൂക്കളോടു പ്രത്യുപകാരം ചെയ്യുന്നപോലെ ആമ്പൽപ്പൂക്കൾ ഉറക്കം ഭാവിച്ചു. അവയുടെ കള്ളത്തര

ങ്ങൾ കണ്ടുപിടിച്ചതിലുള്ള, കുസൃതിത്തരംനിറഞ്ഞ സം തൃപ്തിയോടെ, പരൽമീനുകൾ അന്തരീക്ഷത്തിലേക്കു കുതി ച്ചുചാടിയിട്ടു വജ്രനളികകൾ പോലെ ഊളിയിട്ടുകൊണ്ടി രുന്നു.

അവളുടെ ഹൃദയം അവിടെനിന്നും പറന്നു് വി ദൂരസ്ഥമായ മുല്ലപ്പടർപ്പിൻതാഴെ ഒരിക്കലും ഈർപ്പം മാ യാത്ത കണ്ണീരു വർഷിച്ചിട്ടു പിരിഞ്ഞ കാമുകനെ തേടി അലയുകയായിരുന്നു. മാറാത്ത പുഞ്ചിരിയും അവസാനി ക്കാത്ത സുഗന്ധവുമായി നിലകൊള്ളുന്ന ആ വിശുദ്ധ സ ങ്കേതത്തിൽ താൻ എന്നും കാത്തിരിക്കേണ്ടതായിരുന്നു എന്ന ചിന്ത അവൾക്കുണ്ടായി. ആവശ്യപ്പെട്ടിരുന്നില്ലെ ങ്കിലും തനിക്കതിനുള്ള കടമയുണ്ടു്. തന്റെ കാത്തിരി പ്പു് നിഷ്ഫലമാവുകയില്ലായിരുന്നെന്നു് അവൾക്കു തോ ന്നി.

അവളെ ആ സ്വപ്നലോകത്തിൽ നിന്നും തട്ടി ത്തെറിപ്പിച്ചതു് അയാൾ വീണ്ടും ഛർദ്ദിക്കുന്നതിന്റെ ശബ്ദമാണു്. തന്നെ വികൃതമായ യാഥാർത്ഥ്യത്തിലേക്കു പിടിച്ചിറക്കിയ അയാളെ പകയോടെ നോക്കിയിരിക്കു മ്പോൾതന്നെ അവളുടെ ഹൃദയം ഭീതിയണിഞ്ഞു. ആ ഭീതിയിൽനിന്നും ആർദ്രതയുണ്ടാവുകയും ചെയ്തു.

"വെള്ളം!" അടഞ്ഞ മിഴികളോടെ, ആരോടെ ന്നില്ലാതെ, അയാൾ ഉരുവിട്ടപ്പോൾ അവൾ അടുത്തു ചെന്നു.

ഒരിറക്കു കുടിച്ചിട്ടു മിഴി തുറന്നു നോക്കിയ അയാൾ, അവൾ പിടിച്ചു കൊടുത്ത വെള്ളം പാത്രത്തോടെ തട്ടിത്തെറിപ്പിച്ചു. അടുത്ത ക്ഷണം അയാളുടെ കരങ്ങൾ അവളുടെ കണ്ഠത്തിൽ മുറുകെ പിടികൂടി. പ്രതിരോധത്തിൻ തന്നെയും കഴിവില്ലാതെ വന്ന അവൾ കഴുത്തുവച്ചു കൊടുത്തുകൊണ്ടു് നിന്നുപോയി.

അവളുടെ കണ്ഠം ഞെരിച്ചുകൊണ്ടു അയാൾ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു.

ഒടുവിൽ അയാളുടെ ദുർബലമായ കരത്തിൻെറ കരുത്തു കുറഞ്ഞു. പിടി അയഞ്ഞു. അവൾ ബോധരഹിതയായി കട്ടിലിൽനിന്നും വഴുതി നിലത്തു വീണു. അയാളുടെ ബോധവും നശിച്ചിരുന്നു.

---

# കിനാവിന്റെ മൊട്ടുകൾ

അയാൾ ഒരു മദ്യപാനി മാത്രമായി; രക്തം ഛർദ്ദിക്കുന്ന വേളകൾ വിരളമല്ലാതായി തീൎന്നു. അയാളുടെ പോക്ക് ആരോടോ ഉള്ള പക തീൎക്കുന്നതു പോലെയായിരുന്നു. അവൾ ഒരു വാക്കുരിയാടിയാൽ അയാൾ ആ ശീലം അവസാനിപ്പിച്ചേക്കാം. പക്ഷേ അവൾ അതിനു ബദ്ധപ്പെട്ടില്ല. അയാളുടെ നാശോന്മുഖതയെപ്പററി അവൾ മൗനം ഭജിച്ചു. കൂടെക്കൂടെ അന്വേഷിച്ചു വരുന്ന ബന്ധുക്കൾക്ക് അവളുടെ പഴക്കം ചെന്ന മൗനത്തിൽനിന്നും ഒന്നും മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.

ഒടുവിൽ ഒരു രാത്രി ബന്ധുക്കളുടെ ഉല്കണ്ഠ വലത്തിക്കൊണ്ടു് അയാൾ അവശനായി കിടന്നു. നാട്ടിലെ എല്ലാ നല്ല ഡാക്ടറന്മാരും കൂടിയിട്ടുണ്ടായിരുന്നു. അവൾ ബുദ്ധിപൂൎവ്വകമായ മൗനവുമായി ചുററിപററി നിന്നു.

ഭാൎയ്യയെക്കാൾ ഡ്റൈവറെ സ്നേഹിക്കുന്ന ഒരു കിഴവൻ ഡാക്ടർമാത്രം തന്റെ ഭൂതകാല പരാക്രമങ്ങളെ

പ്പററി പ്രസംഗിച്ചുകൊണ്ടുനിന്നു. ഉയരം കുറഞ്ഞ കഷണ്ടിത്തലയനായ അയാൾ തൻെറ പക്കൽ ചിലവില്ലാതിരിക്കുന്ന മരുന്നുകൾ മുഴുവൻ കൊള്ള ലാഭത്തിൽ വിററഴിക്കാൻ ആ സന്ദർഭം പ്രയോജനപ്പെടുത്തി. വിട്ടുപോയ പലതും ഓർമ്മപ്പെടുത്തിയ ഡ്റൈവറെ, പരസ്യമായി ഓമനിക്കുന്നതിനുള്ള മടികൊണ്ടു്, കലാപരമായി കടാക്ഷിച്ച ശേഷം അയാൾ എല്ലാവരെയും ധൈര്യപ്പെടുത്തുന്ന പദങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു.

ആ ഡാക്ടരുടെ കൈമുദ്രകളും വാചാലതയും നീണ്ടു നില്ക്കുമ്പോൾതന്നെ അയാൾ മരിച്ചു........

ഭർത്താവിൻെറ ചിത എരിഞ്ഞടങ്ങുകയാണ്. ധൂമപടലം നിശ്ശേഷം മറഞ്ഞു കഴിഞ്ഞു. പൊട്ടലും ചീററലുംകൂടി അവസാനിച്ചിരിക്കുന്നു. ചാരം പൊതിഞ്ഞ കനൽക്കട്ടകൾമാത്രം നേർത്തകാററിൽ ജ്വലിച്ചുനില്ക്കുന്നുണ്ടു്.

ആ ചിത ഒരുക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചതു് അന്തി അടുപ്പിച്ചാണ്. അതിനു മുൻപുതന്നെ അവൾ ആ ജനാലയുടെ അടുത്തു് ഇരിപ്പുറപ്പിച്ചിരുന്നു.

എങ്ങും നിറഞ്ഞ മൂകതയിൽ പരിസരം ആണ്ടുമുങ്ങിയിരിക്കുന്നു. മന്ദപ്രഭമായ നിശയിൽ തളം കെട്ടിനില്ക്കുന്ന മൂകതയ്ക്കു രൂപമുണ്ടെന്നു തോന്നും. ചൂളമരത്തിൻെറ മൂളലോടു കലന്നു് പാലപ്പൂവിൻെറ പരിമളം ഒഴുകിവരുന്നു. അലൗകികമായ ഒരു ശക്തിയുടെ കരവിരു

No. 11026



തിൻ കളിക്കോപ്പായ അവളുടെ അളകങ്ങൾ ഇളകി തുടിച്ചുകൊണ്ടിരുന്നു.

ആശ്വാസസൂചകമായ ഒരു മോചനത്തിന്റെ അവ്യക്തമായ സുഖം തഴുകി നില്ക്കുന്ന കരളിൽ സ്മരണകൾ ഇരമ്പിക്കയറുകയാണ്.

ഇന്നുവരെ തന്റെ കരളൊരു കടന്നൽ ക്കൂടായിരുന്നു. പക്ഷേ അതിൽ നിറഞ്ഞുനിന്ന വിഷമുള്ള കൊമ്പുകളേന്തിയ ജീവികൾ ഒഴിഞ്ഞുപോയി. മർദ്ദനങ്ങളും, ബലാല്ക്കാരങ്ങളും ഇല്ലാത്ത ഒരു ദിവസം കൊണ്ടു തന്നെ തന്റെ ഹൃദയം ബുദ്ധിയുടെ നിയന്ത്രണത്തിലെത്തുന്നതു കണ്ടപ്പോൾ തന്റെ ക്രൂരതയെപ്പററിയും അവൾ ചിന്തിച്ചുപോയി. താൻ സ്നേഹിച്ചതു് ആ മനുഷ്യനെ തന്നെയായിരുന്നെങ്കിൽ ജീവിതം ഏതു രീതിയിലാകുമായിരുന്നു? തന്റെ മാത്രമല്ല, ആ മനുഷ്യന്റെയും? അതോർത്തപ്പോൾ അവൾ ഒന്നു ഞെട്ടി. തന്റെ കാമുകൻ വിവാഹിതനായിരിക്കുമോ? അദ്ദേഹത്തിനും ഇതുപോലെ ഹൃദയം സ്വന്തമല്ലാത്ത ഒരുവളെയാണ് ലഭിച്ചിട്ടുള്ളതെങ്കിൽ? തന്നെപ്പോലെതന്നെ അദ്ദേഹത്തിനും മററാരാളുമായി ബന്ധപ്പെടാൻ സാദ്ധ്യമല്ലെന്നോർത്തപ്പോൾ അവളുടെ മുന്നിൽ ഒരു പുതിയ ചിത്രം തെളിഞ്ഞു വന്നു. ഇന്നു താൻ സ്വതന്ത്രയാണ്. ഒരിക്കൽ വിവാഹിതയായിട്ടു കെട്ടു മിന്നുപോയ തനിക്കു മുൻപിലത്തേതിലും സ്വാതന്ത്ര്യമുണ്ടു്. ഇനിയൊരാരംഭത്തിനു പ്രേരണയുമായി വരുന്നവ

രെ മടക്കാൻ അവൾക്കു കഴിയും. ഈ സംഭവം മററൊരു വിധത്തിൽ, എന്നും കാമുകനുവേണ്ടി കാത്തിരിക്കുന്നതിന്നു സാദ്ധ്യമാക്കുന്ന സ്വാതന്ത്ര്യം തനിക്കുണ്ടാക്കി തരുന്നുണ്ട്.

അധിക ദിവസങ്ങൾക്കകം അങ്ങിനെ ഒരു ജീവിതത്തെപ്പററി അവൾ ഭാവന ചെയ്യാൻ തുടങ്ങി. പക്ഷെ ഭാവന ഊർജ്ജസ്വലതയററതായിരുന്നു. പഴയ പ്രസരിപ്പും അന്തമില്ലാതെ പറന്നുയരാനുള്ള ശക്തിയും അതിന്നു നഷ്ടപ്പെട്ടിരിക്കുകയാണ്. അവൾക്കു നിരാശ തോന്നി.

അല്ലെങ്കിൽതന്നെ ഇനി ചന്ദ്രൻ വരുന്നതെപ്പോഴാണ്? അതേപ്പററി അയാൾ ഒരുറപ്പു തന്നിട്ടില്ല. വീണ്ടും കാണാനിടയാകുമെന്നു സൂചിപ്പിച്ചിട്ടു പോലുമില്ല.

അവൾ അകലത്തുനിന്നും വരുന്ന കാററിനോടും അനന്തമായ ആകാശത്തോടും ആ ഒരേ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു.

പഴയ പരിസരത്തിൽ മടങ്ങി എത്തിയപ്പോൾ അവൾക്കാശ്വാസം നൽകുന്ന മറുപടിയുമായി നിലാവിൽ കുളിച്ചുനിന്നു ദിവ്യമന്ത്രങ്ങൾ ഉരുവിടുന്ന മുല്ലക്കാടും, ഒരിക്കലും ഈപ്പും മായാത്ത കണ്ണുനീരു കുടിച്ച മണ്ണും ഉണ്ടായിരുന്നു. ആത്മാവിൽ പടന്നു പിടിച്ചിരിക്കുന്ന കാട്ടുതീ കെടുത്തുന്ന ആ സങ്കേതത്തിലിരുന്ന് അവളുടെ ചിന്ത ഭൂതകാലത്തിൻെറ പൊട്ടിയ തന്ത്രികൾ ഏച്ചുകെട്ടി, ചേതനയുടെ കരാംഗുലികൾ അതിനെ മീട്ടുകയും.

താൻ ഒരു ഭാര്യയാണെന്ന ബോധം ഒരിക്കലും നിലനിന്നിട്ടില്ല. ഭാവിയെപ്പററിയുള്ള പ്രതീക്ഷകളൎപ്പിക്കാൻഉള്ള അർഹതകൂടി തടസ്സപ്പെട്ടിരുന്നതാണു്. താൻ ജീവിക്കുകയല്ലെന്ന ബോധംമാത്രം എപ്പോഴും നിലനിന്നിരുന്നു. അതിൽ അമർഷപ്പെടാൻ കൂടി കഴിയാത്തതിൽ അവൾ സ്വയം പഴിച്ചിട്ടുണ്ടു്.

'അപ്പോഴാണു് താൻ സ്വതന്ത്രയായിരിക്കുന്നതു്'

.........

സ്മരണയുടെ വീണക്കമ്പികൾ തുടിക്കുന്നു. അതിൽനിന്നുതിരുന്ന ശബ്ദം മുന്നിൽ ഒരു മായാപ്രപഞ്ചം സൃഷ്ടിക്കുകയാണു്. ഭൂതകാലത്തിൻെറ ഹൃദയത്തുടിപ്പുകൾ അതിൽനിന്നുതിരുന്നു.

ഹൃദയം എപ്പോഴും വേദനാമഗ്നമായിരുന്നു: ഭർത്താവിൻെറ അധികാരസ്ഥാപന ശ്രമത്തിനു മുൻപിൽ തളൎന്നു വീഴുമ്പോൾ പൂഴിയിൽ പിച്ചവച്ചു നടന്ന നാളുമുതൽ ലാളിച്ചിരുന്ന വേഴ്ചയുടെ തകർച്ച അവളെ നീററിക്കൊണ്ടിരുന്നു. ഉൽക്കണ്ഠപ്പെടാൻ നേരമില്ലാത്തവിധം പ്രതീക്ഷകൾ പന്തലിച്ചു നിന്നിരുന്നു. തങ്ങൾക്കു ജനിക്കുന്ന കുട്ടികളുടെ എണ്ണവും അവൎക്കിടേണ്ട പേരുകളുംവരെ ചൎച്ച ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നതാണു്. താൻ മറെറാരാളുടേതാവുകയില്ലെന്നു് അവളും, തനിക്കു മററാരെയും സ്നേഹിക്കാൻ സാദ്ധ്യമല്ലെന്നു് അയാളും ആയിരം ആവൎത്തി ഉരുവിട്ടിട്ടുമുണ്ടു്.

എങ്കിലും പിരിയേണ്ടി വന്നു.

ആ മുല്ലക്കാടിന്റെ പുഞ്ചിരി നോക്കിയിരുന്ന ഭാവനയിൽ സ്വൎഗ്ഗം സൃഷ്ടിച്ചുകൊണ്ടു്, വിടരാൻ തുടങ്ങുന്ന മൊട്ടുകളോടു് അവളുടെ ആത്മാവു് അന്വേഷിക്കും: "നിങ്ങളെ ചിരിപ്പിക്കുന്ന ചന്ദ്രൻ എവിടെയാണു്?"

ആ കിളിമരത്തിന്റെ ചുവട്ടിലെ ഒരിക്കലും ഈൎപ്പം മായാത്ത കണ്ണീരു കുടിച്ച മണ്ണിന്റെ തിളക്കം നോക്കിയിരിക്കുമ്പോൾ ഒരു രാത്രി അവൾ പൊട്ടിക്കരഞ്ഞു. മാദകമായ സ്വൎഗ്ഗം സൃഷ്ടിക്കാൻ കഴിയുന്ന ആ മണ്ണിൽ, നിലാവിന്റെ ലാളനയേററു കിടക്കുമ്പോൾ അവളുടെ ശുഭാപ്തിവിശ്വാസം തകൎത്ത സമാഗമവേളയിലെ, കാമുകന്റെ രൂപം കൂടുതൽ വികൃതമായി ഭാവനയിൽ പ്രത്യക്ഷപ്പെടുന്നതായി അവൾക്കു തോന്നി. അവൾ പിടഞ്ഞെഴുന്നേററു ഭ്രാന്തെടുത്തപോലെ തന്റെ അറയിലേയ്ക്കോടി കയറി. വിഭ്രാന്തി അടങ്ങാത്ത ഹൃദയത്തിൽ കാമുകന്റെ രൂപത്തിൻ വ്യക്തത ലഭിക്കാതായപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. തന്റെ പ്രതിച്ഛായ പതിഞ്ഞ ഒരു നിലക്കണ്ണാടി തകൎക്കാൻ കഴിഞ്ഞപ്പോൾ മാത്രം അവൾക്കൊരുതരം ആശ്വാസം അനുഭവപ്പെട്ടു. അവൾ ആ ചിതറിയ ചില്ലുകളുടെ പുറത്തു തളൎന്നു വീണു.

തന്റെ പ്രതീക്ഷകൾ അടിസ്ഥാന ശൂന്യമാണെന്നു ബോദ്ധ്യമായികൊണ്ടിരിക്കുമ്പോൾ കാമുകനെ തേടി ഇറങ്ങുന്നതിനുള്ള ഒരനിഷേദ്ധ്യപ്രേരണ അവളിൽ വ

ളുന്നു. എങ്കിലും നിലാവു നിറഞ്ഞ നിശകളിൽ ആത്മ വിസ്മൃതിയിലെത്തിക്കുന്ന ആ മുല്ലക്കാട്ട് അവളെ അവി ടെത്തന്നെ ആവാഹിച്ചു നിറുത്തിയിരുന്നു.

പക്ഷെ കട്ടിപിടിച്ച ഇരുളും ദിഗന്തം നടുക്കുന്ന ഇടിമുഴക്കവുമുള്ള ഒരു രാത്രി ആ ജനാലയുടെ അരികിൽ നിന്ന അവളുടെ കാഴ്ചയിൽനിന്നും സ്മരണകളുടെ മഹാകാ വ്യം ചമച്ച ആ മുല്ലക്കാട്ട മറഞ്ഞു നിന്നിരുന്നു. അതിനു പകരം തെളിഞ്ഞു വീശിയിരുന്ന മിന്നൽ പിണരുകൾ അവളെ ഭ്രാന്തു പിടിപ്പിക്കുന്നതുപോലെ തോന്നി. ആ അറയിൽനിന്നും പുറത്തേക്കൊരു വാതിലുള്ളതുകൂടി നി ശ്ശേഷം മറന്ന് അവൾ ആ ജനാലക്കമ്പികളിൽ പിടിച്ചു വലിച്ചു. തന്റെ കരുത്തു നിഷ്പ്രയോജനമായിട്ടും, അ വൾ ശ്രമം നിറുത്തിയില്ല. ഒടുവിൽ അവൾ അവിടെ തളർന്നു വീണു.

ദീർഘമായ ഒരു നിദ്രയിൽനിന്നും ഉണർന്ന അവൾ ക്കു വ്യക്തമായ പരിപാടികളുണ്ടായി. ചന്ദ്രനെ എങ്ങി നെയും തേടിപ്പിടിക്കാൻ കഴിയുമെന്ന ചിന്തകൊണ്ട് ഹൃ ദയം ശാന്തമായിരുന്നു.

യാത്രക്കൊരുങ്ങി അവൾ ആ മുല്ലക്കാടിനടുത്തു ചെന്ന്, അനുഗ്രഹത്തിൻവേണ്ടി കാത്തുനില്ക്കുന്നതുപോ ലെ, ആ വിശുദ്ധ സങ്കേതത്തിൽ അഞ്ജലീബദ്ധയായി നിന്നു.

പക്ഷേ അവൾക്കു പുറപ്പെടാൻ കഴിഞ്ഞില്ല. അവളുടെ ആനന്ദത്തെ അനന്തവിശാലതയിലേക്കുയർത്തുന്ന വിധം ഒരു കത്തു കിട്ടുകയും ചെയ്തു.

ചന്ദ്രൻ വരുന്നുണ്ടു്, കാത്തിരിക്കാൻ അവളോടാവശ്യപ്പെട്ടിരിക്കുന്നു.

ഉല്ലാസപ്രകർഷത്തിന്റെ ആദ്യത്തെ തിരയടി ഒതുങ്ങിയപ്പോൾ അവളുടെ ഹൃദയം അസ്വസ്ഥമായി.

ചന്ദ്രൻ എപ്പോഴാണു വരുന്നതു്? ഹോ, അതൊന്നു വ്യക്തമാക്കിയിട്ടില്ലല്ലോ.........എന്നാണു്, എന്നാണു്?

വ്യർത്ഥമായ പ്രതീക്ഷകളും അക്ഷമമായ ഹൃദയവുംകൊണ്ടു കഴുത്തു നീട്ടുമ്പോൾ തന്നെ അവളുടെ ചേതന ഉന്മത്തമായിരുന്നു. ഓരോ അണുവിലും പുളകപ്രകർഷം പടർന്നു കയറി നിന്നു.

നിദ്രയിലേക്കു വഴുതിയാൽ സ്വപ്നങ്ങൾ നിറയുകയായി. പിന്നെ ആത്മാവിന്റെ വെൺമാടത്തിലേക്കു കടന്നു വരുന്ന മാടപ്രാവിന്റെ അപരിചിതമായ ചിറകടിശബ്ദം അവളുടെ അന്തർനേത്രങ്ങളെ നിർവൃതിയിലാഴ്ത്തുകയായി. പ്രതീക്ഷ മുററി നില്ക്കുമ്പോൾതന്നെ നിരാശയുടെ കയത്തിലേയ്ക്കു തെറിച്ചു വീണുപോകുന്ന അവൾ ശൂന്യമായ ഇരുളിലേക്കു നോക്കി പരാതിപ്പെടും.

"എന്റെ ചന്ദ്രാ, എന്നാണു വരിക!".

അയാൾ വന്നില്ല. വരുമെന്നുള്ള വിശ്വാസം മാത്രം ഉറച്ചുനിന്നു. അവളുടെ ഓരോ അണുവും ആ വിശ്വാസംകൊണ്ടു നിറഞ്ഞിരുന്നു. ഏകാന്ത മൂകമായ നിശകളിൽ ഒരു പുൽക്കൊടി അനങ്ങിയാലുടൻ അവൾ എഴുന്നേററു ചെന്നു നോക്കും. ഒരിക്കലും വററാത്ത കണ്ണീരിൻെറ നനവും മുല്ലപ്പൂവിൻെറ മണവുമായി കിടക്കുന്ന ആ മണ്ണിൽ കാമുകൻെറ കാലടികൾ പതിയുന്ന നിമിഷത്തെപ്പററി അവൾ അക്ഷമയായി നിദ്രാരഹിതമായ ദിനങ്ങൾ നീണ്ടുനിന്നു. അവൾക്കു് അവാച്യമായ തളച്ച് അനുഭവപ്പെട്ടിരുന്നു.

പുലച്ച്യക്കൂട്ടത്തുവരെ ആ മുല്ലപ്പടപ്പിലേക്കു നോക്കികിടന്ന അവൾ അല്പമൊന്നു മയങ്ങി. ഉണർന്നപ്പോൾ എഴുന്നേല്ക്കാൻ വിഷമം തോന്നി. വല്ലാതെ തികട്ടിവരികയും ചെയ്തിരുന്നു. അവൾ ഛർദ്ദിച്ചു.

തല ചുററുമ്പോൾ, തളർന്നു കിടന്നു്, അവൾ കേണു "ഈശ്വരാ, ഒന്നു കണ്ടിട്ടു മരിക്കാൻ കഴിഞ്ഞെങ്കിൽ!"

അവളുടെ ഓർമ്മയിൽ, ഛർദ്ദിൽ മരണത്തിൻെറ സൂചനയാണു്. അതാരംഭിച്ചാൽ ജീവിതം നീണ്ടു നില്ക്കയില്ല. അവൾ ഭർത്താവിൻെറ ഗതി ഓർത്തു. എല്ലാം എത്ര പെട്ടെന്നാണു് കഴിഞ്ഞതു്!

അവൾ വീണ്ടും ഛർദ്ദിച്ചു. എന്നിട്ടു് അതിൽ തുറിച്ചുനോക്കി ഇരുന്നു.

നാവിൽ എപ്പോഴും പുളിപ്പു കലൎന്ന ജലം നിറയുന്നു. അതോടെ തികട്ടലും. വിട്ടുമാറാത്ത ഭീതി വളത്തിക്കൊണ്ടു് അതു വളൎന്നു നില്ക്കുകയാണു്.

ചന്ദ്രൻ വരുന്നതുവരെ ജീവൻ നിലനിറുത്തണം. അതനിഷേദ്ധ്യമായ ഒരാവശ്യമാണു്. പക്ഷേ എപ്പോഴാണു് വരിക?

അവൾ ഡാക്ടരെ വരുത്തി. തന്റെ സതീൎത്ഥ്യ കൂടിയായിരുന്ന അവൾ ചിരിച്ചു, മരുന്നിനു കുറിക്കുന്നതിനു മുൻപു് അനുമോദിക്കുകയാണു് ചെയ്തതു്. അവൾക്കൊന്നും മനസ്സിലായില്ല. പിന്നെ എല്ലാം വ്യക്തമായി.

വിധവയുടെ ഏകാന്തത അനുഭവിക്കാനിടയാകാത്തവിധം അവൾ ഗൎഭവതിയായിരിക്കുന്നു.

അതറിയാൻ കഴിയാതെ ഭൎത്താവു മരിച്ചുതിലേ ബാക്കിയുള്ളവൎക്കു നിരാശയുള്ളു.

അവളെ സംബന്ധിച്ചിടത്തോളം അതു പ്രതീക്ഷകളുടെ പുറത്തു പതിയിരിക്കുന്ന ഒരു സൎപ്പമായിരുന്നു. ഭൂതകാലത്തിലെ അരുചികരമായ ഭാഗങ്ങൾ വിസ്മൃതമായിരുന്നതാണു്. അതുയൎത്തെഴുന്നേററു രൂപം പൂണ്ടു വരുന്നു. ഭീഷണിപ്പെടുത്തുന്ന വിധം തന്റെ ഉദരം പുതിയ ചലനങ്ങൾ ഉൾക്കൊണ്ടിരിക്കുകയാണു്. ഒരു കന്യകയുടെ പ്രതീക്ഷയോടെ അക്ഷമമായിരുന്ന അവളുടെ ഹൃദയം വിവരിക്കാനാവാത്ത ഒരു കളങ്കബോധത്തിനടിയിൽപെട്ടു ഞെരിഞ്ഞു.

നിറഞ്ഞ വയറുമായി കാമുകനെ കാത്തിരിക്കേണ്ടി വരിക! അവളുടെ മനക്കോട്ടകൾ തകൻറു.

ചന്ദ്രൻ വരാതിരുന്നെങ്കിൽ! വരാതിരുന്നെങ്കിൽ!

പക്ഷെ വരുമെന്ന് അന്തക്കരണം ആവത്തിച്ചറിയിച്ചിരിക്കുന്നു. അതു തെററുമെന്നു വിശ്വസിക്കാൻ കഴിയാത്തവിധം വിവരങ്ങൾ ലഭിച്ചിട്ടുമുണ്ട്.

അവളുടെ ഹൃദയം കൂടുതൽ കാതരമായി.

നിശയുടെ നിശ്ശബ്ദതയിൽ ഒരു കരിയിലയിൽ മഞ്ഞുതുള്ളി വീഴുന്ന ശബ്ദം കേട്ടാൽ അവൾ പിടഞ്ഞെഴുന്നേററു നില്ക്കും. തൻെറ വ്യാമോഹം വഞ്ചിക്കുകയായിരുന്നു എന്നു ബോദ്ധ്യമായി കഴിയുമ്പോൾ സാക്ഷ ഒന്നുകൂടി തള്ളി ഉറപ്പിച്ചിട്ട് അവൾ നിശ്ചലയായി നിന്നു ശ്രദ്ധിക്കും. പക്ഷേ ലോകത്തിൻെറ ഏതു കോണിൽനിന്നോ തൻെറ ആത്മനാഥൻെറ പാദത്തിനടിയിലമരുന്ന മണ്ണിൻെറ സന്ദേശം ഒഴുകി വന്നു ഹൃദയത്തെ തൊട്ടുണത്തുന്നതായി അവൾക്കനുഭവപ്പെട്ടിരുന്നു. അതിനെ അവിശ്വസിക്കാൻ അവൾക്കു കഴിയുമായിരുന്നില്ല.

## വെളിച്ചം മാഞ്ഞ മിന്നാമിനുങ്ങ്.

ആ കുഞ്ഞിനുവേണ്ടി ഒരിക്കലും അവളുടെ മാറു ചുരന്നിട്ടില്ല. അതിൻെറ സ്പർശനം അവളുടെ മാതൃത്വത്തിനു പുളകം നല്കിയിട്ടില്ല. അതിൻെറ നിലനില്പു തന്നെ അവൾ അംഗീകരിക്കുന്നില്ലെന്നു തോന്നി. എങ്കിലും ആ കുഞ്ഞു വളൎന്നു. കൂലിക്കു പരിചരിക്കുവാൻ നിന്നവരാണ് അതിൻെറ ജീവൻ നിലനിറുത്തിയിരുന്നതു്.

അവൾ ഒരു യന്ത്രത്തെപോലെ ജീവിച്ചു. മുല്ലപ്പടപ്പിൽ നിലാവു മുത്തുന്ന നിശകളിൽ ഉന്മേഷശൂന്യമായ മിഴികളിൽ പട്ടുപോയ സ്വപ്നങ്ങളുടെ പട്ടടയുമായി അവൾ ആ കിളിമരത്തിൻെറ ചോട്ടിലെ ഈറ്പ്പം മായാത്ത മണ്ണ് വെട്ടിതിളങ്ങുന്നതും നോക്കിയിരുന്നു നെടുവീപ്പിടും.

---

അവൾ ചന്ദ്രനെ കാത്തിരിക്കുകയാണ്. ഏതു നിമിഷവും അവൾ ആ സമാഗമം പ്രതീക്ഷിക്കുന്നു. വാ

ചാപലമാകാൻ വെമ്പുന്ന ഹൃദയം കാത്തിരുപ്പുകൊണ്ടു വിങ്ങിപ്പൊട്ടാറാവുന്നതായി അനുഭവപ്പെടുന്ന വേളകളിൽ കാമുകൻെറ കാലിൽ കെട്ടിവീണു കണ്ണീരു തൂകുന്നതുപോലെ അവൾ ആ മുല്ലപ്പടപ്പിൻെറ കീഴിൽ ചെന്നു കിടന്നു കരയാറുണ്ടു്. പരാതി പറയുന്നുണ്ടു്.

മാസങ്ങൾ തന്നെ കഴിഞ്ഞുപോയി. അവൾക്കു ലാളിക്കാൻ കഴിയാത്ത ആ കുഞ്ഞു് ആ വീട്ടിനുള്ളിൽ തന്നെ വളരുന്നുണ്ടായിരുന്നു.

ഒരു സായാന്തനം

പോക്കു വെയിലേററു മുററത്തെ ചെന്തെങ്ങിൻെറ കുരുത്തോലകൾ വെട്ടിത്തിളങ്ങുന്നു. കിഴക്കു കാമുകനെ കണ്ടപ്പോൾ മുതൽ അക്ഷമയുടെ അലകളുമായി നിന്ന പശ്ചിമചക്രവാളം വിട്ട നെടുവീർപ്പുകൾ, ഇരുണ്ടമേഘപാളികളായി ഉയൻ നില്ക്കുമ്പോൾ ശോണാഭമായ കിന്നാരിയണിയിക്കപ്പെട്ട ഒരുതല്പം അവിടെ സജ്ജമായി കഴിഞ്ഞു. സാഗരസീമ കാമുകനെ മണവറയിലേക്കാനയിക്കാൻ കാത്തു നില്ക്കുന്ന ആ വേളയിൽ ഉയൎന്ന മരക്കൊമ്പുകളിലെ തളിരിലകൾ മാത്രം ശ്രദ്ധാത്ഥനിർഭരമായ പുഞ്ചിരിയുമായി നിന്നു. പിച്ചിപ്പൂവിൻെറ നാറുമണം കലൎന്ന കാററു മുററത്തു നിറഞ്ഞു.

അന്യമനസ്കയായി ഉലാത്തുന്നതിനിടയിൽ രജനി മുററത്തെ ചെമ്പരത്തിയുടെ ചുവട്ടിൽനിന്നു. തൊട്ടു മുന്നിൽക്കാണുന്ന കുഞ്ഞിൻെറ നേരെ നോക്കിപ്പോയ അ

വൾ എന്തോ ഓക്കുന്നതുപോലെ കാണപ്പെട്ടു. അവൻെറ ഇഷ്ടത്തിനു തുള്ളാൻ നില്ക്കുന്ന ആ വൃദ്ധയുടെ നേരെ അവൾ നോക്കി. അതു ചന്ദ്രൻെറ അമ്മയാണു്. താൻ ചന്ദ്രനോടുകൂടി അതേ മണ്ണിൽ ഇരുന്നു കളിച്ചിട്ടുള്ള കാലം അവൾ ഓത്തു പോയി. അന്നും അവർ കുട്ടിനെത്തുഛായിരുന്നു. മധുരമായി പരിഹസിക്കുകയും കളികളിൽ പങ്കു കൊള്ളുകയും ചെയ്യുമായിരുന്നു.

രജനി ഇമകൂട്ടാതെ നോക്കിനിന്നു.

അവിടെ ഒരു കുഞ്ഞുകൂടി ഉണ്ടായിരിക്കേണ്ടതാണെന്നു തോന്നി. ആ കുട്ടി—?

പൂഴിമണ്ണിൽ ചെമ്പരത്തിപ്പൂവിതളുകൾകൊണ്ടു ചിത്രങ്ങൾ നിമ്മിക്കുന്ന ചന്ദ്രൻെറ അമ്മ മറെറാന്നും കാണുന്നില്ല.

അവർ എങ്ങിനെ അവിടെ എത്തി? ആ കുഞ്ഞുമായി അവക്കിത്ര വലിയ അടുപ്പം സ്ഥാപിക്കാൻ കഴിഞ്ഞതെങ്ങിനെയാണു്? ഒരു പക്ഷേ അതു ദീഘനാളുകളായുള്ള പരിചയത്തിൻെറ പരിണതഫലമായ ഒരാത്മബന്ധമായിരിക്കും.

“ഇനി മോൻ അകത്തു പൊയ്ക്കോ. അമ്മൂമ്മ പോകട്ടെ” അവർ പറയുന്നു.

തന്നെ അവർ കാണാതിരിക്കാനുള്ള കരുതലോടെ രജനി കൂടുതൽ ഒതുങ്ങിനിന്നു.

ആ കുഞ്ഞു് ആ കിഴവിയുടെ കഴുത്തിൽ കരങ്ങൾ ചുററിക്കഴിഞ്ഞു. അവരെ വിടുകയില്ലെന്നു ശഠിക്കുന്നു. അവൻ ആ നിർബന്ധം ആവർത്തിക്കുകയാണു്. തൻെറ ഇംഗിതത്തിനു വഴങ്ങാൻ ബാദ്ധ്യസ്ഥയാക്കുന്നവിധം അവൻ അവരെ ഉമ്മ വെക്കുന്നു; പലതും കൊഞ്ചി പറയുന്നു.

"മോനെ—"

ആ വിളി അതേ മധുരിമയോടെ അവർ വിളിക്കുന്നതു് അവൾ മുൻപും കേട്ടിട്ടുണ്ടു്.

ചെമ്പരത്തിപ്പൂക്കളുടെ ഇടയിലൂടെ രജനി തൻെറ കുഞ്ഞിനെ നിനിമേഷയായി നോക്കിനിന്നു.

"എൻെറ മോനല്ലേ—" വൃദ്ധ കെഞ്ചുകയാണു്. പക്ഷേ അവൻ വിട്ടുവീഴ്ചയ്ക്കു തയ്യാറായില്ല. പിടി മുറുക്കുന്നുമുണ്ടു്.

രജനിയുടെ കരളു പിടയുകയാണു്. ഹൃദയത്തിൽ എന്തൊക്കെയോ പുതുതായി ഇരമ്പിക്കയറി സമ്മർദ്ദമേറുന്നു. അത്യുച്ചത്തിൽ മിടിക്കാൻ അതു കാരണമാകുന്നു. നയനങ്ങൾക്കു മുൻപിൽ മൂടൽമഞ്ഞു പരക്കുന്നു.

ആ കുഞ്ഞിൻെറ രൂപം അവളുടെ ആത്മാവിൻെറ അടിത്തട്ടിലേക്കിഴുകി ഇറങ്ങുകയാണു്. അതു സ്മരണകളുടെ പുറത്തുവീണ നേർത്ത മാറാല തുത്തുകറയുന്നു. ആ വിടർന്ന നെററി, നേർത്ത അധരങ്ങൾ, ചുരുണ്ടമുടി, കവിൾത്തടത്തിലെ ആ നീലഞരമ്പുകൾ കൂടി......ആ

കുട്ടി തന്നോടുകൂടി വളരെ വർഷങ്ങൾക്കു മുൻപു മണ്ണുവാരി കളിച്ചിട്ടുണ്ടെന്നവൾക്കു തോന്നി. താൻ ആ കൂട്ടുകാരനെ വിട്ടിട്ട് എവിടെയൊക്കെയോ അലഞ്ഞു തിരിഞ്ഞു.

അവൾ മുന്നോട്ടു കുതിച്ചു. കുഞ്ഞിനെ വാരിയെടുത്തു മാറോടു ചേർത്തമർത്തി പിടിച്ചുകൊണ്ടു തേങ്ങിക്കരഞ്ഞു. കുട്ടി ഭയന്നു പോയി. അവൻ അവളുടെ കരങ്ങൾക്കുള്ളിൽ കിടന്നു പിടഞ്ഞു. അവളുടെ കൈയിൽ കടിയേല്പിച്ചിട്ടു രക്ഷപ്പെടാൻ കഴിഞ്ഞപ്പോൾ അവൻ തുറിച്ചു നോക്കിനിന്നു.

വൃദ്ധ മൂകയായിരുന്നു. നിറഞ്ഞ നയനങ്ങളും അടഞ്ഞ കണ്ഠവുമായി നിന്ന അവർ അവളുടെ ശിരസ്സിൽ തഴുകി. അവളെ ആശ്വസിപ്പിക്കാനുള്ള വെമ്പലും അസാദ്ധ്യമെന്ന ബോധവുംകൊണ്ട് അവരുടെ അംഗുലികൾ വിറയ്ക്കുന്നുണ്ടായിരുന്നു.

ഒരു സ്വപ്ന ലോകത്തിൽ നിന്നെന്നപോലെ അവൾ ആ കുഞ്ഞിനെതന്നെ നോക്കിക്കൊണ്ടുനിന്നു. എന്തൊക്കെയോ ചോദിക്കാൻ ആത്മാവു പിടയുകയായിരുന്നു. പക്ഷേ നാവു ചലിക്കുന്നില്ല. ആ വൃദ്ധയും അതേ നിലയിൽ നിന്നു.

ഒന്നും സംസാരിക്കാൻ കഴിയാതെ പിരിഞ്ഞ അവർ തമ്മിൽ അടുത്ത ദിവസവും കണ്ടു. അപ്പോൾ ഒരന്വേഷണമുണ്ടാകുന്നതിനു മുൻപു വൃദ്ധ പറഞ്ഞു:

"ഇനി താമസമില്ല. അവൻ വരും."

അവൾ ആ വാർത്ത കേട്ട് നിർവൃതി അടഞ്ഞു. അടഞ്ഞ മിഴികളിൽ കുഞ്ഞിൻെറ കരം പിടിച്ചു ചേർത്തു വച്ചുകൊണ്ടു നില്ക്കുമ്പോൾ അവൾ കണ്ണീരു തൂകുകയായിരുന്നു. ആ കണ്ണീരിന്ന് ഒരിക്കലുമില്ലാത്ത ഒരർത്ഥവ്യാപ്തിയും സുഖവുമുണ്ടായിരുന്നു.

തൻെറ കുഞ്ഞിനെ ഇണക്കാൻ അവൾ കിണഞ്ഞു ശ്രമിച്ചു. പക്ഷേ അവൻ അമ്മയെ ഭയക്കുന്നു; അവൾ സ്പർശിച്ചാൽ കുതറി ഓടുന്നു.

അവൾ എങ്ങിനെയൊക്കെയോ ശ്രമപ്പെട്ടുനോക്കി. പക്ഷേ മിഴികളിലെ ഉന്മത്തഭാവം മായാത്ത അവളുടെ നേരെ അവൻ എപ്പോഴും പകച്ചു നോക്കികൊണ്ടു തന്നെ ഇരുന്നു.

ദിനങ്ങൾ നീങ്ങി. അവളെ കണ്ടാൽ അവൻ ഓടിപ്പോകാതായി. ലേശം കരുതലോടെയെന്നവിധം അടുത്തു ചെല്ലുകയും ചെയ്തിരുന്നു.

അവൾ അവനെ നിർന്നിമേഷയായി നോക്കിയിരിക്കും. അത്ഭുതകരമായ ഈ രൂപസാദൃശ്യം എങ്ങനെയുണ്ടായി. ചന്ദ്രൻെറ വേർപാടിനുശേഷം വളരെ കഴിഞ്ഞാണ് അവൾ അവനെ ഉദരത്തിൽ വഹിച്ചതു് അന്ന് ആ പ്രിയപ്പെട്ട രൂപത്തിൻെറ വിശദാംശങ്ങൾ സ്മരണയിൽ മങ്ങി കിടന്നിരുന്നതുമാണ്. എന്നിട്ടും അന്തരമററ ഒരു പകർപ്പവതരിച്ചിരിക്കുന്നു. എങ്ങിനെ? അവൾക്കൊരെത്തും പിടിയും കിട്ടുന്നില്ല.

എങ്കിലും അവളുടെ ഹൃദയം സംതൃപ്തി നുകരുകയാണ്. താൻ ഒരിക്കലും കളങ്കിതയായിട്ടില്ല എന്നാവൾക്കു തോന്നി. തൻെറ ഹൃദയത്തിൽ ഒരാൾ സ്പർശിക്കാൻ ഇടം കൊടുത്തിട്ടില്ല. വളരെ മുൻപു തന്നെ മറന്ന സ്വന്തം ശരീരത്തെപ്പററി ഇപ്പോഴും അവൾ ചിന്തിച്ചില്ല.

ജീവിതത്തിലെ ഏകാന്തത അകന്നു. തൻെറ ആത്മാവിനെ പുളകം പുതപ്പിക്കാൻ കഴിയുന്ന ആ രൂപത്തിൻെറ പകപ്പു മുന്നിലുണ്ട്.

അവൾ തൻെറ മകനെ വാരി അണച്ചു നെറുകയിൽ ചുംബിച്ചുകൊണ്ടു തേന്തൂറുന്ന സ്വരത്തിൽ വിളിക്കും.

"പൊന്നുമോനേ, ചന്ദ്രാ!"

തൻേറതല്ലാത്ത ആ പേരുച്ചരിച്ചു കേൾക്കുമ്പോഴൊക്കെ അവൻ പതറിയ മിഴികളോടെ അമ്മയെ നോക്കും.

എങ്കിലും അവനവളെ കാര്യമാണ്. അവളുടെ ലാളനകളിൽ അലിഞ്ഞു മുഴുകാനുള്ള കൗതുകം ഒരിക്കലും അവനിൽ കുറഞ്ഞിട്ടില്ല. ചുംബനങ്ങൾക്കു പകരം നൽകാൻ വിസമ്മതം തോന്നിയിട്ടില്ല.

നാളുകൾ നീങ്ങുകയാണ്. അന്യചിന്തകളകന്ന അവളുടെ ജീവിതത്തിൽ ആനന്ദം പതഞ്ഞുയർന്നുനില്ക്കുന്നു. ബാലിശമായ കളികളിൽ ആത്മാർത്ഥതയോടെ പങ്കുകൊള്ളുന്ന അവളുടെ ചിരി കുഞ്ഞിൻേറതിനെക്കാൾ ഉയർന്നു കേൾക്കാറുണ്ട്. ആ ഭവനം ഒരു പുതുജീവൻ പുണരുകയാണ്. അതിലെ ഓരോ അണുവും ഉന്മത്തമാകുന്നു.

നിലാവു നിറഞ്ഞ നിശകളിൽ അവൾ അവന്റെ കൈപിടിച്ചുകൊണ്ടു് മുററത്തു ലാത്തും. അപ്പോൾ മേഘലങ്ങളിൽ അടിവച്ചു നീങ്ങുന്ന ഒരു മാലാഖയുടെ മഹിമ തന്റെ കരളിൽ അവൾക്കനുഭവപ്പെടാറുണ്ടു്.

മഞ്ഞുകൊഴിയുന്ന ഒരു രാത്രി; മിന്നാമിനുങ്ങുകൾ, ചെമ്പരത്തിപ്പൂക്കളിലിരുന്നു സല്ലപിക്കുന്നു. മുല്ലപ്പടപ്പിൽ നിന്നും നിറഞ്ഞ പരിമളം പരന്നൊഴുകുന്നു. തളിരിലകൾ മയിൽപ്പീലിപോലെ ശോഭിക്കുകയാണു്.

അവളുടെ ഹൃദയം ലഹരി പിടിച്ചിരുന്നു. സിരകളിൽ ഉല്ലാസം തിരതല്ലി നില്ക്കുകയാണു്. എങ്കിലും അംഗങ്ങൾ ചലിക്കാൻ മറന്ന നിലയിലാണു്.

തന്റെ ഹൃദയനാഥൻ അവസാനമായി കണ്ണീരുതുകിയ പൂഴിമണ്ണിൽ അവൾ ഇരുന്നു. മകനെ മടിയിൽ കിടത്തി ചുരുണ്ട മുടിയിൽ തഴുകിക്കൊണ്ടിരിക്കുമ്പോൾ മുല്ലപ്പൂമണത്തിന്റെ ശ്രുതിപററിയ ചേതന, തനിക്കു സമ്മാനമായി ലഭിച്ച ഒരു ഗാനം അവളുടെ ആത്മാവിന്റെ തന്ത്രികളിൽ മീട്ടി. അതിന്റെ ലഹരി പിടിച്ചു കുഞ്ഞുറങ്ങി. അവളുടെ നയനങ്ങളിലും നിദ്ര സാന്ദ്രമായി തഴുകി തുടങ്ങിയിരുന്നു. കൊഴിഞ്ഞു വീണ മുല്ലപ്പൂക്കൾ സുഗന്ധം പുരട്ടിയ മണ്ണിൽ കിടന്നു് അവൾ ഉറങ്ങി.

അവളുടെ ചേതന സ്വപ്നസുന്ദരമായ ഒരനുഭൂതിയിൽ ലയിച്ചു. തങ്കപ്പൂക്കൾ വിടന്ന ആമ്പലുകൾക്കിട

യില്പടെ മഴവില്ലിൻെറ തോണി മന്ദമന്ദം ചാഞ്ചാടി നീങ്ങുന്നു. ഓളങ്ങളുടെ അളകങ്ങൾ പറത്തികൊണ്ടുള്ള ആ പ്രയാണത്തെ നിയന്ത്രിക്കുന്ന ചുക്കാൻ ചന്ദ്രൻെറ പക്കലാണ്. അവളെ മാറോടണച്ചു വച്ചുകൊണ്ട് അയാൾ തോളിൽ പററിച്ചേന്നു കിടക്കുന്ന കുഞ്ഞിനെ ചുംബിക്കുകയും തോണിയുടെ ഗതി നിയന്ത്രിക്കുകയും ചെയ്യുന്നു. മിഴികൾ പൂട്ടി നിർവൃതിയിലാണ്ടു കിടക്കുമ്പോൾ തന്നെ നയനങ്ങൾ പ്രേമനിർഭരമായ ഒരു സാന്ദ്രതയോടെ തന്നെ വീക്ഷിക്കുന്നതവൾക്കു കാണാം. കല്പവൃക്ഷക്കൊമ്പുകൾ തളിരിലകളുടെ നാവുകൾ വാചാലമാക്കി നില്ക്കുകയാണ്, അവയുടെ വിടരാൻപാകാമാത്ത മൊട്ടുകൾകൂടി ഔത്സുക്യത്തോടെ മിഴികൾ തുറന്നു നോക്കുന്നുണ്ട്. കോരിത്തരിച്ച മേനിയും കുളിരണിഞ്ഞ കരളുമായി കിടക്കുമ്പോൾ അയാളുടെ ഹൃദയസ്പന്ദനത്തിൻെറ സംഗീതസാന്ദ്രമായ മധുരിമ തൻെറ ആത്മാവിനെ തഴുകി പുണരുന്നു.........

ഉണന്നപ്പോൾ പുലരാറായിരുന്നു. മാതൃത്വത്തിൻെറ സംതൃപ്തി പൂണ്ടിരിക്കുമ്പോൾ ശുഭാപ്തി വിശ്വാസം വളത്തുന്ന അനുഭവങ്ങളുടെ സ്മരണ തത്തിനില്ക്കുന്ന കരളോടെ ഉണന്നു. അവൾ, കാമുകൻെറ മേനിയിൽനിന്നും ഊന്നിറങ്ങിപ്പോയ പുതപ്പുവലിച്ചു പുതപ്പിക്കുന്നതുപോലെ ആ വിശുദ്ധമായ മണ്ണിനെ ലാളിച്ചു.

തൻെറ കുഞ്ഞിനെമാത്രം അരികിൽ കണ്ടപ്പോൾ യാഥാത്ഥ്യത്തിലേക്കു മടങ്ങിവന്ന അവൾ ചുററും നോക്കി. മിഴികൾ കിഴക്കേക്കുന്നിൻെറ ഉച്ചിയിൽനിന്നും

ഉത്ഭവിച്ച, പ്രപഞ്ചം അണിഞ്ഞിരിക്കുന്ന മൂടൽമഞ്ഞിന്റെ മൂടുപടം വലിച്ചുമാറവുന്ന ചെങ്കതിർ പ്രഭയിൽ ചെന്നു വിശ്രമിച്ചു.

ആദ്യത്തെ പ്രകാശത്തിൽ കുളിച്ചിരിക്കുമ്പോൾ അവൾ ഒന്നു വിറച്ചു മധുരമായ തളച്ച്യോടെ മൂരി നിവത്തപ്പോൾ സന്ധിബന്ധങ്ങളിൽ ഒരു വല്ലാത്ത തളച്ച്. അവൾ മുല്ലപ്പടപ്പിലേക്കു നോക്കി. ആദ്യരാത്രി കഴിഞ്ഞുണന്ന്, ഉറങ്ങുന്ന ഭത്താവിനെ കണികാണുന്ന നവവധുവിനെപോലെ അവളുടെ കപോലങ്ങൾ രാഗദ്യുതിനിറഞ്ഞ കുങ്കുമഭംഗിയണിഞ്ഞു: മുല്ലപ്പടപ്പിൽ നുഴഞ്ഞു കയറുന്ന ഒരു ഭ്രമരത്തെ അനുകരിച്ച് അവൾ ഒരു പ്രേമഗാനം മൂളി.

പക്ഷേ അടുത്ത നിമിഷത്തിൽ അവൾ നടുങ്ങിപ്പോയി. തന്റെ കുഞ്ഞിന്റെ മേനി പൊള്ളുന്നു, ശ്വാസഗതി ലേശം തടസ്സപ്പെട്ട വിധവുമാണു്. മാറത്തലച്ചുകൊണ്ടു് അവൾ അവനെ വാരി എടുത്തു. ആ ഓമന മെയ്യിൽ അധരങ്ങളമത്തിക്കൊണ്ടു് അവൾ തേങ്ങിക്കരഞ്ഞു.

ഒരു ഭ്രാന്തിയെപ്പോലെ വീട്ടിനുള്ളിലേക്കോടിയ അവൾ അടുത്ത നിമിഷത്തിൽ തെരുവിലിറങ്ങി. ഡാക്ടരുടെ മുന്നിലെത്തിയപ്പോൾ കുഞ്ഞിനെ നീട്ടിക്കൊണ്ടു അടഞ്ഞ തൊണ്ടയോടെ അവൾ നിന്നു. മിഴികൾ പതറിയിരുന്നു, വാക്കുകൾക്കു രൂപം കൊടുക്കാൻ കഴിവില്ലാത്ത നാവു പിടയുന്നുണ്ടു്. വിയത്ത നെററിത്തടത്തിൽ അള

കങ്ങൾ പററിപ്പിടിച്ചു കിടന്നു. മാറിടം ഉയൻനമന്നു കൊണ്ടിരുന്നു.

ഡാക്ടർ നിർവികാരനായി കുട്ടിയെ പരിശോധിച്ചു: ശൂന്യഹൃദയത്തോടെ അവൾ തുറിച്ചു നോക്കിനിന്നു.

ഏഴു ദിവസം ആ കുഞ്ഞു തിളച്ച മേനിയോടെ കിടന്നു. അവനെ പരിചരിക്കാനും, ഒന്നു സ്പർശിക്കാൻ തന്നെയും അവൾക്കു കഴിഞ്ഞിരുന്നില്ല. അവനു് മരുന്നു കൊടുക്കുന്നതും വിയപ്പു തുടയ്ക്കുന്നതും എല്ലാം നോക്കി അവൾ ഒരു പ്രതിമപോലെ ഇരുന്നു.

ഒടുവിൽ ആ കുഞ്ഞിൻെറ മുഖത്തു തുണിവലിച്ചിട്ടപ്പോഴും അവൾ നിർവികാരയെപ്പോലെതന്നെ കാണപ്പെട്ടു.

ഏറെ ദിവസങ്ങളോളം അവൾ തൻെറ അറയിൽ അടച്ചുമൂടി ഇരുന്നു. അവളുടെ ചേതന ജീർണ്ണിക്കുകയാണു്. മേനി വാടുന്നു.

ഒടുവിൽ അവൾ ഒരു രാത്രി ആ മുല്ലക്കാടിൻെറ തണലിൽചെന്നു വീണു കിടന്നുരുണ്ടു കരഞ്ഞു.

“നമ്മുടെ കുഞ്ഞു പോയതറിഞ്ഞില്ലേ!!” തേങ്ങലുകൾക്കിടയിൽ അവൾ ചോദിച്ചു.

അവളുടെ കണ്ണുനീരു തുടയ്ക്കാൻ വെമ്പി നിന്നിരുന്ന മുല്ലപ്പൂക്കൾ ആ നനവാർന്ന കപോലങ്ങളിലേക്കു കൊഴിഞ്ഞു വീണു.

## വ്യാമോഹത്തിൽനിന്നു പിറന്ന

## ചെകുത്താൻ

പാടത്തിനു മദ്ധ്യത്തിലുള്ള, പൊയ്കയിൽ വിടൎന്നു നില്ക്കുന്ന ആമ്പൽപൂക്കളിലേക്കു നോക്കിനിന്നു തന്റെ അധരങ്ങളുടെ മധുരിമയെപ്പററി ചന്ദ്രൻ പാടിയ പാട്ട് തികച്ചും അവിചാരിതമായാണ് അവൾക്കു വീണ്ടും കേൾക്കാൻ കഴിഞ്ഞതു്. അതു് അവളുടെ ജീവിതത്തിൽ ഒട്ടിപ്പിടിച്ചു നില്ക്കുന്ന വേദനകളുടെ അന്ത്യം കുറിക്കുന്ന നിമിഷമായിരുന്നു. ആ ഗാനം അവസാനിച്ചപ്പോൾ അവൾ ആ റേഡിയോയെ മുറുകെ പുണൎന്നു കൊണ്ടിരുന്നു കണ്ണീർ വാൎത്തു. പക്ഷേ മിഴികളിൽ അവാച്യമായ പ്രഭ തിരളുന്ന ഒരു ദ്യുതി മിന്നിയിരുന്നു. വെള്ളിനിലാവിന്റെ പട്ടുമെത്തയിൽ മണം പരത്തുന്ന മുല്ലപ്പടപ്പിനിടയിൽ ഒരു ചിറകടി ശബ്ദവും തുടൎന്നൊരു കുയിൽനാദവും കേട്ടപ്പോൾ അവൾ ഒരു സ്വപ്നനാടകത്തിലെന്നപോലെ എഴുന്നേററു.

അകാലത്തിൽ ആദ്യത്തെ ഇക്കിളി നകന്ന മധുരമായ സൈ്വരക്കേടോടെ ആ കിളിമരത്തിൽ വന്ന പററിയ ഒരു കുയിൽ ഏകാന്തത അകററാനെന്നോണ്ട ഇണയെ പുളക പ്രകർഷത്തോടെ ഗ്രദ്ധമായി ക്ഷണിക്കുകയായിരുന്നു. ആ ശബ്ദം അവളുടെ കരളിൽ ചെന്നു തട്ടി. അതോടെ തുറ ക്കപ്പെട്ട ഹൃദയകവാടത്തിലൂടെ ലഹരി പിടിപ്പിക്കുന്ന മുല്ലപ്പൂമണം ഇരമ്പിക്കയറി.

ആ കിളിമരത്തിൻറ താഴെയുള്ള പൂഴിയിൽ തള ന്നിരുന്ന് അവൾ അപാരതയിലേക്കു മിഴികളയച്ചു. ആ ദ്യത്തെ കിരണങ്ങളേററ്, ഒരിക്കലും ഈറപ്പും മാറാത്ത, ആ മണൽത്തരികൾ കെട്ടിപ്പുണൎന്നു നില്ക്കുന്ന ചികുരഭാരം വാ രികെട്ടാതെ അവൾ എഴുന്നേററു നടന്നു.

ചൂടു വൎദ്ധിച്ചപ്പോൾ അവളുടെ ചേതനയിലെ മായികലോകം മാഞ്ഞു. അവൾ തൻെറ അറയിൽ വന്നു കിടന്ന് അന്തിവരെ ഉറങ്ങി. ഉണൎന്നപ്പോൾ ഹൃദയത്തി ലമൎന്നിരുന്ന ഭാരത്തിനു കുറവു വന്നിരുന്നു.

കുളിരു പടൎന്ന നിശകളിൽ ആ മുല്ലപ്പടപ്പിനടു ത്തിരുന്നു, കേൾക്കാൻ കൊതിക്കുന്ന ഗാനത്തിനുവേണ്ടി ഹൃദയം ദാഹാൎത്തമാകുമ്പോൾ അവൾ പരാതി പറയുന്ന മിഴികളുമായി വിടരാൻ വെമ്പിനില്ക്കുന്ന മുല്ലമൊട്ടുകളെ പിടിച്ചു കവിൾത്തടത്തിലമൎത്തിയിരുന്നു. ഭൂതകാലത്തി ൻെറ നഖചിത്രങ്ങൾപോലും അവളുടെ ചിന്തകളുടെ ലാ ളനയിൽ വ്യക്തമായ രൂപം പ്രാപിച്ചുവന്നു.

കൊഴിഞ്ഞു വീഴുന്ന നക്ഷത്രങ്ങളിലേക്കു കൊതിയോടെ നോക്കിയിരുന്ന് അവൾ നിശകൾനീക്കി. തൻെറ മിഴികൾ പതിയുന്ന ഏതൊരു പരമാണുവിൽനിന്നും ആശ്വാസമരുളുന്ന ഒരു രൂപം ആകാരംപൂണ്ടു വരുമെന്നവൾ കരുതി.

ആത്മാവിൽ ഇക്കിളി കൂട്ടുന്ന ആ ഗാനം ഹൃദയതന്ത്രികൾ മധുരമായി മീട്ടിക്കൊണ്ടിരുന്നു. അപ്പോൾ അവളെ ഉന്മത്തയാക്കുന്ന ഒരു കുറിപ്പുംകൂടി കിട്ടി.

ഇനി കാത്തിരുന്നു കഴുത്തു നീട്ടേണ്ടതില്ല. ഏതു നിമിഷത്തിലും ചന്ദ്രൻ വന്നെത്താം; ഏതു നിമിഷത്തിലും!

ജനാലയിൽക്കൂടി തെരുവിലേക്കു നോക്കിനില്ക്കുമ്പോൾ അവളുടെ ഹൃദയം ഉച്ചത്തിൽ മിടിച്ചുകൊണ്ടിരിക്കും, അന്തമില്ലാതെ നീങ്ങുന്ന പുരുഷസഞ്ചയത്തിനിടയിൽ തൻെറ കരളിൽ പതിഞ്ഞു കിടക്കുന്ന രൂപത്തിനോടു സാദൃശ്യമററ വദനങ്ങൾ കണ്ടു ഉറച്ചു വിശ്വാസത്തോടെ അവൾ ഹൃദ്യമായി പുഞ്ചിരിച്ചിട്ടുണ്ട്; മൂകമായ സ്വാഗതോക്തികൾ തെളിഞ്ഞ മിഴികളോടെ ലജ്ജാവനമ്രമുഖിയായിനിന്നു നഖം കടിച്ചിട്ടുണ്ട്. പക്ഷേ തെററു മനസ്സിലാകുമ്പോൾ തൻെറ പിടിയിലമർന്നിരിക്കുന്ന കത്തു മാറോടമർത്തി വച്ചുകൊണ്ട് നൈമിഷികമായ ഒരു നിരാശയിൽ അവൾ ആണ്ടുപോകും.

ദിനങ്ങൾ കടന്നു പോകുന്നു; പാദങ്ങളിൽ കെട്ടിയിടപ്പെട്ട ഉല്ക്കണ്ഠകളുടെ കരിമ്പാറകളും വലിച്ചിഴച്ചുകൊണ്ടു് നീങ്ങാൻ ബാദ്ധ്യസ്ഥമായപോലെയുള്ള നാളുകൾ; ഓരോ നിമിഷത്തിനും ഒരു പുരുഷായുസ്സിനോളംതന്നെ നീളമുണ്ടു്.

ഒരു കുഞ്ഞിനെ ലാളിക്കാനുള്ള ആത്തി ഉല്ക്കടമായുയരുമ്പോൾ ജനാലയുടെ അഴികളിൽ മുഖം ചേത്തു നിന്നു് അവൾ നെടുവീപ്പിടും. അവളുടെ ഹൃദയം വേവലാതിപൂണ്ടു. ചന്ദ്രൻ എന്നാണു് വരുന്നതു്? തന്നിൽ ഒരു മുളപൊട്ടാനുള്ള ഈപ്പം നഷ്ടപ്പെട്ടു കഴിഞ്ഞിട്ടോ? തന്റെ ചെവിയിൽ മന്ത്രിക്കപ്പെട്ടിട്ടുള്ള മധുരമായ പേരുകളുടെ അവകാശികളാകാനുള്ള കുഞ്ഞുങ്ങളെപ്പററി ഓക്കുമ്പോൾ അവൾക്കു ഭ്രാന്തുപിടിക്കുമെന്നു തോന്നി.

വേദന വിങ്ങുന്ന മിഴികളിൽ നിറഞ്ഞ ഉല്ക്കണ്ഠയോടെ അവൾ എന്നും ജനാലയുടെ അടുത്തുനിന്നു തെരുവിലേക്കു നോക്കും. തന്നെ ശ്രദ്ധിക്കുന്ന ഓരോരുത്തരിലും തന്റെ ദേവന്റെ രൂപം ദശിച്ചു പോകുന്ന അവൾ നൈമിഷികമായ ആ വിഭ്രാന്തിയിൽ നിന്നുണന്നിട്ടു പൊട്ടിക്കരയും. അനിയന്ത്രിതമായ കണ്ണീരുകൊണ്ടു തളന്നു പോകുമ്പോൾതന്നെ എല്ലാററിനെപ്പററിയും അജ്ഞയാക്കുന്ന ചുംബനങ്ങൾ കൺപോളകളിൽ അനുഭവപ്പെടുന്നതായി അവൾക്കു തോന്നിയിട്ടുണ്ടു്. പിടഞ്ഞുണന്നു തുള്ളുന്ന ഹൃദയത്തോടെ അവൾ കരങ്ങൾ നീട്ടും. പക്ഷേ പിടി

കിട്ടാത്ത സ്വന്തം നിഴൽമാത്രം മുന്നിൽ നീണ്ടുനിവൻ നില്ക്കുന്നതു കാണുമ്പോൾ അവൾ കൂടുതൽ തരളിതയാകും.

തെളിഞ്ഞ നിലാവും നിറഞ്ഞ പാലപ്പൂമണവുമുള്ള ഒരു നിശ.

നിലാവിൽ ഒഴുകി നടക്കുന്ന ഒരു കസവുനാടപോലെ അവൾ പുറത്തിറങ്ങി. സാവധാനം അടിവച്ച് അവൾ ആ മുല്ലപ്പടപ്പിനടുത്തെ പൂഴിമണ്ണിൽ ചെന്നിരുന്നു തണുത്ത മിഴികളോടെ, തൻെറ മാറിടത്തെ ലക്ഷ്യമാക്കി കൊഴിഞ്ഞുവീഴുന്ന നക്ഷത്രങ്ങളിലേക്കു നോക്കി അവൾ ഇരുന്നു. ഒരിക്കലും ഈറപ്പും മാറാത്ത പൂഴിയിൽ അലിഞ്ഞു ചേൻ മുല്ലപ്പൂമണം അവൾ അധരങ്ങൾകൊണ്ടു നുകന്നു.

വെൺപട്ടുതുവാലപോലെ ഒഴുകിനീങ്ങുന്ന ഒരു മേഘശകലംകൊണ്ടു മുഖം തുടച്ചിട്ടു പൂവ്വവൽപ്രഭാപൂരിതമായ ഒരു ഭാവത്തോടെ നില്ക്കുന്ന ശശാങ്കനിലേക്കു നോക്കിയിരിക്കുമ്പോൾ തനിക്കു പ്രിയപ്പെട്ട രൂപം ആകാശത്തിൽ തെളിഞ്ഞു നില്ക്കുന്നതായി അവൾക്കു തോന്നി. ആത്മാവു മദാലസയായ ഹംസപ്പിടയെപ്പോലെ അതിൻെറ നേക്കു പറന്നുയരുന്നു. അവൾ ആ നനഞ്ഞ മണ്ണിൻെറ കുളുമ്മ കപോലങ്ങൾകൊണ്ട് ഒപ്പി എടുത്തുകൊണ്ടു കിടന്നു.

നടുനിശ കഴിഞ്ഞു. മുല്ലപ്പടപ്പിലിരുന്നു മിന്നാമിനുങ്ങുകൾ പുഞ്ചിരിതൂകി. തളിരിലകളിൽ തത്തിനിന്ന ഹിമകണങ്ങൾ നക്ഷത്രങ്ങളെ മാറിൽ ചേത്തുപിടിച്ചു

കൊണ്ടു് അമൂല്യരത്നങ്ങൾപോലെ മിന്നി. കാട്ടുദർഭകളിൽ നിന്നാരംഭിച്ചു മന്ദപവനൻ മണിയറഒരുക്കിയ മുളങ്കാടിൽ നിന്നുതിർത്ത വേണുഗാനരുചി അവിടേക്കൊഴുകി വന്നു. തൻെറ കൺമുമ്പിൽ ഒരു മായികസ്വപ്നം രൂപം കൊള്ളു ന്നതായി തോന്നിയ അവൾ നിർവൃതികരമായ ഒരബോ ധാവസ്ഥയിലെത്തിക്കുന്ന പുളകം നുകന്നു കരളോടെ കിട ന്നു. നേർത്ത മഞ്ഞും, ചന്ദ്രികയുംകൂടി രൂപപ്പെടുത്തിയ പോലെ ഒരു നിഴൽരൂപം അടുത്തടുത്തുവരുന്നു. അവൾ ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു നോക്കി ഇരുന്നു. ആ രൂ പം സമീപിക്കുകയാണു്. അവളുടെ ഹൃദയം ഉച്ചത്തിൽ മിടിക്കാൻ തുടങ്ങി. അംഗങ്ങൾ ഹൃദ്യമായ ഒരു പാരവ ശ്യമടയുന്നു, മാറിടം തിളയ്ക്കുന്നു. സിരകളിൽ, കുരവപ്പൂ കത്തുന്നതിൻെറ ഇരമ്പൽ.

ആ രൂപം ഉരുകി വികസിച്ചിട്ടു് മറഞ്ഞു നില്ക്കു ന്നതുപോലെ അവൾക്കു തോന്നി.

അവൾ പിടഞ്ഞെഴുന്നേററു. മിഴികളടച്ചു, കര ങ്ങൾ നീട്ടിപിടിച്ചുകൊണ്ടു്, അവൾ ആ മാറിടത്തിലേ ക്കെത്തിവീണു. ആ വിടന്ന നെഞ്ചിൽ ശിരസ്സുചേർത്ത പ്പോൾ അവളുടെ മിഴികൾ നിറഞ്ഞിരുന്നു.

ദുർബലമെങ്കിലും വ്യക്തമായ സ്വരത്തിൽ അ വൾ ചോദിച്ചു:

"എന്തേ, ഇത്ര വൈകിയതു്?"

അയാൾ മറുപടി പറഞ്ഞില്ല. അവളെ അടക്കിപിടിച്ചുകൊണ്ടു നില്ക്കുകമാത്രം ചെയ്തു. അപ്പോൾ ചോദ്യം താനല്ല ചോദിച്ചതെന്നവൾക്കു തോന്നി തന്റെ അനുഭവം ഒരു വിഭ്രാന്തി മാത്രമാണെന്നും, അതിനെപ്പററി ഉറപ്പു വരുത്താൻ തുടങ്ങുമ്പോൾ, തന്റേതല്ലാത്ത ആ ചോദ്യം ഉരുവിട്ടയാളെ കാണാൻ തിരയുന്നതുപോലെ അവൾ ചുററും പകച്ചുനോക്കി. താൻ കരം നീട്ടിയിട്ടുള്ളപ്പോഴൊക്കെ സ്പർശിക്കാനാവാത്ത തന്റെ നിഴൽതന്നെ വഞ്ചിച്ചിട്ടുള്ളതോർത്ത അവളുടെ മിഴികൾ കൂടുതൽ ഏകാഗ്രതയോടെ തുറന്നുനിന്നു. എങ്ങും ശൂന്യത. ഒഴിഞ്ഞ കടന്തൽക്കൂടിനപ്പുറത്തു നിന്നൊന്നാവിധം ആ രൂപം മാത്രം കാണാം.

അവൾ അയാളെ കൂടുതൽ മുറുകെ പിടിച്ചു. ആ മാറിടത്തിൽ ശിരസ്സ് കൂടുതൽ അമർത്തിവച്ചു.

അയാൾ അവളുടെ മുഖം പിടിച്ചുയർത്തിയപ്പോൾ മിഴികളടച്ചുകൊണ്ടു് അവൾ പുഞ്ചിരിച്ചു. മോഹമഗ്നമായ ഒരു മാനസികാവസ്ഥയിൽ തന്റെ കരങ്ങൾക്കുള്ളിലേക്കു തളർന്നുവീണ അവളുടെ അസ്ഥികൾ ഞെരിയത്തക്കവിധം അയാൾ അവളെ കെട്ടി പുണർന്നു. ആർത്തിപിടിച്ച അധരങ്ങൾ അവളെ ചുംബനങ്ങൾകൊണ്ടു മൂടി.

സുഖപ്രദമായ ഒരു തളർച്ചയോടെ ഇരുന്ന അയാൾ മുഖംപൊത്തിക്കരയുന്ന അവളെ അത്ഭുതത്തോടെ നോക്കിക്കൊണ്ടു ചോദിച്ചു.

"എന്താണിതു്?"

അവൾ അതു കേട്ടില്ല.

തേങ്ങിക്കരയുന്ന അവളെ നോക്കിയിരിക്കു മ്പോൾ തന്നെപ്പററി ചിന്തിച്ചുപോയ അയാൾ പറഞ്ഞു:

"ഞാൻ ആത്മഹത്യ ചെയ്യാനുറച്ച ദിവസമാണു് നിന്നെക്കണ്ടതു്."

"നിങ്ങളാരാണു്?"

ഇടിവെട്ടുന്ന സ്വരത്തിൽ അവൾ ചോദിച്ചു. ത ന്നെ ആത്മവിസ്മൃതിയിൽനിന്നും ഉണർത്തിയ അവളെ അയാൾ പകച്ചു നോക്കി.

"എനിക്കു തെററിപ്പോയതാണെന്നോ?"

ആ പാതയിലേക്കു നോക്കിനിന്നു തികച്ചും അ പരിചിതനായ തൻെറനേരെ അവൾ പുഞ്ചിരി പൊഴി ച്ചിട്ടുള്ളതിനെപ്പററി ഓർത്ത അയാൾ അവളുടെ ബുദ്ധി സ്ഥിരതയെപ്പററി സംശയാലുവായി ചോദിച്ചു. അയാ ളെ കാണാതിരിക്കാനായി അവൾ മുഖം പൊത്തി.

മസ്തിഷ്കത്തിൽ ആഞ്ഞടിക്കുന്ന കൊടുങ്കാററിനു പുറത്തു കടക്കാൻ സഹായിക്കുന്ന വിധം അവൾ ശിരസ്സി ലിട്ടടിച്ചു. എന്തിനെന്നില്ലാതെ അവൾ ആകാശത്തി ലേക്കു നോക്കി. ആകാശം ഒരു തകർന്ന പാനപാത്രംപോ

ലെ താണു താണു വരുന്നു. അതിനടിയിൽപെട്ടു ഞെരിയാൻ കൊതിക്കുന്നതുപോലെ അവൾ കുമ്പിട്ടിരുന്നു.

അവളെ അനുനയിപ്പിക്കാൻ കഴിയുമെന്നു് അയാൾ വ്യാമോഹിച്ചു. അതു താല്ക്കാലികമായ ഒരമ്പരപ്പാണെന്നു് അയാൾ കരുതി. നീലാകാശത്തിൽ വിടൎന്നു നില്ക്കുന്ന തങ്കപ്പൂക്കളിലേക്കു നോക്കിയപ്പോൾ നിമിഷങ്ങൾക്കു മുൻപു നുകൎന്ന അവളുടെ മധുരിമ ഓൎമ്മവന്ന അയാൾ മുന്നോട്ടാഞ്ഞു. എല്ലാം മറന്ന അയാൾ അവളുടെ മടിയിൽ തലചേൎത്തു കിടക്കാൻ കൊതിച്ചുകൊണ്ടു പുഞ്ചിരിച്ചു.

അവൾ പിടഞ്ഞുമാറി. അവളുടെ ഹൃദയസ്പന്ദനം അന്തരീക്ഷത്തിൽ അലകളുയൎത്തുന്നതുപോലെ തോന്നി.

"നീ എന്നെ വെറുക്കുന്നോ?"

"അതേ" അവൾ ആക്രോശിച്ചു. ആത്മനിന്ദകൊണ്ടു് അവളുടെ തുടുത്ത കപോലത്തിലെ നീല ഞരമ്പുകൾ പിടഞ്ഞുയൎന്നിരുന്നു.

അവളുടെ സ്വരത്തിലെ അസന്ദിഗ്ദ്ധത അയാളെ നടുക്കി. തന്റെ ആരോപണം അവൾ നിഷേധിക്കുമെന്നാണു് അയാൾ കരുതിയതു്. അവളെകാണാൻവേണ്ടി എന്നും ആ പാതയിൽക്കൂടി നടക്കാറുള്ള അയാൾ പുതിയ സ്വപ്നങ്ങൾ കെട്ടിപ്പടുത്തിരുന്നു. അതെല്ലാം തകൎന്നടിഞ്ഞു താറുമാറായി. അവളുടെ ഭാവത്തിലെ ജ്വലി

ക്കുന്ന പാരുഷ്യം അയാളെ പരവശനാക്കി. അയാളുടെ നയനങ്ങളിലെ ദ്യുതി മാഞ്ഞു.

വാചാലനാകാൻ വെമ്പിയിരുന്ന അയാൾ അടിച്ചേല്പിക്കപ്പെട്ട മൂകതയുടെ ഭാരം പേറാനാവാതെ നിന്നുരുകുമ്പോൾ മിഴികൾ നിറഞ്ഞു.

"ലോകം മുഴുവൻ എന്നെ വെറുക്കപ്പെട്ടിരിക്കുന്നു. ആനന്ദം എന്നും എനിക്കു വിലക്കപ്പെട്ടിരുന്നു. നിനക്കും എന്നെ ആവശ്യമില്ലാതായി" യുഗങ്ങളായി അവളുമായി ബന്ധപ്പെട്ടിട്ടെന്ന വിശ്വാസം അയാളിൽ ഉറച്ചിരുന്നതിന്റെ സൂചന ആ സ്വരത്തിലുണ്ടായിരുന്നു.

"നിങ്ങൾ എന്റെ ചന്ദ്രനല്ല."

അവൾ, തന്നെയായിരുന്നില്ല പ്രതീക്ഷിച്ചിരുന്നതെന്ന സംശയം ഉദിച്ചു കഴിഞ്ഞിരുന്ന അയാൾ ആ പ്രഖ്യാപനത്തിന്റെ മുൻപിൽ തകർന്നുപോയി.

"പക്ഷേ—"

"വേണ്ട മറെറാന്നും എനിക്കാവശ്യമില്ല." വിധിയുടെ മുഖത്തുനോക്കി അലറുന്നതുപോലെ അവൾ നിർദ്ദയം ഉരുവിട്ടു.

അയാൾ അവളുടെ നയനങ്ങളിലേക്കു നോക്കി. അതോടെ ഉൾത്തടം കിടുങ്ങിപ്പോയി. എന്തൊരു ഭാവമാണവളുടേതു! നിമിഷങ്ങൾക്കു മുൻപു സച്ഛസ്വാതന്ത്ര്യ

വും അനുവദിച്ച അവൾ അപരിചിതയെപ്പോലെ പെരു മാറുന്നു. അവൾക്കെന്താണ്? ബുദ്ധിസ്ഥിരതയില്ലാത്ത വളാണോ അവൾ?

അവളെ സ്പർശിക്കാനിടയായതിൽ അവൾ തന്നോടു തന്നെ അരിശപ്പെട്ടു. പ്രേമത്തിൻെറ വേദനയൊഴിച്ചു മററെല്ലാം അയാൾ അനുഭവിച്ചിരുന്നു. അതില്ലാതെ തന്നെ ജീവിതം ദുർഭരമായി നീറുന്ന ആത്മാവിനെ ചുമന്നുകൊണ്ട് അയാൾ നടന്നു. ഒടുവിൽ അതും തീരെ അസഹ്യമായി. ജീവിതം എവിടെയെങ്കിലും വലിച്ചെറിയുകയല്ലാതെ മററു മാർഗ്ഗമില്ലെന്നു വന്നു. അയാൾ അതിനു തീരുമാനിക്കുകയും ചെയ്തു.

അപ്പോഴാണ് ആ ജനാലയ്ക്കടുത്ത് അവളെ കണ്ടത്. ആ രൂപത്തിനൊരസാധാരണത്വമുണ്ടായിരുന്നു. ആ മിഴികളിലെ ദാഹത്തിനൊരു പ്രത്യേകതയുണ്ടായിരുന്നു. അയാൾ അതു ശ്രദ്ധിക്കാൻ തുടങ്ങി. അവളുടെ നോട്ടം തന്നിൽ പതിയുന്നതായി തോന്നുന്നതുവരെ അയാൾ അക്ഷമനായാണ് കഴിച്ചത്. ആ ദിനങ്ങളിൽ തൻെറ ജീവിതത്തിൻെറ തകച്ച് തെളിഞ്ഞ അനുഭവങ്ങളെപ്പററിയുള്ള അസ്വസ്ഥ ചിന്തകൾ അയാളെ വിട്ടകന്നിരുന്നു.

അവളെപ്പററിയുള്ള ചിന്തകൊണ്ട് എല്ലാം വേദനകളും മാഞ്ഞു. ജീവിതനൈരാശ്യങ്ങളുടെ സ്ഥാനത്ത് ഉൽക്കണ്ഠകൾ കടന്നുകൂടി. അവ പരിഹരിക്കപ്പെടാതെ

നില്ക്കുമ്പോൾതന്നെ അഭിലാഷങ്ങൾ രൂപം പ്രാപിച്ചു പരിധിയില്ലാതെ വളന്നു.

നിലാവു നിറഞ്ഞ നിശയിൽ ഉല്ക്കടമായ ദാഹത്തോടെ നടന്നതു പ്രതീക്ഷാരഹിതമായാണു്, അവിടെ കടന്നു ചെന്നതു്. ഒരു സ്വപ്നത്തിലെന്നപോലെയും അപ്പോൾ ജനാലയിൽക്കൂടി, ശാന്തമായുറങ്ങുന്ന അവളെ ഒരു നോക്കു കാണാനുള്ള ആശ മാത്രമേ ഉണ്ടായിരുന്നുള്ളു. പക്ഷേ തനിക്കുതന്നെ വിശ്വസിക്കാൻ കഴിയാത്തവിധം ഭാഗ്യം വന്നു പുണന്നു. കാത്തു നിന്നു കുഴഞ്ഞപോലെ അവൾ അയാളുടെ കരങ്ങൾക്കുള്ളിലേക്കു തളന്നു വീണു. പിന്നീടുള്ള നിമിഷങ്ങൾക്കു നറുതേനിൻെറ മാധുരിയല്ല ഉണ്ടായിരുന്നതു്.

പക്ഷേ ഇപ്പോൾ കേൾക്കുന്നതെന്താണു്? അനുഭവപ്പെടുന്നതെന്താണു്? തൻെറ മനക്കോട്ടകൾ മഞ്ഞുകോട്ടകളായിരുന്നോ? ഈ പരിവത്തനത്തിൻെറ അത്ഥമെന്താണു്? അയാളുടെ കരളു കത്തിക്കൊണ്ടിരുന്നു.

അവളുടെ മിഴികളെ നേരിടുമ്പോൾ ഉന്മത്തമായ മസ്തിഷ്കമാണു് അവളെ നിയന്ത്രിക്കുന്നതെന്നായാൾക്കു തോന്നി. ഉല്ക്കടമായ നിരാശയോടെ അയാൾ മുഖം തിരിച്ചു.

തനിക്കു വിശുദ്ധമായ ഒരു സങ്കേതത്തിൽ അയാളുടെ പാദങ്ങൾ സ്പശിക്കാനനുവദിക്കുന്നതിൽ അവൾക്കു ഭ്രാന്തു പിടിക്കുകയായിരുന്നു. അയാളുടെ ചുവട്ടടികൾക്കു

താഴെയുള്ള മണ്ണിലേക്കു നോക്കുമ്പോൾ അവൾക്കു തലകറക്കമുണ്ടായി അയാളുടെ രൂപം തന്റെ ഹൃദയത്തിൽ പതിയാനിടയാകുന്നതവൾക്കു സഹിക്കാമായിരുന്നില്ല.

ഉന്മാദമഗ്നമായി വലിഞ്ഞു മുറുകിയ സിരകൾ, തന്നെ എത്തിച്ചിടത്തുവച്ച് അവളുടെ ബുദ്ധിയും ഹൃദയവും പിടഞ്ഞുണർന്നിരുന്നു.

കഴിഞ്ഞുപോയ നിമിഷങ്ങളിലെ അനുഭവങ്ങൾ അയാളുടെ ജീവിതത്തിൽ മാറാത്ത വ്രണം സൃഷ്ടിക്കുന്നതാണെന്ന ബോധം അവളെ സംഭ്രാന്തയാക്കി. താൻ ഒരാളുടെ ജീവിതംകൂടി തുലയ്ക്കുകയായിരുന്നു. അയാൾക്കുതന്നെ ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല. അത്തരം ഒരു വേദനയുടെ സുദീർഘമായ ചൂടറിയാവുന്ന അവൾക്ക് അതയാളെ എവിടെ കൊണ്ടെത്തിക്കുമെന്നു കാണാൻ പ്രയാസമില്ലായിരുന്നു. അയാളുടെ മുഖത്തേക്കു നോക്കിയപ്പോൾ അവൾ കൂടുതൽ അസ്വാസ്ഥ്യചിത്തയായി.

"ഞാൻ എന്നെപ്പററി മാത്രമേ ചിന്തിച്ചിരുന്നുള്ളു." അവൾ ക്ഷമാപണ സ്വരത്തിൽ പറഞ്ഞു.

"ഈ തൊഴിലുകാർ അങ്ങിനെയാണ്" അയാൾ പരുഷമായി പ്രതിവചിച്ചു.

അവൾ നടുങ്ങി. അയാൾ ഉരുവിട്ട വാക്കുകളുടെ അർത്ഥം ശരിയായ തൂക്കത്തോടെതന്നെ അവളുടെ ഹൃ

ദയത്തിൽ ചെന്നുതട്ടി. പക്ഷേ അതു ഗ്രഹിച്ചില്ലെന്നു ഭാവിക്കാൻ ശ്രമപ്പെട്ടുകൊണ്ടു് അവൾ ചോദിച്ചു.

"നിങ്ങൾ പോവുകയില്ലേ?"

ആ സ്വരം നിർദ്ദയമായിരുന്നു. പക്ഷേ അയാളുടെ അധരങ്ങളുടെ കോണിൽ നിന്ദാനിർഭരമായ ഒരു പുഞ്ചിരി വരുത്താനേ അതു ശക്തമായുള്ളൂ.

"ഇങ്ങടുത്തു വരൂ!" ഒരു കശാപ്പുകാരൻെറ സ്വരത്തിൽ അയാൾ പറഞ്ഞു. അവൾ ഒരു ചുവടു പിറകോട്ടുവച്ചു. തുടുത്ത കപോലങ്ങളിൽ അമ്പരപ്പു വന്നണഞ്ഞു നേത്രപുരിയങ്ങൾ പിടഞ്ഞു.

അയാൾ മുന്നോട്ടു അടുത്തു. അവൾ കുതറി മാറി. മൃഗീയമായ ഒരു ആർത്തിയും അടങ്ങാത്ത വാശിയും അയാളുടെ കരങ്ങൾക്കു രാക്ഷസീയമായ കരുത്തുനൽകി. അവൾ പൊട്ടിക്കരയാൻ ആഗ്രഹിച്ചു. പക്ഷെ തൊണ്ടവരണ്ടിരുന്നു. നാവു് ഒരിക്കലും ഉയരുകയില്ലെന്നു തോന്നി. അവളുടെ ഗതികേടു മനസ്സിലാക്കിയ അയാൾ ക്രൂരമായി ചിരിച്ചു.

പതറിയ മിഴികളോടു അവൾ ചുററും നോക്കി. സഹായത്തിനെത്താൻ ബാദ്ധ്യസ്ഥനായ ആൾ വരാൻ വൈകിപ്പോയതിൽ അവൾ അക്ഷമയാകുന്നതു വ്യക്തമായിരുന്നു.

മിഴിച്ചുനോക്കാൻ മടിച്ചുനില്ക്കുന്ന മുല്ലമൊട്ടുകളിലേക്കുനോക്കി ധൈര്യം സംഭരിച്ചുകൊണ്ടു് അവൾ അലറി.

No. 11026



No-1522

"എന്നെ തൊടരുതു്!"

അയാൾ പൊട്ടിച്ചിരിച്ചു. നിമിഷങ്ങൾക്കു മുമ്പു് അവൾ പ്രകടിപ്പിച്ച വിധേയത്വസന്നദ്ധത അയാളോർക്കുകയായിരുന്നു. അതിനോടു ബന്ധപ്പെട്ട അനുഭവങ്ങളുടെ പുളകം അയാളുടെ സിരകളിൽനിന്നും മാഞ്ഞിട്ടില്ല. ചൂടുപിടിച്ച രക്തം അയാളുടെ വിവേകത്തിനു തീകൊളുത്തിക്കഴിഞ്ഞു. അതിന്റെ ചാരക്കൂനയിൽനിന്നു് അയാളുടെ ആർത്തി അട്ടഹാസം മുഴക്കി.

സ്ഥാനം തെററിയ വസ്ത്രങ്ങൾ വാരിപിടിച്ചുകൊണ്ടു് വഴുതിമാറാൻ ശ്രമിക്കുമ്പോൾ അവൾ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു.

അയാൾ അവളെ കടന്നു പിടിച്ചു. അവളുടെ അസ്ഥികൾ ഞെരിഞ്ഞു. അധരങ്ങൾ ദന്തക്ഷതങ്ങളേററു ചോരയിൽ കുതിർന്നു.

അയാളുടെ മുടിപിടിച്ചു വലിച്ചുകൊണ്ടു് അവൾ കൈയിൽ കടിച്ചു ഒരാക്രോശത്തോടെ പിറകോട്ടാഞ്ഞു. അയാളുടെ പിടി ഒന്നയഞ്ഞു. അവൾ കുതറി ഓടി.

അവൾ തന്റെ അറയുടെനേർക്കു പാഞ്ഞു. അയാൾ പിന്തുടർന്നു. വാതിലടയ്ക്കാൻ കഴിയുന്നതിനുമുമ്പു് അയാൾ അകത്തു കടന്നു.

അവളെ കടന്നു പിടിച്ചു മുറുകെ പുണർന്നിട്ട് അയാൾ തെറിച്ചു മാറിനിന്നു നോക്കി. അവളെ ഉന്തി എറിഞ്ഞു കിടക്കയിൽ വീഴ്ത്തിയിട്ട് അയാൾ മുന്നോട്ടടുത്തു.

തന്റെ കുഞ്ഞു മരിച്ചദിവസം സ്വന്തം കരളിൽ കുത്തിയിറക്കാൻ കരുതിവച്ച നീണ്ട കത്തി അവളുടെ കണ്ണിൽപെട്ടു. അതു റാഞ്ചിഎടുത്തു മുറുകെപിടിച്ചുകൊണ്ട് അവൾ കട്ടിലിൽ എഴുന്നേററുനിന്നു. ആ കത്തിയുടെ തിളക്കം അയാളെ നിരുത്സാഹപ്പെടുത്താൻ ഒട്ടും ശക്തമായിരുന്നില്ല. അയാൾ മുന്നോട്ടുതന്നെ നീങ്ങി. അവളുടെ കൈകൊണ്ടു മരിക്കുന്നതിൻപോലും അയാൾ ശ്രദ്ധമായി ആഗ്രഹിക്കുന്നതായി തോന്നി:

സാരിത്തുമ്പിൽ പിടിച്ചു ചീന്തി വലിച്ചുകൊണ്ട് അയാൾ അവളുടെ ലഹരിപിടിപ്പിക്കുന്ന രൂപം നോക്കിനിന്നു അധരങ്ങൾ കടിച്ചമർത്തി.

അയാളുടെ ഭ്രാന്തമായ ആശ, കത്തിപടന്നു തന്നെനിന്നു. കട്ടിലിലേക്കു കുതിച്ചുകയറിയ അയാൾ അവളെ ചുററിപ്പിടിച്ച് അരക്കെട്ടിനോടു ചേർത്തമർത്തി മുറുകെ പുണർന്നു.

നയനങ്ങൾ ഇറുക്കെ അടച്ചുകൊണ്ട് **അവൾ** കത്തി ആഞ്ഞുവീശി.

അയാൾ ചിരിച്ചുകൊണ്ടു നിലത്തുവീണു. വീണ്ടും കുത്താനപേക്ഷിക്കുന്നതുപോലെ അയാൾ അവളുടെ

നേരെ യാചനാഭരിതമായി നോക്കിക്കൊണ്ടു കരങ്ങൾ നീട്ടി.

കത്തിമാറോടമർത്തി പിടിച്ചുകൊണ്ടു് അവൾ തുറിച്ചുനോക്കിനിന്നു. പിടയ്ക്കുമ്പോഴും അയാൾ പുഞ്ചിരിയ്ക്കുന്നുണ്ടായിരുന്നു.

അയാളുടെ അധരങ്ങൾ ചലിക്കുന്ന രീതികണ്ടു് അവൾ കണ്ണുപൊത്തി. താൻ മരിക്കുകയാണെന്നു് അപ്പോൾമാത്രം അറിഞ്ഞ അയാളുടെ ആത്മാവിനെ പിടിച്ചു നിറുത്താനെന്നോണം അവൾ മുന്നോട്ടാഞ്ഞു,

അവൾ വീണ്ടും നോക്കുമ്പോൾ അയാളുടെ ചലനങ്ങൾ അവസാനിച്ചിരുന്നു. അവളുടെ ഹൃദയസ്പന്ദനം ഒരു നിമിഷനേരത്തേക്കു പിടിച്ചു നിറുത്തപ്പെട്ടതുപോലെ തോന്നി. അടിപതറി വീണ അവൾ കട്ടിലിൽനിന്നു വഴുതി ചോര തളംകെട്ടിയ തറയിൽ പതിച്ചു.

അയാളുടെ അവസാനത്തെ ചലനങ്ങൾ അവളുടെ ഹൃദയത്തിൽ പുകഞ്ഞുനിന്ന അഗ്നിപർവ്വതത്തിനുള്ളിൽ വീണ ബാംബുകളായിരുന്നു. അവളുടെ മസ്തിഷ്കത്തെ വലയംചെയ്യുള്ള ഞരമ്പുകളിൽക്കൂടി മിന്നൽപിണരുകൾ പാഞ്ഞുനടക്കുകയായിരുന്നു.

ഇരുട്ടുനിറഞ്ഞ മിഴികളുയർത്തി അവൾ ചലനം നശിച്ചു ആ മേനിയിലേക്കു നോക്കി.

ആ ജഡത്തിനുമേൽ വീശിവീണ നിഴൽ അവളെ നടുക്കി. അവൾ ശിരസ്സുയർത്തി നോക്കി, തല ചുററിപ്പോയി, സർവ്വാംഗം വിറയ്ക്കുന്നു.

അണഞ്ഞ പന്തക്കുററിപോലെ നിലത്തുറച്ചുനിന്ന അവൾ മിഴിച്ചുനോക്കി. ഉരുകി ഒഴുകുന്ന തമസ്സ് ഘനീഭവിച്ചു രൂപംകൊള്ളുന്നതുപോലെ തുറന്നുകിടന്ന വാതിലിൽക്കൂടി ഒരാൾ നീങ്ങിവരുന്നതായി അവൾകണ്ടു. കിതയ്ക്കുന്ന നെഞ്ചോടെ നിന്നിട്ട്, സ്വപ്നത്തിൽ തേങ്ങിക്കരയുന്നതുപോലെ അവൾ ഉരുവിട്ടു:

"എൻെറ ചന്ദ്രാ"

അയാൾ ചലിച്ചില്ല! നീട്ടിവളർത്തിയ താടിരോമങ്ങളിൽക്കൂടി വിയർപ്പൊഴുകി ഇറങ്ങുമ്പോൾ അയാൾ അവളുടെ കൈയിലിരിക്കുന്ന ചോരപുരണ്ട കത്തിയിലേക്കും, നിലത്തുകിടക്കുന്ന ജഡത്തിലേക്കും മാറിമാറി നോക്കി.

അവളുടെ കൈയിൽനിന്നും കത്തി നിലത്തു വീണു. അടുത്ത നിമിഷത്തിൽ മുന്നോട്ടു കുതിച്ചു അവൾ അയാളുടെ കഴുത്തിൽ കൈകൾ ചുററി.

ആശ്വസിപ്പിക്കുന്ന വചനങ്ങൾ ഉരുവിടാൻ അയാൾക്കു കരുത്തുണ്ടായപ്പോൾ അവൾ ബോധരഹിതയായിരുന്നു. തൻെറ മാറിടത്തിൽക്കൂടി കണ്ണീരൊഴുക്കുന്ന കാമുകിയെ താങ്ങി എടുത്തു തല്പത്തിൽ കിടത്തിയിട്ട് അയാൾ ജനാലകൾ അടച്ചു.

---

# ചിതയിൽ നിന്നുയന്ന കുളിർകാററ്

വാടിവീണ കൈതപ്പൂപോലെ കിടക്കുന്ന അവളെ നോക്കിനിന്നിട്ട് ചന്ദ്രൻ ആ ജഡത്തിൻെറനേരെ മുഖംതിരിച്ചു. അവളുടെ ക്രൂരമായ സൗന്ദര്യവും അയാളുടെ ദയനീയമായ കിടപ്പും തൻെറ നടുക്കം കലന്ന മസ്തിഷ്കത്തിൽ കൊടുങ്കാററുയൎത്തുന്നതായി ചന്ദ്രൻ തോന്നി.

ക്രൂരസപ്പ്നങ്ങൾ ബുദ്ധിയിൽ കിടന്നു പൊരുതുന്നതുപോലെ അനുഭവപ്പെടുന്നു. അതിൽനിന്നും രക്ഷപ്പെടാനെന്നവിധം അയാൾ അവളുടെ മുഖത്തേക്കു നോക്കി.

അലൗകികമായ ഒരു പ്രേരണയ്ക്കു കീഴ്പ്പെട്ടപോലെ അയാൾ ഒരു ജനാല ലേശം തുറന്നു. നിറഞ്ഞ നിലാവിൽ കുളിച്ചുനില്ക്കുന്ന കിളിമരവും, അതിനു താഴെ സ്മരണകളുടെ മഹാകാവ്യം ചമച്ചു പൂഴിയുടെ തിളക്കവും അയാളുടെ ആത്മാവിൽ കരിന്തിരി കത്തിയിട്ടണഞ്ഞുപോയ വെള്ളിവിളക്കു വീണ്ടും കൊളുത്തി. അങ്ങിനെ

നിന്നിമേഷനായി നോക്കിനില്ക്കുമ്പോൾ അയാളുടെ സ്മരണയിൽ അവൾ മാത്രമായി.

അവിടെ നിറഞ്ഞുനിന്ന പുതുരക്തത്തിൻെറ ലഹരിയിൽ മരവിച്ചുപോയിരുന്ന അയാളുടെ മസ്തിഷ്കം നടുങ്ങി ഉണൻറു. മുന്നിൽകിടന്ന ജഡവും അതു സൃഷ്ടിക്കുന്ന അപകടമേഖലയും അയാൾക്കു കാണാൻ കഴിയുമായിരുന്നു. അമ്പരപ്പോടെ അയാൾ വീണ്ടും അവളുടെ മുഖത്തേക്കു നോക്കി. തനിക്കൊരു സഹായവും നല്കാൻ ശക്തമല്ലാത്ത അവളുടെ സ്ഥിതി അയാളെ പരാജയത്തിനടിയറവയ്ക്കാൻ തക്ക കരുത്തുള്ളതായിരുന്നില്ല.

പിന്തുടരുന്ന ശത്രുവിൻെറ പാദപാതശബ്ദം അടുത്തടുത്തുവരുന്നതായി അയാൾക്കു തോന്നി. അതു തന്നെ അവളിൽനിന്നും റാഞ്ചി എടുത്തുകൊണ്ടു പോകുമെന്നും. അവിശ്വസനീയമായ ഒരു കരുത്തിൻെറ ആവേശത്താലെന്നോണം അയാൾ ആ ജഡം താങ്ങി എടുത്തു ചുമലിലിട്ടുകൊണ്ടു പുറത്തിറങ്ങി.

നിഴലുപടൻ ഭാഗങ്ങളിൽക്കൂടി ഏകാഗ്രമായ ശ്രദ്ധയോടെ നീങ്ങുന്ന അയാളുടെ അടിവയ്പു പതറാത്തതായിരുന്നു.

കുളിരുനിറഞ്ഞ കാററിൽ കലൻറുവന്ന പാലപ്പൂവിൻെറ പരിമളം അയാളുടെ സിരകളിൽ തഴുകുമ്പോൾ

മൂതിപ്പെട്ടുകിടന്ന അനുഭവങ്ങളുടെ നിഴലുകൾ കൺമുൻപിൽ രൂപംപൂണ്ടു വരുന്നതായി തോന്നി.

സ്വയം കഷ്ടപ്പാടുകളിലേയ്ക്കു വലിച്ചെറിഞ്ഞ ജീവിതം തിരിച്ചെടുത്തുകൊണ്ടു് അയാൾ വന്നതു്, വളരെ വൈകിയിട്ടാണെങ്കിലും, അവൾ സ്വതന്ത്രയായിരിക്കുന്നൊന്നറിഞ്ഞിട്ടാണു്.

പക്ഷെ...

താൻ കണ്ടതെന്താണു്?

ചുമലിലിരിക്കുന്ന ഭാരം നിലത്തിട്ടിട്ടു് അയാൾ തുറിച്ചു നോക്കിനിന്നു:

അരണ്ട നിലാവിൽ അവ്യക്തമായികാണുന്ന ഈ രൂപം തന്റെ പരിചയസീമയിലെങ്ങും ഇല്ല. ഈ മനുഷ്യൻ ആരാണു്? എവിടെ നിന്നുവന്നു? അതും അവളുടെ മുറിയിൽ?

അയാളെ താൻ ആദ്യമായി കണ്ടതു് അവളുടെ അറയിൽ വച്ചാണെന്ന ബോധം ചന്ദ്രനെ നടുക്കി. തങ്കനിലാവിൽ മുങ്ങിനില്ക്കുന്ന നിശയിൽ പ്രതീക്ഷകൊണ്ടു പതറുന്ന പദങ്ങളോടെ, തുറന്നുകിടന്ന വാതിൽ കടന്നപ്പോൾ തളംകെട്ടി കിടക്കുന്ന രക്തത്തിൽ കാലുകുത്താനാണിടയായതു്. ആ തുറന്ന വാതിലും പ്രകാശം നിറഞ്ഞ അറയും അകലത്തുനിന്നു, കണ്ടപ്പോൾ, സ്മരണകൾ കരളിൽകിടന്നു് ഉല്ലാസത്തോടെ കുതിച്ചു മറിയുകയായിരുന്നു.

താൻ കാണുമ്പോൾ അയാൾ മരിച്ചുകിടക്കുകയായിരുന്നെന്നും, അതവളുടെ കൈകൊണ്ടാണെന്നുമുള്ള സത്യങ്ങൾ അയാൾ വിസ്മരിച്ചു.

കൊടുങ്കാററുപോലെ അയാൾ അവളുടെ മുന്നിൽ ചെന്നു. ജ്വലിച്ചു നില്ക്കുന്ന ഉന്മാദത്തോടെ അവളെ എടുത്തുയർത്തി നിറുത്തി, മുടിയിൽ ചുററിപ്പിടിച്ചുകൊണ്ടു്, കൈ ചുരുട്ടി ഇടിച്ചുശേഷം അയാൾ കാത്തുനിന്നു.

അവൾക്കു ബോധം വീണു. ഇരുളിൻെറ പരിവേഷമണിഞ്ഞ മിഴികൾ സാവധാനം തുറന്നു് അവൾ അയാളുടെ മുഖത്തേയ്ക്കു നോക്കി.

അവളുടെ മിഴികൾ നിറഞ്ഞു. അയാളുടെ ഭ്രാന്തമായ അരിശം അലിഞ്ഞു.

അയാൾ ചോദിക്കുന്നതിനു മുൻപു് അവൾ പറഞ്ഞു.

"ഞാൻ അയാളെ കൊന്നു!"

കാരണംകൂടി അവൾതന്നെ പറയുമെന്നു കരുതി കാത്തുനിന്ന ചന്ദ്രൻ പുറത്തു വരാത്ത വിശദീകരണത്തെപ്പററി അക്ഷമനായി.

"പറയൂ—" അയാൾ യാന്ത്രികമായി മന്ത്രിച്ചു.

"എൻെറ ചന്ദ്രനാണെന്നു കരുതി, ഞാൻ കാത്തുനില്ക്കുകയായിരുന്നു."

"രജനി!" എല്ലാം ഊഹിക്കാൻ കഴിയുന്നതിൽ അസ്വസ്ഥനായി. അവളെ വിലക്കുന്നതുപോലെ അയാൾ ഉരുവിട്ടു.

അവൾ അതു കേൾക്കാത്തതുപോലെ തുടന്നു:

"ഞാൻ കണ്ണുതുറന്നതു താമസിച്ചായിപ്പോയി!"

"മതി!"

താൻ എല്ലാം പറഞ്ഞു കഴിഞ്ഞെന്നു് അവൾക്കും, എല്ലാം വ്യക്തമായി എന്നയാൾക്കും തോന്നി.

മൂകമായ നിമിഷങ്ങൾ നിരങ്ങി നീങ്ങി.

ഒടുവിൽ തന്റെ ചോരപുരണ്ട കൈത്തലത്തിലേക്കു നോക്കി, ഒരു തേങ്ങലോടെ അവൾ പറഞ്ഞു:

"ചന്ദ്രൻ വന്നപ്പോൾ വൈകിപ്പോയി!"

"ഇല്ല"

അവളുടെ പരാജയബോധം തന്റെ കഴിവിനോടുള്ള ഒരു വെല്ലുവിളിയാണെന്നു തോന്നിയ അയാൾ മററാരോടൊ അരിശപ്പെടുന്നതുപോലെ ആക്രോശിച്ചു.

"നില്ക്കൂ" ചന്ദ്രൻ തിരിഞ്ഞു നടന്നപ്പോൾ പിറകേ എത്തി കൈയ്ക്കു പിടിച്ചുകൊണ്ടു് അവൾ പറഞ്ഞു. "എന്റെ ചന്ദ്രാ, എവിടെയെങ്കിലും പോയി രക്ഷപ്പെട്ടു കൊള്ളൂ.

"മറയി!"

ക്രൂരവും മൃഗീയവുമായ ഒരു പുഞ്ചിരിയോടെ അയാൾ മുരണ്ടു. ആ ചിരി തന്റെ ആത്മാവിൽ പൊള്ളലേല്പിക്കുന്നതായി രജനിക്കു തോന്നി.

അയാളുടെ ശുദ്ധഗതിയിൽ സഹതപിക്കുന്ന വിധം കരുണാർദ്രമായ ഒരു പുഞ്ചിരിയോടെ തന്റെ ചോര പുരണ്ട കൈത്തലത്തിലേക്കു തുറിച്ചുനോക്കി അവൾ മൂകയായി നിന്നു.

"ഹോ, നേരം പുലർന്നുപോയേക്കും!" ഒരു തെണ്ടിപ്പട്ടിയുടെ മോങ്ങൽകേട്ടു നടുങ്ങി ഉണർന്ന അയാൾ സ്വയം കുററപ്പെടുത്തുന്ന വിധം ഉരുവിട്ടിട്ടു ധൃതിയിൽ പുറത്തുകടന്നു.

അയാൾ അതിവേഗം നടന്നകലുന്നതും നോക്കി അവൾ നിന്നു.

എല്ലാം അവസാനിച്ചു എന്ന ധാരണയുടെ വേദന മാററാൻ കഴിയാത്ത രജനിയുടെ ഹൃദയം സഹതാപനിർഭരമായി.

അവൾ കൈത്തലത്തിൽ ശിരസ്സുതാങ്ങിയിരുന്നു. ഒരു കുടത്തിൽ കിടന്നു് ഊക്കിൽ കുതിക്കുന്ന റബ്ബർ പന്തുപോലെ ഹൃദയം ശബ്ദിക്കുന്നു. ആ ശബ്ദം മറെറല്ലാററിനെയും അതിജീവിക്കുന്ന വിധം ഉയരുകയാണു്.

ആ ഹതഭാഗ്യന്റെ മെയ്യിൽനിന്നും ചിന്തിയ രക്തം തളംകെട്ടി കിടന്നു മിന്നുന്നു. അവൾ തന്റെ പാദങ്ങൾക്കടിയിൽ നോക്കി. സന്ധിബന്ധങ്ങളിൽ ശക്തി

കുറവനുഭവപ്പെട്ട അവളുടെ പാദങ്ങൾ വഴുതി. അയാളെപ്പററിയുള്ള ചിന്ത ആദ്യമായി അവളുടെ ഹൃദയത്തെ സ്പർശിച്ചു. അയാളെ പ്രതീക്ഷിച്ചിരിക്കാൻ ആരെങ്കിലുമുണ്ടാകുമോ? എങ്കിൽ, ആ നെടുവീർപ്പുകൾ എന്നും തന്നെ പിന്തുടരും. അജ്ഞാതമായ ആയിരം ഹസ്തങ്ങൾ തൻെറ ഗളത്തിലമരുന്നതായി അനുഭവപ്പെട്ട അവൾ ഒന്നു പിടഞ്ഞു. ഉറഞ്ഞുതുടങ്ങിയ രക്തത്തിൽ ചവിട്ടി വഴുതിവീണ അവൾ പിടഞ്ഞെഴുനേററപ്പോൾ അസ്തമിക്കാറായ നിലാവിനെ പുണർന്നുനില്ക്കുന്ന മുല്ലപ്പടർപ്പാണ് കാഴ്ചയിൽപെട്ടതു്. വിടരാറായ മൊട്ടുകൾ തന്നെ പഴിക്കുകയും ശാസിക്കുകയും ചെയ്യുന്നു. തിളങ്ങുന്ന രക്തത്തിൽ തളർന്നിരുന്നുപോയ അവളുടെ ചിന്തയിൽ ചന്ദ്രൻെറ രൂപം നിറഞ്ഞു നിന്നു.

അയാൾ എങ്ങോട്ടാണു പോയതു്? ഒരുറുമ്പിനെക്കൂടി വേദനിപ്പിക്കുന്നതു പൊറുക്കാത്ത അയാൾ തൻെറ നിണമണിഞ്ഞ കരം ഗ്രഹിക്കാൻ ഒരിക്കലും മടങ്ങിവരികയില്ലെന്നു രജനിക്കു തോന്നി.

ആ ചിന്ത സിരകളിൽ കത്തിക്കയറുന്നതായി അനുഭവപ്പെടുന്നു. താൻ ഇതിനകംതന്നെ വളരെയധികം സമയം വ്യർത്ഥമാക്കിക്കഴിഞ്ഞില്ലേ? പുറത്തിറങ്ങി, അവൾ എങ്ങോട്ടെന്നില്ലാതെ ഓടി.

മൃദുലമായ പാദങ്ങൾക്കടിയിൽ കുപ്പിച്ചില്ലുകൾ പൊടിഞ്ഞു ചിതറുമ്പോൾ, ഇടറിവീണും പിടഞ്ഞെണീ

റവും പായുന്ന അവളുടെ ഹൃദയം കത്തിപ്പുറക്കുകയായിരുന്നു.

നക്ഷത്രങ്ങൾ കൊഴിഞ്ഞുവീഴുന്ന ആ നിശയിൽ ഭ്രാന്തുപിടിച്ചപോലെ പായുന്ന അവളെ നോക്കി തെണ്ടിപ്പട്ടികൾ ബഹളംകൂട്ടി. പക്ഷേ ഒന്നും അവളെ തടഞ്ഞുനിറുത്താൻ ശക്തമായിരുന്നില്ല.

ഒടുവിൽ അവൾ പിടിച്ചുനിറുത്തപ്പെട്ടു. ഞെട്ടിപ്പോയ അവൾ സംഭ്രമമണിഞ്ഞ മിഴികൾ തിരിച്ചുനോക്കി. ഒരു തേങ്ങൽ അവളുടെ കണ്ഠനാളത്തിൽനിന്നുയർന്നിട്ട്, അവിടെത്തന്നെ അടങ്ങി—അവളുടെ അധരങ്ങളിൽ ചന്ദ്രൻ കരമമർത്തിക്കഴിഞ്ഞിരുന്നു.

അവളെപ്പററിയുള്ള ഉൽക്കണ്ഠകൊണ്ട് അകലെയായി ഒരു പ്രത്യേക ലക്ഷ്യത്തിൽ മിഴികളുറപ്പിച്ചു നില്ക്കുന്ന അയാളുടെ നോട്ടത്തെ അവളും പിന്തുടർന്നു.

കണ്ണും കാതും കൊട്ടി അടയ്ക്കപ്പെട്ടപോലെ, കാമുകൻെറ മാറിടത്തിൽ ശിരസ്സമർത്തിവച്ചു മിഴിച്ചുനോക്കിനിന്ന അവൾക്ക് അയാളുടെ ഹൃദയസ്പന്ദനം തൻെറ തലച്ചോറിനുള്ളിൽ നിന്നാണുയരുന്നതെന്നു തോന്നി; ആ ശബ്ദത്തിന് പാറയിൽ കനത്ത ചുററിക പ്രയോഗിക്കുമ്പോൾ ഉയരുന്നതിനോടു സാദൃശ്യമുണ്ട്.

ഹൃദയം, താങ്ങാനാവാത്ത സമ്മർദ്ദം അനുഭവിക്കുന്നപോലെ പൊട്ടി തകരാറായി നില്ക്കുമ്പോൾ ഭൂമി കുതി

ച്ചുതുള്ളുന്നതായും ചുവട്ടടികൾ ആഴത്തിലേക്കു താണുപോകുന്നതായും തോന്നി. ആ പരിഭ്രാന്തിയ്ക്കിടയിൽ അവൾക്കു കാഴ്ചലഭിച്ചു—പ്രകാശം നിറഞ്ഞ റയിൽപ്പാതയും അതിൽക്കൂടി അമറി പാഞ്ഞുപോകുന്ന ഉരുക്കുരാക്ഷസൻ ചവച്ചുതുപ്പിയപോലെ പരമാണുക്കളായി ചിതറിത്തെറിക്കുന്ന ആ അജ്ഞാതൻെറ ജഡവും അവൾ കണ്ടു. ഒരാക്രോശത്തോടെ കുഴഞ്ഞുവീണ അവൾ കാമുകൻെറ പാദങ്ങളിൽ മുറുകെപ്പിടിച്ചു.

കിഴക്കു വിളച്ച് പടന്നുകഴിഞ്ഞിരുന്നു. മഞ്ഞുമൂടിയ മലകളിൽനിന്നും പ്രകാശത്തെ ഭയന്നോടിയ തണുത്ത കാററ് അവരുടെ തിളച്ച മസ്തിഷ്കങ്ങളെ തഴുകി.

തങ്ങളുടെ ചോരപുരണ്ട വസ്ത്രങ്ങളും വികൃതമായ വേഷവും ആകെ ഒന്നു പരിശോധിച്ചു ചന്ദ്രൻ അവളെ പിടിച്ചുവലിച്ചുകൊണ്ടു നടന്നു. അകാലത്തിൽ കാലപാശത്തിൽ കുടുങ്ങിയ ഒരസംതൃപ്തൻെറ ആത്മാവുപോലെ മററു മാർഗ്ഗമില്ലാഞ്ഞിട്ടെന്നവിധം അവൾ അയാളെ പിന്തുടന്നു.

പ്രകാശത്തിൽനിന്നും ഭയന്നോടിയ അവർ അവളുടെ അറയിലെത്തി. ഒരു നെടുവീപ്പു വിടാനുള്ള കൊതി, അടങ്ങാത്ത ഒരാശയായിമാത്രം നിലനില്ക്കുമ്പോൾ ചന്ദ്രൻ ഒരു കസേരയിലേക്കു തളന്നുവീണു.

അപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന വിളക്കിൻെറ പ്രഭയിൽ തിളങ്ങുന്ന രക്തവും ആ അറയിൽ കനത്തുകൂടി

നില്ക്കുന്ന അസുഖപ്രദമായ അനുഭവങ്ങളുടെ തീക്ഷ്ണത യും ശ്വസിച്ചറിഞ്ഞ അവൾ നടുക്കത്തോടെ മുന്നോട്ടു കു തിച്ചു വാതിലടച്ചു.

ഇരുട്ടാക്കപ്പെട്ട അറയിൽ, എന്തെങ്കിലും സംസാ രിച്ചുപോകാനിടയാകരുതെന്ന ശപഥത്തിൽ മുറുകെപ്പി ടിച്ചിട്ടെന്നവിധം അവർ ഇരുന്നു.

പുലരിയുടെ കുളിരുമാച്ചു. പകലിന്റെ പ്രതാപം വളർന്നു.

പക്ഷേ വ്യക്തമായ കാഴ്ച നല്കാത്തവിധം, ഇരു ളിനെ കുടിയിരുത്തപ്പെട്ട ആ അറയിൽ കഴിച്ചുകൂട്ടിയ മ ണിക്കൂറുകൾ ഉന്മാദത്തിന്റെ പിരിമുറുക്കം കുറയ്ക്കുന്നതാ യിരുന്നു. ശൂന്യതയിൽ ഉറച്ച മിഴികൾ, അവരുടെ ഹൃദ യത്തിൽ ജ്വലിച്ചുനിന്ന സംഭ്രമാത്മകതയിൽ സ്വാധീനം ചെലുത്തി. നിദ്ര അവരുടെ കൺപോളകളിൽ അംഗുലി കളമർത്തി. അസ്വസ്ഥമായ ഒരർദ്ധസുഷുപ്തിപോലും ആശ്വാ സകരമായിരുന്ന മണിക്കൂറുകൾ കടന്നുപോയി.

വത്സരങ്ങളായുള്ള അലസചിന്തകളിലും വിരസ മായ ദിനങ്ങളുടെ വൈവിദ്ധ്യശൂന്യതയിലും ചന്ദ്രൻ മുങ്ങി പ്പോയിരുന്നതാണ്. ക്രൂരമെങ്കിലും സാഹസികമായ സം ഭവങ്ങൾ നിറഞ്ഞ നിമിഷങ്ങളിൽ ഹൃദയത്തിന്റെ ദ്രുത ചലനം അയാൾക്കു പ്രയോജനകരമായിരുന്നു. നിരുന്മേ ഷമായ ജീവിതത്തിന്റെ മരവിച്ച നിമിഷങ്ങൾ അയാളു ടെ മുന്നിൽനിന്നു് അതോടെ തിരോധാനം ചെയ്തു. അ

സാധാരണത്വം നിറഞ്ഞ ആ നിശയുടെ പ്രത്യേകത അയാളെ മൃഗീയമായ ഒരു സംതൃപ്തിയുള്ളവനാക്കി.

കാററുകയറാത്ത ആ അറയിലെ ചൂടസഹ്യമായപ്പോൾ അയാൾ ഉണന്നു. മൂരിനിവത്തിയിട്ടു നിവന്നിരുന്നപ്പോൾ പൊടുന്നനവെ അനുഭവപ്പെട്ട വിഭ്രാന്തിയോടെ അയാൾ ചുററും നോക്കി. അത്രയും നേരം അതിനായി കാത്തുനിന്നപോലെ അവൾ ജനാല തള്ളിത്തുറന്നു.

അപ്രതീക്ഷിതമായി പൊട്ടിവീണ പ്രകാശത്തിൻെറനേരെ കണ്ണുചിമ്മാതെ അയാൾ അവളുടെ നേക്കു നോക്കി. കഴിഞ്ഞുപോയ മണിക്കൂറുകൾ മുഴവൻ അവൾ അങ്ങനെ കാത്തുനില്ക്കുകയായിരുന്നു എന്നു വ്യക്തമായിരുന്നു. ആ ചിന്തയോടെ അവളെ ആപാദചൂഡം വീക്ഷിച്ചു അയാൾ ആശ്വാസത്തോടെ നെടുവീപ്പിട്ടു.

അവൾ ചോരപുരണ്ട വസ്ത്രങ്ങൾ മാററി ധരിച്ചിട്ടുണ്ടു്. ഈറൻ മാറാത്ത മുടി, അഗ്രം ബന്ധിച്ചു പിറകിലേക്കിട്ടു നില്ക്കുന്ന അവളുടെ ചുവട്ടടിയിൽ ഉറഞ്ഞു കൂടിനിന്നിരുന്ന രക്തം കാണാനില്ല. യാതൊരസാധാരണത്വവും തോന്നാത്തവിധം അവിടം ആകെ വെടിപ്പാക്കപ്പെട്ടിരുന്നു.

സ്വയം പരിശോധിക്കുന്നതിനായി ചന്ദ്രൻ നോട്ടം പിൻവലിക്കുന്നതിനു മുൻപു് അവൾ പറഞ്ഞു:

“കുളിച്ചു വേഷം മാറണം.”

രജനിയുടെ സ്വരത്തിലെ നിർവികാരത തെളിഞ്ഞ കാര്യമാത്രപ്രസക്തത അയാളെ അൻസരണയുള്ളവനാക്കി.

കുളി കഴിഞ്ഞുവന്ന അയാൾ തൻെറ നേക്ക് നീട്ടപ്പെട്ട വസ്ത്രങ്ങളിൽ ഒന്നു നോക്കി. ആ സന്ദർഭത്തിലേക്കുപോലും എളുപ്പം പ്രയോജനപ്പെടുത്താൻ കഴിയുന്ന, ഭർത്താവിൻെറ വസ്ത്രങ്ങൾ ധരിപ്പിക്കാൻ നോക്കാതെ പുതിയവ വരുത്തിച്ച അവളുടെ യുക്തിബോധം അയാളുടെ ഹൃദയത്തിൽ ആശ്വാസമേററുന്നതായി കാണപ്പെട്ടു.

എന്തെങ്കിലും സംസാരിക്കാൻ കൊതിച്ചെങ്കിലും മൂകതയുടെ പെരുമ്പാമ്പിൻെറ ശ്വാസംമുട്ടിക്കുന്ന ക്രൂരതയിൽ കുടുങ്ങിത്തന്നെ മണിക്കൂറുകൾ കടന്നുപോയി. ജഠരാഗ്നി കത്തിപ്പടൎന്നു നില്ക്കുമ്പോൾ ദീർഘനേരം കൊണ്ടുമാത്രം ആർത്തിയടക്കാൻ കഴിഞ്ഞ അവർ പാത്രങ്ങളിൽനിന്നു മിഴികളുയർത്തിയിരുന്നില്ല.

തുടരെ പുകവലിച്ചുകൊണ്ട് അയാൾ ആ അറയിൽനിന്നും പുറത്തിറങ്ങാതെ ഉലാത്തുമ്പോൾ നിലാവിൽ കുളിച്ചു കരളു തണുപ്പിക്കാൻ വിങ്ങിനില്ക്കുന്ന ആ മുല്ലപ്പടപ്പിലേക്കു നിൎന്നിമേഷം നോക്കി അവൾ ആ ജനാലയുടെ അടുത്തിരുന്നു.

പരിക്ഷീണമായ പാദങ്ങളോടെ മുററത്തെ പൂഴിമണ്ണിൽ തളൎന്നിരുന്ന ചന്ദ്രൻ, ചിന്തയിൽ നിന്നുണൎന്ന്

പ്പോൾ നെററിത്തടത്തിൽ സേ ദമുത്തുകളും തെളിഞ്ഞ ആകാശത്തിൽ നക്ഷത്രങ്ങളും മിന്നുന്നുണ്ടായിരുന്നു. മഞ്ഞണിഞ്ഞ നിശീഥിനിയിലെ കുളുർമ്മവിതറുന്ന മുല്ലപ്പൂമണം അയാളെ ഒരു മായികവിഭ്രാന്തിയിൽ ആഴ്ത്തി. മധുരമായ അനുഭൂതികൾമാത്രം ഓക്കാൻ കഴിയുന്ന ആ വേളയിൽപോലും ഹൃദയം കനത്ത ഭാരത്തിൽപെട്ടു ഞെരിയുന്നതായി അയാൾക്കനുഭവപ്പെട്ടു. എങ്കിലും അലൗകികമായ ഒരു പ്രേരണയുടെ അടിമ മാത്രമാണെന്നവിധം, തുറന്നുകിടന്ന വാതിലിൽക്കൂടി അയാൾ അകത്തു കടന്നു.

ശൂന്യമായ അറയിൽ കടന്നപ്പോൾ അയാളുടെ ഹൃദയം ഒന്നു പിടഞ്ഞു. ഒരു പട്ടുനൂൽപ്പുഴുവിനെപ്പോലും ഭയക്കുന്ന ഒരു ഹൃദയഗതിയിൽ താൻ എത്തിയിരിക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. അതിൻെറ കാരണം കണ്ടുപിടിക്കാൻ കഴിയാതെ അസ്വസ്ഥചിത്തനായി അയാൾ പുറത്തേക്കു നോക്കി.

പൂനിലാവിൻെറ മടിത്തട്ടിൽ കിടന്നു പൊട്ടിച്ചിരിക്കുന്ന നക്ഷത്രങ്ങളെപ്പോലെ നേത്ത കാററിൽ നൃത്തം വയ്ക്കുന്ന മുല്ലപ്പൂക്കളുടെ ദലങ്ങൾ അയാളുടെ നീറുന്ന ഹൃദയത്തെ തഴുകി താലോലിച്ചു. മണമൂറുന്ന പൂഴിയിൽ തളർന്നുകിടക്കുന്ന അവളുടെ മോഹനരൂപം അയാളുടെ സിരകളിൽ ഒരലയിളക്കം സൃഷ്ടിച്ചു. അവിടെ നില്ക്കുമ്പോൾ തന്നെ തൻെറ അധരങ്ങൾക്കു് അവളെ സ്പർശിക്കാൻ കഴിയുമെന്നു തോന്നിയ അയാൾ എല്ലാം മറന്നു:

ബലിഷ്ഠമായ കരങ്ങൾക്കുള്ളിലകപ്പെട്ടത്തി, ചും ബനങ്ങൾകൊണ്ടു ശ്വാസംമുട്ടിച്ച് അവളെ ഉണൎത്തു മ്പോൾ അയാളുടെ മിഴികൾ നിറഞ്ഞു വിതുമ്പുന്നുണ്ടായി രുന്നു. അനിയന്ത്രിതമായ ഒരായിരം ചിന്തകളുടെ ഭീതി യാൽ അയാളുടെ കഴുത്തിൽ കൈകൾ ചുററിക്കൊണ്ടു് അ വൾ പൊട്ടിക്കരഞ്ഞു. ആ മുല്ലപ്പടപ്പിനു താഴെയുള്ള, പു ളകംപൂരണ്ട മണ്ണിൽ കിടന്നു് അവൾ കരയുമ്പോൾ, അവ ളെ ഒഴിച്ചു മറെറല്ലാം അയാൾ മറന്നു; ആ കണ്ണീരു ചും ബിച്ചെടുത്തുകൊണ്ടു് അയാൾ അവളുടെ മെയ്യോടുചേൎന്നു.

പാതിവിടൎന്ന മുല്ലപ്പൂക്കളിൽ തത്തിനിന്ന മഞ്ഞു തുള്ളികളിൽ നക്ഷത്രങ്ങളുടെ കടാക്ഷങ്ങൾ പ്രതിബിം ബിച്ചു.

---

# ചിതറിപ്പോയ ആത്മാക്കൾ.

അവൾ പ്രസവിച്ചു.

അതയാൾ അറിഞ്ഞതു്, തനിക്കു പ്രവേശനമില്ലാത്ത ആശുപത്രിയിലെ ആ അറയിൽനിന്നും മണിക്കൂറുകളായി ഉയൎന്നിരുന്ന അവളുടെ ദീനരോദനങ്ങൾ അവസാനിച്ച നിമിഷത്തിൽ ആരോവന്നു പറഞ്ഞിട്ടാണു്. കുഞ്ഞിനെ കാണാൻ മുന്നോട്ടു കുതിക്കേണ്ട അയാൾ അടുത്തുള്ള ഒരു തൂണിലേക്കു ചാഞ്ഞു. അയാൾ അത്രയ്ക്കു തളൎന്നിരുന്നു.

ആ വിവരം അറിയിച്ചവൾ എന്തൊക്കെയോകൂടി പറഞ്ഞിരുന്നു. പക്ഷേ ഒന്നും അയാൾ കേട്ടില്ല. അവളുടെ പ്രാണവേദന അടങ്ങി. അയാൾക്കതുമാത്രമേ വേണ്ടിയിരുന്നുള്ളു.

കുറച്ചുകഴിഞ്ഞപ്പോൾ ചോരവററിയ ഒരു മുഖം അയാളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ആ മൂരടിച്ച കന്യാസ്ത്രീ മൂകയായി അയാളെ അവളുടെ അടുത്തേയ്ക്കു നയിച്ചു.

തളന്ന് വദനവും, ഉള്ളിലേക്കു വലിഞ്ഞുതാണ മിഴികളുമായി കിടന്ന അവരം അയാളെ കണ്ടപ്പോരം ഒന്നു പിടഞ്ഞപോലെ തോന്നി. എന്നിട്ടു തൻെറ ചിതറിയ മുടി വലിച്ചുപിച്ചിയ കരങ്ങരംകൊണ്ടു മുഖംപൊത്തി അവരം കേണു:

"കുഞ്ഞിനെയും കൊന്നു."

അയാരം നടുങ്ങി.

ഏകാന്തമായ സല്ലാപത്തിനും സംതൃപ്തരായ ദമ്പതികളുടെ ആഹ്ളാദപ്രകടനത്തിനും സന്ദർഭം നൽകാനായി, ഒഴിഞ്ഞുമാറിക്കൊടുത്തു പരിചയിച്ചവക്കുകൂടി കേരംക്കത്തക്കവിധം ഉച്ചത്തിലാണ് അവരം ആ വാക്കുകരം ഉരുവിട്ടത്.

വിങ്ങിക്കരഞ്ഞുകൊണ്ടിരുന്ന അവരം പെട്ടെന്നു നിറുത്തിയിട്ട് തന്നോടുതന്നെ ക്രൂരത കാട്ടുന്നവിധം, അയാളുടെ മുഖത്തുറപ്പിച്ചു നോക്കിക്കൊണ്ട് ആ വാക്കുകരം ആവത്തിച്ചു.

അവളുടെ വാ പൊത്താൻ ആഗ്രഹിച്ചെങ്കിലും ചലിക്കാൻ കഴിയാതെ നില്ക്കുന്ന അയാളെ മനഃപൂവ്വം പീഡിപ്പിക്കാനെന്നവിധം അവരം തുടന്നാക്രോശിച്ചു:

"അവനെ വയററിലിട്ടുതന്നെ വെട്ടിമുറിച്ചു. ചോരയിൽ കിടന്ന് അവൻെറ കൈയും കാലും പിടച്ച്......"

അയാരം ഇറങ്ങി ഓടാൻ ആഗ്രഹിച്ചു. പക്ഷെ ചെവി പൊത്തിക്കൊണ്ടുനില്ക്കാനേ കഴിവുണ്ടായുള്ളു.

അവളുടെ തേങ്ങലുകൾ അനിയന്ത്രിതമായി ഉയ ന്നിരുന്നു; സാന്ത്വനപ്പെടുത്താൻ കഴിവില്ലാതെ അയാൾ മരവിച്ചുനില്ക്കുകയും.

ആ രംഗം തുടൻപോകാനനുവദിക്കാതെ ആരോ അയാളെ പിടിച്ചു പുറത്തുകൊണ്ടുപോയി വിട്ടു. അനുസരി ക്കാനല്ലാതെ ഒന്നും കഴിവില്ലാതെ അയാൾ ആശുപത്രിയുടെ പറമ്പിലുള്ള പുളിച്ചിമാവിൻെറ ചുവട്ടിൽ ജഡംപോലെ ഇ രുന്നു.

അവൾ വിരാമമില്ലാതെ ഭ്രാന്തു പുലമ്പുകയും അ യാൾ നിദ്രാരഹിതനായി ഉലാത്തുകയും ചെയ്തുകൊണ്ടിരുന്ന നിശകൾ കടന്നുപോയി. ലക്ഷ്യമില്ലാതെ ഓടി എവിടെ യെങ്കിലും ചെന്നു തളൻവീഴാൻ കൊതിച്ചെങ്കിലും അയാൾ ക്കതിനു കഴിയുമായിരുന്നില്ല. കാണാൻ കരുത്തില്ലെങ്കിലും അയാൾ കൂടക്കൂടെ അവളുടെ അടുത്തുചെല്ലും. വരണ്ട മി ഴികളിൽ നീറിനില്ക്കുന്ന ആത്മാവുമായി തുറിച്ചുനോക്കിനിന്നു മണിക്കൂറുകൾ തള്ളിവിടും.

ഒടുവിൽ അവളെക്കാൾ ശ്രദ്ധിക്കേണ്ടതു് അയാളെ യാണെന്നു ഡാക്ടർമാർ മന്ത്രിച്ചു നിഗൂഢതകളുടെ കലവ റയായ ആ ദമ്പതികളെപ്പററിയുള്ള ചിന്ത അവരുടെ കഴിവി നോടുള്ള ഒരു വെല്ലുവിളിയായി കഴിഞ്ഞു.

അയാളെ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ഒരു ഡാക്ടർ ഒരു ദിവസം പറഞ്ഞു:

"ആ മനുഷ്യൻ ഉറങ്ങാറില്ല. ഭ്രാന്തുപിടിച്ചാൽ അയാൾ ഭാഗ്യവാനാണ്."

അഭിപ്രായവ്യത്യാസം സൃഷ്ടിക്കാത്ത ഒരു പ്രസ്താവനയായിരുന്നു അതു്.

അവൾ രക്ഷപ്പെടണമെങ്കിൽ അയാളുടെ ഹൃദയം ശാന്തമാകണം. ഉറങ്ങാൻ കഴിയാത്ത ഭർത്താവു് ഭാര്യയെ ഉന്മാദത്തിൽനിന്നും രക്ഷിക്കാൻ ശക്തനാവുകയില്ല. ചർച്ചകൾക്കുശേഷം അങ്ങിനെ നിഗമനങ്ങൾ പൊന്തിവന്നുകൊണ്ടിരുന്നു.

പിന്നീടു താമസം വന്നില്ല. ഉറക്കാൻ കഴിയുന്ന മരുന്നു കുത്തിവയ്ക്കപ്പെട്ടപ്പോൾ, തളർന്നുവീഴാൻ കാത്തിരുന്നപോലെ അയാൾ നിദ്രയെ പുണർന്നു. പക്ഷേ പ്രതീക്ഷിച്ചതിലധികം ഉറങ്ങിക്കഴിഞ്ഞിട്ടും അയാൾ വീണ്ടും തന്നെ ഉറക്കാനാവശ്യപ്പെടുകയാണുണ്ടായതു്. അയാളുടെ ശാഠ്യം ഡാക്ടറന്മാരുടെ ക്ഷമ കെടുത്തി.

അപകടകരമായ ഒരു ശീലം പരിചയിപ്പിക്കാൻ തയ്യാറില്ലാത്ത അവർ വിസമ്മതിച്ചപ്പോൾ അയാൾ ഒരു ഭ്രാന്തനെപ്പോലെ മാറി. അയാളുടെ ഭ്രാന്തു വർദ്ധിപ്പിക്കത്തക്കവിധം അന്നുരാത്രി രജനിയെ കാണാതാവുകയും ചെയ്തു. അയാളെ വിവരം അറിയിക്കരുതെന്ന കരുതലോടെ ആരൊക്കെയോ എല്ലാവഴിക്കും പാഞ്ഞു.

പക്ഷെ അവരെയെല്ലാം മറയരാക്കത്തക്കവിധം പുലച്ച്യ്ക്കൂട്ടത്തനേരത്തു അവളെ താങ്ങി എടുത്തു ചുമലിലിട്ടു കൊണ്ടു വന്നുനിന്ന് അയാഠം പൊട്ടിച്ചിരിച്ചു.

താൻ അവളെ കണ്ടുപിടിച്ചതെവിടെനിന്നാണെന്നു പറയുകയില്ലെന്ന് അയാഠം ആവൎത്തിച്ചു പ്രഖ്യാപിച്ചു. അതാരെങ്കിലും ആവശ്യപ്പെട്ടിട്ടായിരുന്നില്ല.

അടുത്തദിവസം, ആ മുല്ലക്കാടു വലിച്ചു പൊളിക്കപ്പെട്ടിരുന്നതായി കണ്ടവൎക്കു പലതും പറയാനുണ്ടായിരുന്നു. പക്ഷേ അതവഠം മാത്രം ചെയ്തതാണ്. അവഠം അതുകഴിഞ്ഞിറങ്ങി പാഞ്ഞുപോകുന്നതു കണ്ടവരുണ്ടു്. അപ്പോഠം ചന്ദ്രൻ അവളോടൊപ്പമില്ലായിരുന്നു.

അടുത്തദിവസം ആ മുല്ലവള്ളികളെ താങ്ങിനിന്നിരുന്ന കിളിമരം ഇടിവെട്ടേററു കരിഞ്ഞു. അതവളെ അറിയിച്ചതു ചന്ദ്രനാണ്. അപ്പോഠം രോഗശയ്യയിൽ കിടന്ന് അവളും പുറത്തുനിന്ന അയാളും പൊട്ടിച്ചിരിച്ചു.

അന്നു ഡാക്ടർ ചന്ദ്രനെ സമീപിച്ചു. ആവശ്യപ്പെടാതെതന്നെ ഉറക്കുന്നതിനുള്ള മരുന്നു കുത്തിവച്ചിട്ടു ഡാക്ടർ കാത്തുനിന്നു. നിദ്രയിൽ മുഴുകിയ അയാൾ എന്തെങ്കിലും പുലമ്പുന്നുണ്ടോ എന്നറിയാനായി ഡാക്ടർ കിടക്കയുടെ അരികിൽ കാവലിരിക്കുകയായിരുന്നു.

അവളും ശ്രദ്ധാവിഷയമായി. പക്ഷേ അവൾ ഒരു കള്ളനോട്ടത്തോടെ കിടന്നിട്ടു്, ഇറങ്ങി ഓടാൻ പഴുതുനോക്കുന്നതായി കാണപ്പെടുകയേ ഉണ്ടായുള്ളു.

ചന്ദ്രൻ ഉണൎന്നപ്പോൾ തനിക്കു കിട്ടിയ അറിവു പൂൎത്തിയാക്കാനായി ഡാക്ടർ ചോദിച്ചു.

"എന്താണ് റയിൽപ്പാളത്തിൽ?"

"ചോര!"

താൻ ഒരബദ്ധം പ്രഖ്യാപിച്ചതായി പെട്ടെന്നു ഗ്രഹിച്ച ചന്ദ്രൻ ഡാക്ടരെ ഉന്തി എറിഞ്ഞിട്ടു ചാടി എഴുന്നേററു പാഞ്ഞു. അവളുടെ അറയുടെ ഉള്ളിൽ എത്തിയപ്പോൾ അയാൾ പറഞ്ഞു:

"ഇനി രക്ഷയില്ല. എല്ലാവരും അതുതന്നെ ചോദിക്കുന്നു!"

താൻ വളരെ താണശബ്ദത്തിൽ മന്ത്രിക്കുകയാണെന്നാണ് അയാൾ വിശ്വസിച്ചിരുന്നതു്. പക്ഷെ അതു് ആ പരിസരത്തിലുള്ള എല്ലാവൎക്കും കേൾക്കാൻ കഴിയുന്നവിധം ഉച്ചത്തിലായിരുന്നു.

അവൾ പതറിയ മിഴികളോടെ പിടഞ്ഞെഴുന്നേററിരുന്നു. കണ്ണുകൾ പൊത്തിയ അംഗുലികൾ അമൎത്തിവലിച്ചു കപോലങ്ങൾ കീറിക്കൊണ്ടു, അവൾ ചകിതഹൃദയയായി മിഴിച്ചുനോക്കി.

നയനങ്ങളെ പിളക്കാനായി പാഞ്ഞുവരുന്ന കുന്തമുനകളെ ഭയന്നു കണ്ണു ചിമ്മിയിരിക്കുന്ന ഒരു മൃഗത്തെപോലെ കാണപ്പെട്ട അയാളുടെ ഭുജത്തിൽ പിടിച്ചുലച്ചുകൊണ്ടു് കുറെ കഴിഞ്ഞു് അവൾ ആക്രോശിച്ചു:

"എന്നെ കൊല്ലൂ!"

അയാൾ ചലിച്ചില്ല.

മരണം അവളെ സ്വയം ഗ്രസിച്ചുകൊള്ളുമെന്നും അതു താൻ ഭീതിയോടെ കാത്തിരിക്കുകയാണെന്നും തോന്നത്തക്കവിധം ഇരുന്ന അയാളുടെ മുടിയിൽ പിടിച്ചുവലിച്ചുകൊണ്ടു് അവൾ വീണ്ടും അലറി:

"പറഞ്ഞതു കേട്ടില്ലേ!"

അതൊരു ബഹളമായി മാറിക്കഴിഞ്ഞിരുന്നു. അർത്ഥമറിയാത്തവർ ഇടപെട്ടു്, അവരെ പിടിച്ചു മാററി. പക്ഷേ അവളുടെ അരിശം മാഞ്ഞില്ല. അവൾ അയാളെ സഭ്യത തീണ്ടാത്ത വാക്കുകൾ കൊണ്ടഭിഷേകംചെയ്തു.

അയാൾ തന്റെ കടമ പാലിക്കുന്നില്ലെന്നാണു് അവൾ പരാതിപ്പെടുന്നതു്. വിചിത്രമായ ഒരു ശാഠ്യത്തോടെ നാക്കിട്ടടിക്കുന്ന അവളോടുള്ള അനുകമ്പകൊണ്ടു് ഏവരുടെയും മിഴികൾ നിറഞ്ഞുവിതുമ്പി. പകപ്രതീക്ഷിക്കുന്നിടത്തുനിന്നും സഹാനുഭൂതിനിറഞ്ഞ നോട്ടങ്ങൾ ഉതിരുന്നതു് അവളുടെ അരിശത്തിനതിരില്ലാതാക്കി.

ചന്ദ്രൻ പരക്കം പായുകയാണു്. അയാൾക്കു സ്വൈരതയില്ല. സമാധാനമില്ല. രജനിയുടെ അടിപതറിയ മനസ്സു് അയാളെ ഭ്രാന്തനാക്കുകയാണു്. ആ ഭ്രാന്തിനിടയിൽതന്നെ അയാളുടെ ചിന്തയിൻ പലതും മിന്നിമറയും—അവൾ ഒരു കൊലചെയ്തു. അതു തനിക്കുവേ

ണ്ടിയാണ്, തനിക്കവകാശപ്പെട്ട അവളുടെ വിശുദ്ധി മററൊരാൾക്കു അടിയറവയ്ക്കാൻ കഴിവില്ലാഞ്ഞിട്ടാണ്. ഉന്മാദമഗ്നമായ ഹൃദയം അവളെ ഒരു തെററിലേക്കു വലിച്ചിറക്കി. പക്ഷേ അതിൽമുങ്ങി ശ്വാസംമുട്ടുന്ന വേളയിലാണെങ്കിലും അവൾ തന്നെ ഓർത്തു.

അവളെ രക്ഷിക്കാൻ താൻ സ്വീകരിച്ച മാർഗ്ഗം തെററായിപ്പോയി എന്നയാൾക്കു തോന്നി. അവളുടെ തെററു താൻ ഒളിക്കരുതായിരുന്നു. അതു സ്വയം ഏററെടുത്തു വിധിയെ നേരിട്ടിരുന്നെങ്കിൽ അവൾ എന്നും കണ്ണീരോടെ തന്നെ കാത്തിരിക്കുമായിരുന്നു. ക്രൂരമായ അനുഭവങ്ങളെക്കാൾ, ഭ്രാന്തുപിടിപ്പിക്കുന്ന സുരക്ഷിതത്വത്തെക്കാൾ, പ്രതീക്ഷാനിർഭരമായ തീവ്രവേദനകൾ മധുരമായിരിക്കുമായിരുന്നു.

സ്വന്തം തെററിനെക്കാൾ വലുതായി അവൾ തൻെറ ക്രൂരതയെ കാണുന്നുണ്ടെന്നും ചന്ദ്രൻ തോന്നി.

അവൾ ക്രൂരത കാട്ടിയതു പ്രതിരോധത്തിനു കഴിവുള്ള ഒരു മനുഷ്യനോടാണ്. പക്ഷേ താൻ വെറുമൊരു ജഡത്തോടു മൃഗീയമായി പെരുമാറി. ആ ജഡം പരമാണുക്കളായി ചിതറി തെറിച്ചതു് എത്ര ക്രൂരമായ ആനന്ദത്തോടെയാണു് താൻ നോക്കിനിന്നതു്! ഒരു പാമ്പിൻെറ ശവമായിരുന്നാൽ കൂടി അങ്ങിനെ ചെയ്യരുതായിരുന്നു.

ഇപ്പോൾ പശ്ചാത്തപിക്കാൻകൂടി കഴിയുന്നില്ല. അവളെ ലഭിച്ചതു് ആ സംഭവത്തിൽ കൂടിയാണു്. ആത്മാർത്ഥമായ പശ്ചാത്താപത്തിനു് ആ നേട്ടം വിലങ്ങുതടിയാകുന്നു.

രജനി അയാളെ സ്വീകരിച്ചിരുന്നെങ്കിലോ? എങ്കിലും ഇതുപോലെയൊക്കെതന്നെ സംഭവിക്കുമായിരുന്നില്ലേ?

ചിന്തയുടെ മുന്നിൽ ഉറച്ചുനില്ക്കുന്ന അടഞ്ഞ വാതിലുകളിൽ ശിരസ്സിട്ടടിച്ചിട്ടു് അയാളുടെ ആത്മാവു് കൂടുതൽ പരവശമായി. ചതഞ്ഞ ആത്മാവു് അനന്തനിമിഷം വേദനകൊണ്ടു പുളയുന്നു, ദാഹിക്കുന്നു.

അവളെ കാണാതിരിക്കാൻ അയാൾ കൊതിച്ചു. അവളുടെ കരങ്ങൾ, നടുനിശയിൽ, പ്രകാശം നിറഞ്ഞ അറയിലേക്കു പ്രതീക്ഷകൊണ്ടു ഇടറുന്ന പാദങ്ങളോടെ കടന്നുചെന്നപ്പോൾ തൻെറ നേരെ നീട്ടപ്പെട്ട ചോരപുരണ്ട കരങ്ങളാണു് ഓർമ്മയിൽ വരുത്തുന്നതു്. പിന്നെ തന്റെ ക്രൂരതകളുടെ ചിത്രങ്ങളും. എല്ലാവരും പറയുന്നതുപോലെ തനിക്കെപ്പോഴും ഭ്രാന്തായിരുന്നെങ്കിൽ!

ഇപ്പോൾ ഉള്ള ഭ്രാന്തു് തൻെറ അവസ്ഥയിൽ എത്ര പരിമിതമാണു്!

ആ മാനസികക്ഷോഭം അസഹ്യമാകുമ്പോൾ അയാൾ എങ്ങോട്ടെന്നില്ലാതെ പായും. കാലുകൾ കുഴയുന്നി

ടത്തു് അയാൾ വീഴും—പക്ഷേ എങ്ങിനെയായാലും ബോധം വീണ്ടുണരുന്നതു് ആ റയിൽപ്പാളത്തിൽ നിന്നായിരിക്കും. അവിടെ എത്തിയാൽ തനിക്കൊരിക്കലും സഹിക്കാനാവാത്ത സ്വബോധം അയാളെ ശല്യപ്പെടുത്തും. കഴിഞ്ഞുപോയ രംഗങ്ങളിൽ ഓരോന്നും അയാളുടെമുന്നിൽ തെളിഞ്ഞുവരും. അവിടെനിന്നു വലിഞ്ഞിഴഞ്ഞു മാറിക്കിടന്നു് ഓരോ വണ്ടിയും കടന്നുപോകുമ്പോൾ ആ പാളങ്ങളിൽ നിന്നുയരുന്ന ശബ്ദം അയാൾ ശ്രദ്ധിക്കും. ഉരുക്കുപാളങ്ങൾ വലിച്ചുകീറിക്കൊണ്ടെന്നവിധമുള്ള ശബ്ദം തന്റെ ഞരമ്പുകളെ പിച്ചിച്ചീന്തുന്നതായി അയാൾക്കനുഭവപ്പെട്ടിട്ടുണ്ടു്.

ആ റയിൽപ്പാളത്തിനടുത്തുള്ള ഓരോ മണൽത്തരിയും പ്രതികാരവാഞ്ഛയോടെ ജ്വലിക്കുകയാണു്. ഓരോ അണുവിലും അയാൾ കണ്ണീരു തൂകിയിട്ടുണ്ടു്, അവയെല്ലാം അയാളുടെ ആത്മാവിന്റെ രോദനങ്ങൾ ശ്രവിച്ചിട്ടുണ്ടു്. പക്ഷെ വിട്ടുവീഴ്ചയില്ലാത്ത അരിശവുമായി അവ നിന്നു തിളങ്ങുന്നു.

ആ ഉരുക്കുപാളത്തിൽ തന്റെ രക്തം ഒഴുക്കി പ്രായശ്ചിത്തം ചെയ്യാൻ അയാൾ അങ്ങേഅററം കൊതിച്ചു. സ്വയം അതിനു സന്നദ്ധമാക്കി അയാൾ അവിടെ ചെന്നുകിടന്നിട്ടുമുണ്ടു്. പക്ഷെ അവസാനനിമിഷത്തിൽ തന്റെ ശരീരം തുണ്ടുകളായി കിടന്നുപിടയ്ക്കുന്നതു മുന്നിൽ കാണുന്ന പ്രതീതികൊണ്ടു് ഭീരുവായി അയാൾ എഴുന്നേ

ററോടിയിരുന്നു. അവിടെനിന്നും അയാൾ പാഠത്തുചെല്ലുന്നതു് അവളുടെ അടുത്തേക്കാണു്.

അത്തരം ഒരു വേളയിൽ നല്ല സ്വബോധത്തോടെയെന്നവിധം രജനി ചോദിച്ചു:

"നിങ്ങൾക്കു മരിക്കാൻ കഴിഞ്ഞില്ലേ?"

"നീകൂടി ഇല്ലാതെ—"

"ഭീരു!" അവൾ ക്രൂരമായ് സഹതാപം നിറഞ്ഞ സ്വരത്തിൽ മന്ത്രിച്ചു.

"അതേ!" അയാൾ തന്നോടുതന്നെയെന്നവിധം ഉരുവിട്ടു.

"ഞാൻ സഹായിക്കാം". അവൾ പൈശാചികമായ മന്ദഹാസത്തോടെ പറഞ്ഞു.

അപ്രതീക്ഷിതമായുണ്ടായ ആ സഹായവാഗ്ദാനം കേട്ടു് അയാൾ ഒന്നു ഞെട്ടി. പകച്ചു നോക്കി നില്ക്കുന്ന അയാളെ പരിഹാസനിർഭരമായ മിഴികൾകൊണ്ടു ബന്ധിച്ചുനിറുത്തി, അവൾ പറഞ്ഞു:

"ഇങ്ങടുത്തുവരു!"

മുന്നോട്ടുനീങ്ങാൻ അയാൾക്കു ധൈര്യംപോരായിരുന്നു. എങ്കിലും ഒരു മാന്ത്രികശക്തിയാൽ ആവാഹിക്കപ്പെട്ടപോലെ അയാളുടെ പാദങ്ങൾ ചലിച്ചു.

തുറിച്ചുനിന്നിട്ടും ഒന്നും കാണാത്ത അയാളുടെ മിഴികൾക്കു മുന്നിൽ ഒരു മിന്നൽപിണരുണ്ടായി. പെട്ടെന്ന് ഏഴുവർഷം പിറകോട്ടു പറന്ന അയാൾ അവളെ ശാസിക്കാൻ അധികാരമുള്ള കാമുകൻെറ സ്വരത്തിൽ അലറി:

"രജനീ!"

തീരെ കൂസലില്ലാത്ത ഭാവത്തിൽ അവൾ ചിരിച്ചു. ആ ചിരി തൻെറ കരളിൽ താഴുന്ന കത്തിയാണെന്ന് അയാൾക്കു തോന്നി.

അയാളുടെ ഭയന്ന മിഴികൾ കണ്ടു് അവൾ പൊട്ടിച്ചിരിച്ചു.

ചന്ദ്രൻെറ മുന്നിൽ മിന്നൽപിണരു സൃഷ്ടിച്ച ആ തിളങ്ങുന്ന കത്തി ചുംബിക്കുന്നതുപോലെ അധരങ്ങളിൽ ചേർത്തുപിടിച്ചുകൊണ്ടു്, അവൾ സ്വപ്നം കാണുന്നതുപോലെ പുഞ്ചിരിച്ചു.

അയാൾ നാവിറങ്ങിയപോലെ നിന്നു. അവളെ വിലക്കാൻ കൊതിക്കുന്ന കരങ്ങൾ, ഇരുവശവുമായി തളർന്നു തൂങ്ങിക്കിടന്നു.

അവൾ പൈശാചികമായി ചിരിച്ചു. ആ ചിരിയിൽ നിറഞ്ഞുനില്ക്കുന്ന പരിഹാസം അയാളുടെ രക്തം കട്ടിയാക്കുന്നുണ്ടായിരുന്നു. വിളറിയ വദനത്തിൽ പൊടിഞ്ഞുവന്ന സ്വേദബിന്ദുക്കൾ കനത്തുകൂടിനിന്നു തിളയ്ക്കുമ്പോൾ അയാൾ ഒന്നു കണ്ണുചിമ്മി.

അയാൾക്കു കാണാൻ കഴിവില്ലാത്ത ആ രംഗം, വിളംബപ്പെടുത്താനുദ്ദേശമില്ലാത്തപോലെ അവൾ ആ കത്തി ഒന്നു വീശി.

അയാൾ കണ്ണുതുറന്നപ്പോൾ ഇമകളിൽ രക്തം തങ്ങിനില്പുണ്ടായിരുന്നു. അതവളുടെ അററുകഴിഞ്ഞ കണ്ഠത്തിൽനിന്നും ചീറിത്തെറിച്ചതാണ്.

ഒരമിട്ടുകുററിയിൽ നിന്നുയരുന്ന മിന്നൽവെടിപോലെ അയാൾ മുന്നോട്ടുകുതിച്ചു.

അവസാനത്തെ ചലനം മാറിയിട്ടില്ലാത്ത അവളെ അയാൾ വാരിഎടുത്തു. ദിഗന്തങ്ങൾ നടുങ്ങുന്ന പൊട്ടിച്ചിരികളോടെ അയാൾ പുറത്തേക്കു പാഞ്ഞിറങ്ങി.

ആ സമയത്ത്, ആർക്കും അയാളെ പിന്തുടരാൻ കഴിഞ്ഞില്ല...

പുലരി ചോരതുപ്പുമ്പോൾ റയിൽപ്പാളം രക്തത്തിൽകുളിച്ചു കാണപ്പെട്ടു. ചുററുമുള്ള മണലിൽ അവരുടെ അവയവങ്ങൾ ചിതറിക്കിടന്നു. ആ പരിസരത്തിലുള്ള പുതുതായി വിടൎന്ന തുമ്പപ്പൂക്കൾ തെററിപ്പൂവിൻെറ വേഷം ധരിച്ചുനിന്നു വിറച്ചു.

---

No: 11026

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No...MF.3...... Acc. No.11828......

This book should be returned on or before the date last stamped below.

24 MAY 1984

3 NOV 1984

31 AUG 1985

13 AUG 1988

30 JUL 1989

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF3 11026

കൃഷ്ണപിള്ള. ടി. എൻ

കനൽക്കാടുകൾ